# ദി ഡിഫെൻഡർ

Vol. No. 14 Issue No. 11 RNI Reg. No. 68089 / 97 Published From Perumbavoor 2011 June 1 Price: Rs.100/- P.A.

## 2011 മെയ് 21

# ലോകം അവസാനിച്ചില്ല



മെയ് 21 വന്നു, പോയി. പക്ഷേ ലോകം അവസാനിച്ചില്ല. ഹാരോൾഡ് കാമ്പിങ്ങിന്റെ വാക്കു വിശ്വസിച്ച് കാത്തിരുന്നവർ ഇളിഭ്യരായി. മെയ് 21ന് വലിയ ഭൂകമ്പമുണ്ടാകുമെന്നും ആ സംഭവത്തോടെ ലോകാവസാനത്തിനു തുടക്കമാകുമെന്നും മറ്റും ഇദ്ദേഹം പറഞ്ഞിരുന്നു. എന്നാൽ മെയ് 21ന് ഭൂകമ്പമുണ്ടായില്ലെന്നു മാത്രമല്ല എടുത്തു പറയത്തക്ക സംഭവങ്ങളൊന്നും ഉണ്ടായില്ല. ആറു മാസം കൂടി കഴിഞ്ഞ് തീർച്ചയായും ലോകം അവസാനിക്കും എന്നാണു കാമ്പിങ്ങ് ഇപ്പോൾ പറയുന്നത്. തന്റെ കണക്കുകൂട്ടലിൽ നേരിയ പിഴവുണ്ടായെന്നും കൃത്യമായി തീയതി മെയ് 21 അല്ല ഒക്ടോബർ 21 ആണെന്നും കാമ്പിങ്ങ് പറയുന്നു. ഇതു വിശ്വസിക്കാനും ആളുണ്ടാകുമെന്നു തീർച്ച. ഒക്ടോബർ 21 കഴിയുമ്പോൾ പുതിയ ഒരു തീയതി പ്രഖ്യാപിക്കുകയോ മറ്റെന്തെങ്കിലും വ്യാഖ്യാനം നൽകുകയോ ചെയ്യും.

ലോകാവസാനം പ്രവചിക്കപ്പെടുന്നത് ആദ്യമായല്ല. ഇത്തരം പ്രവചനങ്ങളിൽ വിശ്വസിക്കുന്നവർ നിരാശരാകുന്നതും ആദ്യമായല്ല. ലോകമെമ്പാടും ഇത്തരം സംഭവങ്ങളുണ്ടാകാറുണ്ട്. അവയിൽ ചിലതു മാത്രമേ ഇത്ര കുപ്രസിദ്ധി നേടാറുള്ളൂ എന്നു മാത്രം. 1844ൽ കർത്താവു വരും എന്നു കണക്കുകൂട്ടി കണ്ടുപിടിച്ചവരുടെ പിൻതുടർച്ചക്കാരാണ് ഇന്നത്തെ ശാബതുകാർ. പ്രതീക്ഷിച്ചതുപോലെ നടക്കാതായപ്പോൾ അവർ പുതിയ വ്യാഖ്യാനമിറക്കി. കർത്താവു വന്നതു ഭൂമിയിലേക്കല്ല സ്വർഗ്ഗത്തിലെ വിശുദ്ധ മന്ദിരത്തിലേക്കാണെന്ന് അവർ വ്യാഖ്യാനിച്ചു. സ്വർഗ്ഗത്തിൽ ഇങ്ങനെയൊരു സംഭവം നടന്നില്ലെന്ന് ആർക്കും തെളിയിക്കാൻ പറ്റില്ലല്ലോ. കൂടാരപ്പള്ളിൽ തൊമ്മച്ചന്റെ പ്രവചനം വിശ്വസിച്ച് കർത്താവിനായി കാത്തിരുന്ന വിദ്വാൻ കുട്ടിയും കൂട്ടരും പുലിവാലു പിടിച്ച കഥ കുപ്രസിദ്ധമാണല്ലോ. ഒടുവിൽ വിദ്വാൻകുട്ടി ഒരു പുതിയ മതം തന്നെ ഉണ്ടാക്കി. 1914ൽ കർത്താവു വരുമെന്നു കരുതി കാത്തിരുന്നവരാണ് യഹോവാ സാക്ഷികൾ. പക്ഷേ കർത്താവു വന്നില്ല. എങ്കിലും കർത്താവു രഹസ്യമായി വന്നെന്നും കള്ളനെപ്പോലെ വന്നതുകൊണ്ട് ആരും കണ്ടില്ലെന്നും ഇവർ ഇപ്പോൾ വ്യാഖ്യാനിക്കുന്നു.

എ.ഡി. 2000 തികയുന്നതിനു മുമ്പ് കർത്താവു വരും എന്നു കരുതിയിരുന്നവർ ഏറെയുണ്ട്. 'രണ്ടായിരം തികയ്ക്കുകയില്ല' എന്നു കർത്താവു പറഞ്ഞിട്ടുണ്ട് എന്നുപോലു ഇത്തരക്കാർ പ്രചരിപ്പിച്ചിരുന്നു.

2020ൽ ഇന്ത്യ ക്രിസ്ത്യൻ രാഷ്ട്രമാകും എന്ന് ആജ്ഞലിക്ക പ്രവചിച്ചതു വിശ്വസിച്ചു കാത്തിരിക്കയാണ് പി.ആർ.ബേബിയും കൂട്ടരും. വിവരദോഷിയായ ടി.ജെ. ശാമുവലും ഈ വിഡ്ഢിത്തം പ്രചരിപ്പിക്കുന്നു. ഇയാൾ എ.ജിയുടെ പ്രധാന നേതാക്കൻമാരിൽ ഒരാളാണെന്നതു പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. ഭോഷ്ക്കിന്റെ ആത്മാവു ബാധിച്ചവർ എത്ര വലിയ കള്ളവും പറയും. വിവരംകെട്ടവർ അതെല്ലാം വിശ്വസിക്കും. പക്ഷേ ദൈവവചനത്തിൽ ആശ്രയിക്കുന്നവർ വഞ്ചിക്കപ്പെടുകയില്ല. കാരണം, കർത്താവിന്റെ വരവിന്റെ നാളും നാഴികയും ദൈവം തന്റെ സ്വന്തം അധികാരത്തിൽ വച്ചിട്ടുള്ള കാര്യമാണെന്നു ദൈവവചനം വ്യക്തമാക്കുന്നുണ്ട്. ദുർവ്യാഖ്യാനം നടത്തി ഈ വസ്തുത തമസ്ക്കരിക്കുന്നവർ കുഴപ്പത്തിലാകാതെ തരമില്ല.

# വൽസൻ പറയുന്നതു കള്ളം: ജോസഫ് താന്നിക്കൽ

വൽസൻ ഏബ്രഹാമിനെതിരെ ജോസഫ് താന്നിക്കൽ വീണ്ടും പ്രതികരിക്കുന്നു. ''ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭാ ജനറൽ പ്രസിഡന്റ് റവ.ഡോ.കെ.സി.ജോണും ജനറൽ സെക്രട്ടറി റവ. ഡോ.വൽസൻ ഏബ്രഹാമും ഐ.പി.സി. മുൻപ്രസിഡന്റ് റവ.റ്റി.എസ്. ഏബ്രഹാമും ജനറൽ കൗൺസിൽ, സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളും ഐ.പി.സി. അംഗങ്ങളും അറിയുന്നതിന്'' എന്ന ആമുഖത്തോടെ പുറത്തിറക്കിയ ലഘുലേഖയിലൂടെയാണ് ജോസഫ് താന്നിക്കൽ വൽസനെതിരെ ആഞ്ഞടിക്കുന്നത്. റിവൈവ് മാസികയുടെ 2011 ഏപ്രിൽ ലക്കത്തിൽ കണ്ട ഒരു പരാമർശമാണ് പ്രശ്നത്തിനു വഴിവച്ചത്.

ഐ.പി.സിയുടെ സീയോൻ കാഹളത്തിനു ബദലായി വൽസൻ 'കാഹളം' എന്നൊരു മാസിക പ്രസിദ്ധീകരിച്ചിരുന്നു. പക്ഷേ നിയമാനുസൃതമുള്ള രജിസ്ട്രേഷൻ കൂടാതെയാണ് ഈ മാസിക പ്രസിദ്ധീകരിക്കുന്നത് എന്നു ചൂണ്ടിക്കാട്ടി റ്റി.എസ്.ബാലൻ സർക്കാരിനു പരാതി നൽകിയതോടെ വൽസൻ കാഹളം ഊതുന്നതു നിർത്തുകയും റിവൈവ് എന്ന മാസിക തുടങ്ങുകയുമാണുണ്ടായത്. പക്ഷേ ഈ മാസികയല്ല, മാസികയിൽ വന്ന ഒരു പ്രസ്താവനയാണ് ജോസഫ് താന്നിക്കലിനു ദഹിക്കാതെപോയത്. 'ഇന്ത്യാ ബൈബിൾ കോളേജ് ആരംഭിച്ചിട്ട് 81 വർഷമായി' എന്നു വൽസൻ മേല്പടി മാസികയുടെ ഏപ്രിൽ ലക്കത്തിൽ പറയുന്നു. ഈ പ്രസ്താവന ശരിയല്ല എന്നത്രേ താന്നിക്കൽ പറയുന്നത്. പക്ഷേ വൽസൻ പറയുന്ന അനേക കള്ളങ്ങളിൽ ഒന്നു മാത്രമാണിത് എന്ന വസ്തുത താന്നിക്കൽ പറയുന്നുമില്ല.

ഐ.പി.സി സ്ഥാപിച്ചതു കെ.ഇ.ഏബ്രഹാമാണെന്നു വൽസൻ പറയുന്നതു കള്ളമല്ലേ? ഐ.പി.സിയുടെ 87-ാമത് ജനറൽ കൺവൻഷനാണ് ഈ വർഷം നടന്നത് എന്നു സകല ഐ.പി.സിക്കാരും പറയുന്നതും കള്ളമല്ലേ? എന്തിനേറെ, വൽസന്റെ 'ഡോ' പോലും വ്യാജമല്ലേ? കുറച്ചധികം വ്യാജങ്ങളിൽ അധിഷ്ഠിതമാണ് ഐ.പി.സി. ഇതര പെന്തക്കക്കോത് സഭകളും ഏറെക്കുറെ ഇങ്ങനെതന്നെ.

ഐ.പി.സിക്ക് ആരംഭം കുറിച്ചവരിൽ ഒരാൾ മാത്രമാണ് കെ.ഇ.ഏബ്രഹാം. സീയോൻ കാഹളം, ഹെബ്രോൻ ബൈബിൾ കോളേജ് എന്നിവ ഐ.പി.സിയുടെ വകയായിരുന്നു. പക്ഷേ കെ.ഇ.ഏബ്രഹാമാണ് ഐ.പി.സി സ്ഥാപിച്ചതെന്നും സീയോൻ കാഹളം, ഹെബ്രോൻ ബൈബിൾ കോളേജ് എന്നിവ കെ.ഇ.ഏബ്രഹാമിന്റെ സ്വന്തമായിരുന്നു എന്നും റ്റി.എസ്.ഏബ്രഹാം, വൽസൻ തുടങ്ങിയവർ പ്രചരിപ്പിച്ചു. മാത്രമല്ല മാസികയും കോളേജും പിടിച്ചടക്കാൻ ഇവർ ശ്രമിക്കുകയും ചെയ്തു. ഇതിനെതിരെ കെ.എസ്.ജേക്കബ്ബും പി.എം.ജോർജും കോടതിയെ സമീപിക്കുകയും 1994ൽ അനുകൂലമായ വിധി നേടുകയും ചെയ്തു. അങ്ങനെ മാസികയും കോളേജും ഐ.പി.സിക്കു മടക്കി ലഭിച്ചു. അതിനുശേഷമാണ് വൽസൻ ഇന്ത്യാ ബൈബിൾ കോളേജ് തുടങ്ങിയത്. അതുകൊണ്ട് ഇന്ത്യാ ബൈബിൾ കോളേജിന് 17 വർഷത്തെ പഴക്കമേയുള്ളൂ. കോളേജിന്റെ 81-ാം വാർഷികമെന്നു വൽസൻ വെബ്സൈറ്റിൽ പറയുന്നതും കള്ളമാണ്: **http://ibc.ac.in/**

സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും ജോസഫ് താന്നിക്കലിനെ നമ്പാൻ പറ്റില്ല. കെ.പി.കുര്യന്റെ കേസ്സിൽ കോടതിയിൽ മൊഴി കൊടുത്തപ്പോൾ സ്വന്തം പുസ്തകങ്ങളെയെല്ലാം തള്ളിപ്പറഞ്ഞ വീരനാണ് ഇദ്ദേഹം. അതുകൊണ്ട് മേല്പടി ലഘുലേഖ താൻ എഴുതിയതല്ല എന്നുപോലും താന്നിക്കൽ പറഞ്ഞേക്കാം. ഇങ്ങനെയുള്ളവർക്കു ഭോഷ്ക്കിനെതിരെ പോരാടാനുള്ള അവകാശമില്ല.

# അടിസ്ഥാന വേദോപദേശങ്ങൾ പ്രസിദ്ധീകരിച്ചു

'അടിസ്ഥാന വേദോപദേശങ്ങൾ' എന്ന പേരിൽ റ്റി.എസ്.ബാലൻ തയ്യാറാക്കിയ പുസ്തകം വിതരണത്തിനു തയ്യാറായി. 'ഡിഫെൻഡർ വിശ്വസിക്കുന്നു' എന്ന പേരിൽ ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചുവന്ന ലേഖന പരമ്പരയുടെ സമാഹാരമാണ് ഈ പുസ്തകം എന്നു പറയാം. എങ്കിലും ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. കൂടാതെ സംശയങ്ങൾക്കു മറുപടി പറയുകയും ചെയ്തു. ഈ പുസ്തകത്തിന്റെ പി.ഡി.എഫ്. പതിപ്പ് ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ നിന്നു സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

അടിസ്ഥാന വേദോപദേശങ്ങൾ എന്ന പേരിനോ ഈ പുസ്തകത്തിലെ വിഷയങ്ങൾക്കോ പുതുമയില്ല. ഇതേ പേരിൽ ചില പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തിരുന്നു. പക്ഷേ ഇപ്പോൾ ഈ പുസ്തകങ്ങളോ അടിസ്ഥാന വേദോപദേശങ്ങൾ വിവരിക്കുന്ന മറ്റു പുസ്തകങ്ങളോ മാർക്കറ്റിൽ ലഭ്യമല്ല. അതുകൊണ്ടാണ് റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ഇങ്ങനെയൊരു പുസ്തകം പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചത്.

അന്നന്നത്തെ അപ്പത്തിനുള്ള വക കണ്ടെത്താൻ പോലും ബുദ്ധിമുട്ടുന്ന എനിക്കു പുസ്തകം പ്രസിദ്ധീകരിക്കാനുള്ള ചെലവ് താങ്ങാൻ കഴിയുമായിരുന്നില്ല. എങ്കിലും ദൈവത്തിൽ ആശ്രയിച്ച് മുമ്പോട്ടുപോയി. ആവശ്യമായ പണവും മറ്റു സഹായങ്ങളും ദൈവം തന്റെ ദാസൻമാരിലൂടെ പ്രദാനം ചെയ്തു. അങ്ങനെയാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ സാധിച്ചത്. ഈ സംരംഭവുമായി സഹകരിച്ച ഏവർക്കും ദൈവം തക്ക പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സുവിശേഷവത്ക്കരണത്തിനു സഹായകമാകണം എന്ന ഉദ്ദേശ്യത്തോടെയാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്. അതുകൊണ്ട് വില കഴിയുന്നത്ര കുറച്ചിട്ടുണ്ട്. 128 പേജുള്ള ഈ പുസ്തകത്തിന് കേവലം 30 രൂപ മാത്രമാണ് വിലയിട്ടിരിക്കുന്നത്. (പോസ്റ്റേജ് 20 രൂപ.)

പുസ്തകം നേരിൽ വാങ്ങുന്നവർ മുഖവിലയായ 30 രൂപ നൽകിയാൽ മതിയാകും. പക്ഷേ പുസ്തകം രജിസ്റ്റേഡ് പോസ്റ്റിലോ കൊറിയറിലോ ലഭിക്കുവാൻ 20 രൂപകൂടി അയയ്ക്കുക. ഈ പുസ്തകത്തിന്റെ രണ്ടു കോപ്പികൾ 80 രൂപയ്ക്കും അഞ്ചു കോപ്പികൾ 180 രൂപയ്ക്കും പോസ്റ്റിൽ ലഭിക്കുന്നതാണ്. (ഈ പറഞ്ഞതൊക്കെ ഇന്ത്യയിലെ വിലയാണ്.) കൂടുതൽ കോപ്പികൾ ആവശ്യമുള്ളവരും വിദേശത്തുള്ളവരും വിശദ വിവരത്തിന് ഈമെയിൽ അയയ്ക്കുകയോ ഫോൺ വിളിക്കയോ ചെയ്യുക.

തികച്ചും ലളിതമായ ഭാഷയിൽ രചിക്കപ്പെട്ടിരിക്കുന്ന ഈ പുസ്തകം രക്ഷിക്കപ്പെട്ടവർക്കും രക്ഷിക്കപ്പെടാത്തവർക്കും ഒന്നു പോലെ പ്രയോജനം ചെയ്യുന്നതാണ്. അതുകൊണ്ട് കൂടുതൽ കോപ്പികൾ വാങ്ങി ബന്ധുമിത്രാദികൾക്കു സമ്മാനമായി നൽകാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്:
**Email: tsbalan@yahoo.com**
**Phone: 0484-3232356.**

ടൈ കെട്ടാൻ പഠിച്ച രണ്ടു മണിക്കൂറുകൊണ്ട് രണ്ടു പ്രസംഗം പഠിക്കാൻ വയ്യാരുന്നോ മനുഷ്യാ...? ദേ, വണ്ടിക്കൂലിപോലും ഒത്തില്ല........



ദി ഡിഫെൻഡർ

Vol. No.14 Issue No.11 2011 June1

# സത്യം സത്യമായി

വിവാദങ്ങൾക്കു നടുവിൽ മന്ത്രിസഭ രൂപീകരിച്ച് യു.ഡി.എഫ്. ഭരണം തുടങ്ങി. എങ്കിലും ഡെ.സ്പീക്കർ, പാർലമെന്ററി കാര്യമന്ത്രി, ചീഫ് വിപ്പ് തുടങ്ങിയവ കീറാമുട്ടികളായി അവശേഷിക്കുന്നു. അഞ്ചാമതൊരു മന്ത്രിയെ കിട്ടിയേ മതിയാകൂ എന്നു ലീഗ് ശഠിക്കുന്നു. മൂന്നു മന്ത്രിമാർ കൂടിയേ കഴിയൂ എന്നു കേരള കോൺഗ്രസ്സും വാശി പിടിക്കുന്നു. എന്തുചെയ്യും?

സീനിയർ നേതാവായ ജി.കാർത്തികേയന് ഒടുവിൽ സ്പീക്കറുടെ കസേര കൊടുത്തു. കഴിവു തെളിയിച്ച നേതാവാണു വി.ഡി. സതീശൻ. എന്നിട്ടും പരിഗണന ലഭിച്ചില്ല. അദ്ദേഹത്തെ അവഗണിച്ചതു ശരിയായില്ല എന്നു തീർച്ച.

യു.ഡി.എഫിലെ ഏക വനിതയായതു പി.കെ.ജയലക്ഷ്മിയുടെ ഭാഗ്യം. നിനച്ചിരിക്കാതെ മന്ത്രിയായി. ഇനിയുള്ള കാര്യം അത്ര എളുപ്പമല്ല. പരിചയക്കുറവുണ്ടെന്നതു സത്യം. വൈതാളികരും അധികാര ദല്ലാളൻമാരും അടുത്തുകൂടും. അവരുടെ പ്രലോഭനങ്ങളിൽ അകപ്പെടാതെ ഭരിക്കുക എന്നത് അത്ര എളുപ്പമല്ല. പ്രശ്നങ്ങളും വിവാദങ്ങളും കൂടാതെ അഞ്ചു വർഷം തികയ്ക്കാൻ കഴിയട്ടെ. ഏതായാലും ഇത് ഇന്ത്യൻ ജനാധിപത്യത്തിന്റെ വിജയമാണ് എന്നു പറയാതെവയ്യ.

മുരളീധരന്റെ ശനിദശ തീർന്നില്ലെന്നു തോന്നുന്നു. മൂന്നു രൂപയുടെ ഒരു മെമ്പർഷിപ്പല്ലാതെ മറ്റൊന്നും വേണ്ട എന്നു പറഞ്ഞു കുറച്ചധികം കാലം നടന്നതിനുശേഷമാണ് അകത്തു കയറിപ്പറ്റിയത്. വലിയ ബുദ്ധിമുട്ടു കൂടാതെ ജയിക്കാനും കഴിഞ്ഞു. അതോടെ ഒരു മന്ത്രിക്കസേര ഉറപ്പായി എന്നാണു കരുതിയിരുന്നത്. പക്ഷേ കപ്പിനും ചുണ്ടിനും ഇടയിൽ അതു നഷ്ടമായി. സത്യപ്രതിജ്ഞ കാണാൻ പോലും ആരും വിളിച്ചില്ലത്രേ. മൂന്നു രൂപയുടെ മെമ്പർഷിപ്പ് മാത്രം മതിയെന്നു പറഞ്ഞത് ഹൈക്കമാന്റ് ഗൗരവത്തിൽ എടുത്തെന്നു തോന്നുന്നു. ഏതായാലും ഈ സംഭവത്തോടെ ഒരു കാര്യം വ്യക്തമായി. പശുവും ചത്തു, മോരിലെ പുളിയും പോയി എന്നതാണു സ്ഥിതി. ലീഡറുടെ കാലം കഴിഞ്ഞതോടെ ആ ഗ്രൂപ്പിനും നിലനിൽപ്പില്ലാതായി. ഇനി മറ്റു വഴികൾ നോക്കുകയേ നിവൃത്തിയുള്ളൂ.

ഡോക്ടർമാർക്കു സന്തോഷം പകരുന്ന തീരുമാനമാണ് ആരോഗ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്. ചില നിബന്ധനകൾക്കു വിധേയമായി പ്രൈവറ്റ് പ്രാക്ടീസ് അനുവദിക്കുമത്രേ. സകലവിധ നിയന്ത്രണങ്ങളും ഉണ്ടായിരുന്നിട്ടും പ്രൈവറ്റ് പ്രാക്ടീസ് പൊടിപൂരമായി നടത്തിയവർക്ക് നിബന്ധനയ്ക്കു വിധേയമായിട്ടാണെങ്കിലും അനുവാദം കിട്ടിയാലുള്ള സ്ഥിതി പറയേണ്ടതില്ല. നഷ്ടം പ്രൈവറ്റ് ആശുപത്രികൾക്കും കുറെ രോഗികൾക്കും മാത്രം.

മദ്യപാനം നിരുത്സാഹപ്പെടുത്താൻ എക്സൈസ് മന്ത്രി തീരുമാനിച്ചു. എങ്ങനെ? ബിവറേജസ് കോർപ്പറേഷൻ പുതിയ വില്പന കേന്ദ്രങ്ങൾ തുറക്കുകയില്ല. പക്ഷേ ബാറുകൾ അനുവദിക്കുന്നതിനു നിയന്ത്രണം ഉണ്ടായിരിക്കുകയില്ല. അതുകൊണ്ടെന്താ ഫലം? നിലവിലുള്ള കടകളിലെ ക്യൂ ചെറുതാകുകയില്ല എന്നുമാത്രം. അഥവാ, ക്യൂ നിൽക്കാൻ മടിയാണെങ്കിൽ ബാറിലേക്കു കയറുക. ഒരു നിയന്ത്രണവുമില്ലാതെ ബാർ അനുവദിക്കുന്നതിനാൽ ബാർ തപ്പി ഏറെ അലയേണ്ടതായി വരികയുമില്ല.

മദ്യപാനം കുറയ്ക്കാനെന്ന വ്യാജേന കുറെക്കാലം മുമ്പ് യു.ഡി.എഫ് സർക്കാർ ചാരായം നിരോധിച്ചു. അതുകൊണ്ട് എന്തുണ്ടായി? മദ്യപാനം കുറഞ്ഞോ? നഹി. കൂടിയൻ ബാറിൽ കയറി കുടിച്ചു. ചാരായം കുടിക്കാൻ ചെലവാക്കിയിരുന്നതിന്റെ അഞ്ചും പത്തും മടങ്ങായി ചെലവ്. കുടിയൻമാരുടെ കുടുംബം അരപ്പട്ടിണിയിൽ നിന്നു മുഴുപ്പട്ടിണിയിലായി. ഇപ്പോഴത്തെ പരിഷ്ക്കാരവും ഇതുപോലെതന്നെ.

പതിവുപോലെ ഇക്കോല്ലവും പാഠപുസ്തകം വിവാദമായിരിക്കയാണ്. മദ്ധ്യകാലഘട്ടത്തിലെ ചരിത്രവുമായി ബന്ധപ്പെട്ടാണ് ഇത്തവണ വിവാദമുണ്ടായിരിക്കുന്നത്. പുസ്തകത്തിലെ ചില പരാമർശങ്ങൾ കത്തോലിക്കാസഭയ്ക്ക് അപമാനകരമാണത്രേ. സംഭവം മദ്ധ്യകാലഘട്ടവുമായി ബന്ധപ്പെട്ടായതുകൊണ്ട് ഒരു സന്ദേഹം: വിഷയം വിവാദമാക്കണോ? മദ്ധ്യകാലഘട്ടത്തിൽ നടന്നതിൽ പലതും പുറത്തു പറയാൻ കൊള്ളാത്ത കാര്യങ്ങളാണല്ലോ. ആ ചരിത്രമൊക്കെ അറിയാവുന്നവർ കുറച്ചേയുള്ളൂ. സംഗതി വിവാദമാക്കിയാൽ ചരിത്രകാരൻമാർ കഥ പറയും. വെളുക്കാൻ തേച്ചതു പാണ്ടായി എന്ന സ്ഥിതിയാകും ഇതുമൂലം ഉണ്ടാകുക. അതുകൊണ്ട് 'എഴുതിയതെഴുതി' എന്നു തീരുമാനിക്കുകയല്ലേ ബുദ്ധി?

## മായ, മായ, സകലതും മായ

'ഹാ, മായ, മായ, സകലതും മായയത്രേ' എന്നു സഭാപ്രസംഗി പരിതപിച്ചു. 'സൂര്യനു കീഴെ നടക്കുന്ന സകല പ്രവൃത്തികളും ഞാൻ കണ്ടിട്ടുണ്ട്; അവയൊക്കെയും മായയും വൃഥാപ്രയത്നവും അത്രേ' എന്നാണു സഭാപ്രസംഗി കണ്ടെത്തിയത്. പെന്തക്കോസ്തിലെ കാര്യവും ഇപ്പോൾ ഏറെക്കുറെ ഇതുതന്നെ. സകലതും മായ, കൃത്യമായി പറഞ്ഞാൽ മായം.

ദൈവകൃപയിൽ നിൽക്കുന്ന സാധാരണക്കാർ ഏറെയുണ്ടെങ്കിലും യഥാർത്ഥ ദൈവദാസൻമാരെ, വിശേഷിച്ചും നേതാക്കൻമാരെ, കാണാനില്ലെന്നായിരിക്കുന്നു. ആത്മീയത കച്ചവടച്ചരക്കാക്കുന്നവരാണ് ഭൂരിപക്ഷം. പണം, പ്രതാപം, അധികാരം തുടങ്ങിയതൊക്കെ നേടാനായി നേതാക്കൻമാർ പരക്കം പായുകയാണ്. ഇതൊക്കെ നേടുകയാണ് ഇവരുടെ ജീവിതലക്ഷ്യം എന്ന ഭാവത്തിലാണ് ഓട്ടം.

കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ എത്ര നേതാക്കൻമാർ ഉപദേശസത്യങ്ങൾ ഘോഷിക്കുന്ന പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്? കുറഞ്ഞപക്ഷം ഒരു ലേഖനമെങ്കിലും ഇവർ എഴുതിയോ? എല്ലാവർക്കും എഴുതാൻ കഴിവുണ്ടോ എന്നു ചോദിക്കുന്നവരുണ്ടാകാം. കുറഞ്ഞപക്ഷം ഇവർക്കു ദുരുപദേശങ്ങൾക്കെതിരെ പ്രസംഗിക്കയെങ്കിലും ചെയ്യാമല്ലോ. എന്തുകൊണ്ട് ഇവർ തിൻമയ്ക്കെതിരെ പോരാടുന്നില്ല. പ്രധാനമായി രണ്ടു കാരണങ്ങളുണ്ട്: തിൻമയ്ക്കെതിരെ പോരാടാൻ ശ്രമിക്കുമ്പോൾ 'വൈദ്യാ, നിന്നെത്തന്നെ സൗഖ്യമാക്കുക' എന്ന് ആരോ പറയുന്നതുപോലെ ഇവർക്കു തോന്നുന്നു. ഇത്തരം പ്രശ്നങ്ങളില്ലാത്ത ചിലരുണ്ട്. എങ്കിലും അവർ സാത്താനെപ്പോലും പിണക്കാൻ തയ്യാറുമല്ല.

പാസ്റ്റർമാരായ കെ.ഇ.ഏബ്രഹാം, റ്റി.ജി.ഉമ്മൻ തുടങ്ങിയ ആദ്യകാല നേതാക്കൻമാർ ദുരുപദേശങ്ങൾക്കെതിരെ പോരാടേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയിരുന്നു. പരിശുദ്ധാത്മസ്നാനം, മഹതിയാം ബാബിലോൺ തുടങ്ങിയ പുസ്തകങ്ങൾ നല്ല ഉദാഹരണം. ഒരു പെന്തക്കോസ്ത് സഭയായ സി.പി.എമ്മിനെപ്പോലും പാസ്റ്റർ റ്റി.ജി.ഉമ്മൻ നിശിതമായി വിമർശിച്ചു. എന്തുകൊണ്ട്? തങ്ങൾ എന്താണു വിശ്വസിക്കുന്നത് എന്ന് അവർക്കു നിശ്ചയമുണ്ടായിരുന്നു. തങ്ങളുടെ വിശ്വാസമാണു ശരിയായ വിശ്വാസമെന്ന് അവർ ഉറച്ചു വിശ്വസിക്കുകയും ചെയ്തിരുന്നു. ഇന്നത്തെ നേതാക്കൻമാർക്ക് ഇല്ലാതെപോയത് ഇതാണ്. തങ്ങൾ എന്താണു വിശ്വസിക്കുന്നതെന്ന് ഇവർക്കു നിശ്ചയമില്ല. ഇതൊക്കെ സത്യമാണോ എന്ന് ഉറപ്പുമില്ല. അതുകൊണ്ട് ഉപജീവനത്തിനുള്ള ഒരു വഴി എന്ന നിലയ്ക്ക് ദൈവവേല ചെയ്യുന്നു. ദൈവവേലയുടെ മറവിൽ എല്ലാം നേടുന്നു. തട്ടിപ്പ്, ശുദ്ധ തട്ടിപ്പ്.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

മനുഷ്യർ കാണേണ്ടതിന് നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിക്കുവാൻ സൂക്ഷിക്കുവിൻ; അല്ലാതിരുന്നാൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്ക് പ്രതിഫലമില്ല. ആകയാൽ ഭിക്ഷകൊടുക്കുമ്പോൾ മനുഷ്യരാൽ മാനം ലഭിക്കുവാൻ പള്ളികളിലും വീഥികളിലും കപടഭക്തിക്കാർ ചെയ്യുന്നതുപോലെ നിന്റെ മുമ്പിൽ കാഹളം ഊതിക്കരുത്; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. നീയോ ഭിക്ഷ കൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ടതിന് വലംകൈ ചെയ്യുന്നത് എന്ത് എന്ന് ഇടംകൈ അറിയരുത്. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും. (മത്താ.6:1-4)

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**tsbalan.org tsbalan.net**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**വാർഷിക വരിസംഖ്യ**

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., എറണാകുളം.

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

**ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?**

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542

ഫോൺ: **0484-3232356. Mob: 9645077483**

**Local Calls from USA & Canada: (972)-213-1404**

# ലൂയീസ്കുട്ടി ഇനി മത്തങ്ങാപ്പത്രത്തിൽ എഴുതിയാൽ മതി



ലൂയീസ്കുട്ടിയുടെ ലേഖനങ്ങൾ മത്തങ്ങയുടെ പത്രത്തിൽ വരുന്നത് ലൂയീസ്കുട്ടിയുടെ അറിവോടും സമ്മതത്തോടും കൂടിയാണെന്ന് സംശയാതീതമായി തെളിഞ്ഞിരിക്കുന്നു. ലൂയീസ്കുട്ടി മത്തങ്ങയ്ക്കു പണം കൊടുത്തതായും അറിയാൻ കഴിഞ്ഞു. സ്വന്തം ഫോട്ടോ പത്രത്തിൽ അടിച്ചുകാണാനുള്ള കൊതി മൂലമാണ് ഈ മാന്യൻ ഇത്ര തരംതാണതെന്ന് ഇതോടെ വ്യക്തമായി.

വിദ്യാഭ്യാസവും വിവരവുമുള്ള വ്യക്തിയെന്ന നിലയ്ക്കു ഡിഫെൻഡറിന് ലൂയീസ്കുട്ടിയോടും ബഹുമാനമുണ്ടായിരുന്നു. അതുകൊണ്ടാണ് കഴിഞ്ഞ കാലങ്ങളിൽ ഇദ്ദേഹത്തിനെതിരെ ഒരു വാക്കു പോലും ഡിഫെൻഡർ എഴുതാതിരുന്നത്. നാം കരുതുന്നത്ര മാന്യനൊന്നുമല്ല ലൂയീസ്കുട്ടിയെന്നും മാന്യന്റെ ഭാവത്തിൽ നടക്കുന്ന വ്യാജനാണ് ഇയാളെന്നും നിരവധി ആളുകൾ ഡിഫെൻഡറിനെ അറിയിച്ചിരുന്നു. പക്ഷേ വ്യക്തിവൈരാഗ്യം മൂലമോ മറ്റു കാരണങ്ങളാലോ അവർ വ്യാജവർത്തമാനം പരത്തുകയാണ് എന്നത്രേ ഡിഫെൻഡർ കരുതിയത്.

പ്രതീക്ഷിച്ചത്ര മാന്യനല്ല ലൂയീസ്കുട്ടി എന്ന് ഇതാ തെളിഞ്ഞിരിക്കുന്നു. മത്തങ്ങയുമായി കൂട്ടുകൂടുന്ന നിലവാരത്തിലുള്ള ആളാണ് ഇദ്ദേഹമെങ്കിൽ വ്യാജനാകാതെ തരമില്ല. അതുകൊണ്ട് വീണ്ടും ജനനം പ്രാപിച്ച ദൈവമക്കൾ സൂക്ഷിക്കുക. ഇയാളുമായുള്ള എല്ലാ ബന്ധങ്ങളും ഉപേക്ഷിക്കുക. മത്തങ്ങയുടെ നിലവാരത്തിലുള്ളവർ ഒഴികെയുള്ള പെന്തക്കോസ്ത് പത്രാധിപൻമാർ ലൂയീസ്കുട്ടിയുടെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നത് ഒഴിവാക്കണം.

# പുല്ലാടുകാരൻ സഭാരത്നമായി

പണം കൊടുത്താൽ ആരെയും ക്രൈസ്തവരത്നമായി പ്രഖ്യാപിക്കുന്ന ഒരു പരിപാടി മോഷണായിക്കുണ്ടായിരുന്നു. ഇപ്പോഴിതാ ശ്രീമാൻ മത്തങ്ങ അവർകൾ സമാനമായ മറ്റൊരു പരിപാടി തുടങ്ങിയിരിക്കുന്നു. പുല്ലാടുകാരനായ ഒരാളെ മത്തങ്ങ ഈയിടെ സഭാരത്നമായി പ്രഖ്യാപിച്ചു. കൂടാതെ, 150 രൂപ വിലയുള്ള ഒരു ട്രോഫി കൊടുക്കുകയും ചെയ്തു. ഈ മഹാസംഭവത്തിന്റെ ഫോട്ടോ എടുത്ത് ഇയാൾ സകല പത്രങ്ങൾക്കും അയച്ചുകൊടുത്തെങ്കിലും പ്രധാന പെന്തക്കോസ്ത് പത്രങ്ങളൊന്നും ഇതു പ്രസിദ്ധീകരിച്ചില്ല.

തോമസ്കുട്ടിക്കു പണം കൊടുത്തു രത്നമായ പുല്ലാട്ടുകാരൻ ആര് എന്നു നിങ്ങൾ ചോദിച്ചേക്കാം. ആ ചോദ്യത്തിനുള്ള ഉത്തരം ഡിഫെൻഡർ പറയുന്നില്ല. പക്ഷേ അവാർഡ്ദാന മഹാമഹത്തിന്റെ ചിത്രങ്ങൾ സഹിതമുള്ള വാർത്ത മത്തങ്ങയുടെ പത്രത്തിൽ പ്രസിദ്ധീകരിക്കും. അപ്പോൾ വായിച്ചാൽ മതി. അങ്ങനെയൊരു വിഡ്ഢി പുല്ലാട്ടുണ്ട് എന്നുമാത്രം തൽക്കാലം മനസ്സിലാക്കുക. ഏതായാലും ഇവന്റെയൊക്കെ തൊലിക്കട്ടി അപാരം തന്നെ.

## റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ ഇപ്പോൾ യു.എസ്.ബി. ഡ്രൈവിലും




റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ ഇപ്പോൾ യു.എസ്.ബി. ഡ്രൈവിലും ലഭിക്കും. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (100 മണിക്കൂർ), പുതിയനിയമത്തിൽ നിന്ന് നൂറു പ്രസംഗങ്ങൾ (100 മണിക്കൂർ) എന്നിവ (ആകെ 200 മണിക്കൂർ) ഒരു യു.എസ്.ബി. ഡ്രൈവിൽ ലഭിക്കുന്നു. വിലയിൽ മാറ്റമില്ല, അതായത് ഇന്ത്യയിൽ 1800 രൂപ. വിദേശത്ത് 100 ഡോളർ. ഇന്ത്യയിലും വിദേശത്തും പോസ്റ്റേജ് സൗജന്യം. ലൈബ്രറി ഓഫ് തിയോളജിയും (10 സി.ഡികൾ) ഇപ്പോൾ യു.എസ്.ബി ഡ്രൈവിൽ ലഭിക്കുന്നതാണ്. പി.ഡി.എഫ്. ഫോർമാറ്റിൽ അയ്യായിരത്തിലധികം ഇംഗ്ലീഷ് പുസ്തകങ്ങളും ലേഖനങ്ങളും അടങ്ങിയ ഈ സെറ്റിന് 900 രൂപയാണു വില. വിദേശത്ത് 50 ഡോളർ. പോസ്റ്റേജ് സൗജന്യം. പക്ഷേ, 40 സി.ഡികൾ അടങ്ങിയ 'ലൈബ്രറി ഓഫ് തിയോളജി' സി.ഡിയിൽ മാത്രമേ ലഭിക്കൂ.

പ്രത്യേകം ശ്രദ്ധിക്കുക: യു.എസ്.ബിയിലുള്ള പ്രസംഗങ്ങളും മറ്റും കമ്പ്യൂട്ടറിൽ മാത്രമേ ഉപയോഗിക്കാൻ പറ്റൂ. ലാപ്ടോപ് ഇപ്പോൾ നിത്യജീവിതത്തിന്റെ ഭാഗമായതുകൊണ്ട് യു.എസ്.ബി ഡ്രൈവിലുള്ള പ്രസംഗങ്ങളും പുസ്തകങ്ങളും സൗകര്യപ്രദമാകും.

# എണ്ണാമെങ്കിൽ എണ്ണിക്കോ



ആയിരമല്ല, പതിനായിരവുമല്ല...... (തോമസ്കുട്ടിയുടെ കൺവൻഷൻ ഇങ്ങനെ)

ഈ ചിത്രത്തിൽ എന്താണു കാണുന്നത്? മുപ്പതോളം കുട്ടികളും ഇരുപതോളം മുതിർന്നവരും ഇവിടെയുണ്ട്. ഏതോ ഒരു മീറ്റിംഗിൽ പങ്കെടുക്കകയാണിവർ എന്നു തോന്നുന്നു. ഒരു ചങ്ങാതി വീഡിയോ പിടിക്കുന്നുമുണ്ട്. ഇവർ ഒരു കൺവൻഷനിൽ പങ്കെടുക്കുകയാണ് എന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? ഇല്ലെന്നു തീർച്ച. കാരണം, ഒരു സാധാരണ യോഗത്തിൽ പങ്കെടുക്കുന്നത്ര ആളുകൾ പോലും ഇവിടെയില്ല.

പക്ഷേ നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ഇത് ഒരു കൺവൻഷനാണ്. സാക്ഷാൽ ശ്രീമാൻ തോമസ്കുട്ടി അവർകളാണ് ഈ കൺവൻഷൻ നടത്തിയത്. ഈ ചിത്രം ഉൾപ്പെടെ ഒരു ഡസനോളം ഫോട്ടോകൾ ഈ വിദ്വാൻ ഈമെയിൽ വഴിയായി ലോകമെമ്പാടും അയച്ചുകൊടുത്തു. ഈമെയിലിന്റെ സബ്ജക്ട് ഇങ്ങനെ:

Bible convension photo and awrd poto

ഇത് എന്തുതരം ഇംഗ്ലീഷാണ് എന്നു സംശയിക്കുന്നവർ ഫോട്ടോയോടൊപ്പമുള്ള കുറിപ്പു കൂടി വായിക്കൂ:

I am here with sending photos of conventions held on 19th20th and 21st of may 2011 pray for us and our work. convey our best regards to all. may god bless you all.

തോമസ്കുട്ടി മലയാളത്തെ മാത്രമല്ല കൊല ചെയ്യുന്നത് എന്നു ചുരുക്കം.

താൻ വലിയ ഭക്തനാണെന്നും സുവിശേഷീകരണമാണു പ്രധാന പരിപാടിയെന്നും വരുത്തിത്തീർക്കാൻ ഈയിടെയായി തോമസ്കുട്ടി കഠിനശ്രമം നടത്തുകയാണ്. അതിന്റെ ഭാഗമെന്ന നിലയ്ക്ക് ഇയാൾ ചെറുകിട കൺവൻഷനുകൾ നടത്തുന്നുമുണ്ട്. അത്തരത്തിലുള്ള ഒരു കൺവൻഷന്റെ ചിത്രമാണ് മുകളിൽ കാണുന്നത്.

തോമസ്കുട്ടി ഏതു തരക്കാരനാണെന്ന് റാന്നിയിലും പരിസരത്തുമുള്ള ദൈവമക്കൾക്കെല്ലാം അറിയാം. അതുകൊണ്ട് ഈ വിദ്വാൻ കൺവൻഷൻ വച്ചാൽ പ്രസംഗകരെയോ ശ്രോതാക്കളെയോ ലഭിക്കുകയില്ല. റാന്നിയിൽ നിന്ന് കഴിയുന്നത്ര ദൂരെ ചെന്നു കൺവൻഷൻ നടത്തുകയാണ് പരിഹാരം. വിശേഷിച്ചു പണിയൊന്നുമില്ലാതെ ഇരിക്കുന്ന കുറെ പ്രസംഗകർ പുല്ലാട്ടുണ്ട്. അവരിൽ ആരെയെങ്കിലും വിളിച്ച് പ്രസംഗിപ്പിച്ചാണ് ഇയാൾ ഈ പ്രശ്നം പരിഹരിക്കുന്നത്. തോമസ്കുട്ടിയോടൊപ്പം സ്റ്റേജിലിരിക്കാൻ ദൈവദാസൻമാർ തയ്യാറല്ല. അതുകൊണ്ട് ഏതെങ്കിലും രാഷ്ട്രീയക്കാരെ വിളിച്ചു സ്റ്റേജിലിരുത്തും.

ശ്രോതാക്കളെ ലഭിക്കാനുമുണ്ട് തന്ത്രം. ഏതെങ്കിലും കോളനിക്കു സമീപം ചെന്നു കൺവൻഷൻ വയ്ക്കും. കൊട്ടും പാട്ടും കേൾക്കുമ്പോൾ ചിലരൊക്കെ - വിശേഷിച്ചും കുട്ടികൾ - എത്തും. ഈ മഹാസംഭവങ്ങളുടെയെല്ലാം ഫോട്ടോയും വീഡിയോയും എടുക്കും. കൺവൻഷൻ നടത്തിയ വകയിൽ നാലു പുത്തനുണ്ടാക്കണമെങ്കിൽ ഫോട്ടോയും വീഡിയോയും വേണമല്ലോ.

സുവിശേഷത്തെ മൊത്തമായും ചില്ലറയായും വിൽക്കുന്നവർ നിരവധിയുണ്ട്. പക്ഷേ തോമസ്കുട്ടി ഇക്കൂട്ടത്തിലുള്ള ഒരു റെയർ വെറൈറ്റിയാണ്. ഏതായാലും ദൈവമക്കൾ ഇയാളുടെ തട്ടിപ്പിനിരയാകാതെ സൂക്ഷിക്കുക.

# തോമസ്കുട്ടിയുമായി ബന്ധമൊന്നുമില്ലെന്നു വിൽസൻ ജോസഫ്



വചനഘോഷണത്തിന്റെ എഡിറ്ററായ തോമസ്കുട്ടിയുമായി ഒരുതരത്തിലുള്ള ബന്ധവുമില്ലെന്നും വചനഘോഷണത്തിൽ പ്രസിദ്ധീകരിക്കാനായി വാർത്തയോ ലേഖനമോ നൽകിയിട്ടില്ലെന്നും പാസ്റ്റർ വിൽസൻ ജോസഫ് ഡിഫെൻഡറിനെ അറിയിച്ചു. തോമസ്കുട്ടിയുടെ പത്രത്തിൽ വിൽസന്റെ ലേഖനം വന്നതുമായി ബന്ധപ്പെട്ട് ഉണ്ടായ പ്രശ്നത്തിനുള്ള വിശദീകരണം എന്ന നിലയിലാണ് വിൽസൻ ജോസഫ് തന്റെ നിരപരാധിത്വം വെളിപ്പെടുത്തിയത്.

ഐ.പി.സിയുടെ കുമ്പനാട് മേഖല കൺവൻഷനിൽ ക്ഷണിക്കപ്പെടാത്ത അതിഥിയായി തോമസ്കുട്ടി എത്തിയിരുന്നു. കൺവൻഷനു വന്ന ഒരു വ്യക്തി എന്ന നിലയിൽ തോമസ്കുട്ടിയോടു സംസാരിക്കയും ചെയ്തു. പക്ഷേ കൺവൻഷന്റെ വാർത്ത വചനഘോഷണത്തിൽ പ്രസിദ്ധീകരിച്ചതും വിൽസൻ ജോസഫിന്റെ ഫോട്ടോ വച്ചു കുറിപ്പു പ്രസിദ്ധീകരിച്ചതും വിൽസൻ ജോസഫിന്റെ അറിവോ സമ്മതമോ കൂടാതെയാണ്. ഇനി ഇങ്ങനെ ചെയ്യരുതെന്നു തോമസ്കുട്ടിക്കു കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പാസ്റ്റർ വിൽസൻ ജോസഫ് അറിയിച്ചു.

വചനഘോഷണത്തിൽ പ്രധാന പെന്തക്കോസ്ത് നേതാക്കൻമാരെല്ലാം എഴുതുന്നുണ്ടെന്നും ഇതു നിലവാരമുള്ള പത്രമാണെന്നും വരുത്തിത്തീർക്കാൻ തോമസ്കുട്ടി ഇങ്ങനെ പല പ്രമുഖരുടെയും ലേഖനങ്ങൾ ഫോട്ടോ സഹിതം പ്രസിദ്ധീകരിക്കുക പതിവാണ്. ഇതും അത്തരത്തിലുള്ളതായിരുന്നു.

# സഭയും സമുദായവും ഒന്നല്ല

ദൈവമക്കൾ അതീവ ശ്രദ്ധയോടെ പ്രാർത്ഥിക്കേണ്ട വിഷയങ്ങളാണ് ഈ പംക്തിയിൽ വിശദീകരിക്കുന്നത്. ഈ ലക്കത്തിലും അത്തരത്തിലുള്ള ഒരു സുപ്രധാന വിഷയത്തെക്കുറിച്ചാണു പറയാൻ പോകുന്നത്.

മെയ് 20 ലക്കം മരുപ്പച്ചയുടെ ഒന്നാം പേജിൽ കാണുന്ന ഒരു തലക്കെട്ട് ഇങ്ങനെ: ''പെന്തക്കോസ്ത് മുന്നേറ്റം മലങ്കര സഭയ്ക്കു യുവത്വം നൽകി: പി.ജി. മാത്യൂസ്.'' എന്താണ് ഇതിന്റെ അർത്ഥം? കേരളത്തിൽ നിലനിന്നിരുന്ന സഭയ്ക്ക് ആകെ ഒരു കുറവു മാത്രമേ ഉണ്ടായിരുന്നുള്ളൂ: യുവത്വം. പെന്തക്കോസ്ത് മുന്നേറ്റം ഉണ്ടായതോടെ ആ കുറവും പരിഹരിക്കപ്പെട്ടു.

പെന്തക്കോസ്ത് ഉപദേശത്തിന്റെ നിസ്തുലത തമസ്ക്കരിക്കുക, പെന്തക്കോസ്ത് വിശ്വാസികളെ സമുദായങ്ങളുടെ തൊഴുത്തിൽ കൊണ്ടുപോയി കെട്ടുക, ഇതാണ് അച്ചൻകുഞ്ഞ് ഇലന്തൂരിന്റെ അജണ്ട. പെന്തക്കോസ്തുകാരനായി അഭിനയിച്ചു നടക്കുന്ന അച്ചൻകുഞ്ഞ് സാത്താന്റെ ഏജന്റാണ്. ഈ വസ്തുതകളൊക്കെ ഡിഫെൻഡർ പലവട്ടം വിശദീകരിച്ചിട്ടുള്ളതാണ്. എന്നിട്ടും നല്ലൊരു പങ്കു വിശ്വാസികൾക്കും കാര്യത്തിന്റെ ഗൗരവം മനസ്സിലായിട്ടില്ല. അതുകൊണ്ട് അവർ അച്ചൻകുഞ്ഞുമായി ഇണയല്ലാപ്പിണ കൂടുന്നു. പെന്തക്കോസ്ത് വിശ്വാസികളുടെ ഉള്ളിൽ ദുരുപദേശം നിറയ്ക്കാൻ അച്ചൻകുഞ്ഞിനു കഴിയുന്നത് ഈ കാരണത്താലത്രേ.

എന്താണു ദൈവസഭ? വീണ്ടും ജനനം പ്രാപിച്ച ദൈവമക്കളുടെ പ്രാദേശിക കൂട്ടമാണു പ്രാദേശിക സഭ. ലോകമെമ്പാടുമുള്ള ദൈമക്കളുടെ കൂട്ടമാണ് ആകമാനസഭ. അങ്ങനെയെങ്കിൽ കേരളത്തിലെ ദൈവസഭ എന്താണ്? കേരളത്തിലുള്ള ദൈവമക്കളുടെ കൂട്ടമാണു കേരളത്തിലെ ദൈവസഭ. രക്ഷിക്കപ്പെടാത്തവർ ദൈവസഭയിലെ അംഗങ്ങളല്ല.

പ്രാദേശികസഭ എന്നതിനെ സംബന്ധിച്ച് അല്പം ചില കാര്യങ്ങൾ കൂടി വിശദീകരിക്കേണ്ടതുണ്ട്. രക്ഷിക്കപ്പെട്ട ദൈവമക്കളുടെ പ്രാദേശിക കൂട്ടമാണു സ്ഥലംസഭയെങ്കിലും ആരൊക്കെയാണു രക്ഷിക്കപ്പെട്ടവർ എന്നു വിധിക്കാൻ - തിരിച്ചറിയാൻ- ബുദ്ധിമുട്ടാണ്. അതുകൊണ്ട് രക്ഷിക്കപ്പെട്ടു എന്ന് അവകാശപ്പെടുന്നവരെയെല്ലാം രക്ഷിക്കപ്പെട്ടവരായി അംഗീകരിക്കുകയേ നിവൃത്തിയുള്ളൂ.

ദൈവസഭകൾ എന്ന പേരിൽ അറിയപ്പെടുന്ന നിരവധി സംഘടനകളുണ്ട്. ഇവയിൽ ഒരു സംഘടനയും ദൈവസഭയല്ല. കാരണം, രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണു ദൈവസഭ. സംഘടനകളെ സമുദായങ്ങളായി മാത്രമേ പരിഗണിക്കാൻ കഴിയൂ.

സഭകൾ എന്ന പേരിൽ അറിയപ്പെടുന്ന ക്രൈസ്തവ സംഘടനകളെ പ്രധാനമായി രണ്ടു ഗ്രൂപ്പുകളായി തിരിക്കാം. വീണ്ടും ജനനം, വിശ്വാസസ്നാനം തുടങ്ങി രക്ഷയെ ബാധിക്കുന്ന സുപ്രധാന ഉപദേശ സത്യങ്ങൾ അംഗീകരിക്കുകയും സഭാംഗങ്ങളെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്ന ക്രൈസ്തവ സംഘടനകളാണ് ഒരു ഗ്രൂപ്പ്. പ്രധാന പെന്തക്കോസ്ത് സംഘടനകളെല്ലാം ഈ ഗ്രൂപ്പിൽ വരുന്നു. രക്ഷയെ ബാധിക്കുന്ന ദുരുപദേശങ്ങൾ പഠിപ്പിക്കുന്ന സംഘടനകളാണ് ബാക്കിയുള്ളവ. ഈ സംഘടനകളെ സഭകളായി നാം അംഗീകരിക്കുന്നില്ല.

ഇനി വിഷയത്തിലേക്കു വരാം. കേരളത്തിൽ പെന്തക്കോസ്ത് മുന്നേറ്റമുണ്ടാകുന്നതിനു മുമ്പ് 'ദൈവസഭ' എന്ന പേരിന് അർഹതയുള്ള എത്ര കൂടിവരവുകൾ ഇവിടെയുണ്ടായിരുന്നു? അന്നു നിലവിലുണ്ടായിരുന്ന ഏതെങ്കിലും പട്ടത്വ സംഘടന വീണ്ടും ജനനം, വിശ്വാസസ്നാനം തുടങ്ങിയ സുപ്രധാന ഉപദേശ സത്യങ്ങളിൽ വിശ്വസിക്കയും അവ പഠിപ്പിക്കയും ചെയ്തിരുന്നോ? ഇല്ലെന്നു വ്യക്തം. അങ്ങനെയെങ്കിൽ അവയെയൊന്നും ദൈവസഭകളായി നമുക്ക് അംഗീകരിക്കാൻ പറ്റില്ല. പെന്തക്കോസ്ത് മുന്നേറ്റം മൂലം ഈ സംഘടനകൾക്കൊന്നും യുവത്വം ലഭിച്ചതുമില്ല. ഈ സംഘടനകളുടെ വിശ്വാസാചാരങ്ങൾ അന്നും ഇന്നും വചനവിരുദ്ധം തന്നെ.

പിന്നെയുള്ളത് ബ്രദറൺ സഭകളും മറ്റുമാണ്. പെന്തക്കോസ്ത് മുന്നേറ്റമുണ്ടായതു നിമിത്തം ഇവരും വിശ്വാസാചാരങ്ങളിൽ മാറ്റം വരുത്തിയില്ല. പിന്നെ എന്താണു സംഭവിച്ചത്? അന്യമതങ്ങളിൽ നിന്നും പട്ടത്വ സഭകളിൽ നിന്നും കുറെ വ്യക്തികൾ വീണ്ടും ജനനം പ്രാപിച്ചു. അവർ വിശ്വാസസ്നാനം സ്വീകരിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്തു. അങ്ങനെ പെന്തക്കോസ്ത് കൂട്ടായ്മകൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായി. ഇതല്ലേ സത്യം?

ഇതൊന്നും അറിയാത്ത ആളല്ല പി.ജി.മാത്യൂസ്. പക്ഷേ സായിപ്പിനെ കാണുമ്പോൾ കവാത്തു മറക്കുന്ന സ്വഭാവം ഈ ചങ്ങാതിക്കു പണ്ടേയുണ്ട്. യഥാർത്ഥ പി.പി.ഐ തങ്ങളുടേതാണെന്നു തെളിയിക്കാനുള്ള തന്ത്രത്തിന്റെ ഭാഗമായി അച്ചൻകുഞ്ഞും കൂട്ടരും പഴയ പി.പി.ഐയുടെ നേതാവായിരുന്ന പി.ജി.മാത്യൂസിനെ അധ്യക്ഷനാക്കി. അച്ചൻകുഞ്ഞിനെപ്പോലുള്ളവരെ സന്തോഷിപ്പിക്കാൻ ഈ വിദ്വാൻ കുറെ ഭംഗിവാക്കു പറഞ്ഞു. അച്ചൻകുഞ്ഞ് ഈ അവസരം തക്കത്തിൽ വിനിയോഗിച്ചു. സാക്ഷാൽ സാത്താനാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. അതുകൊണ്ട് ദൈവമക്കൾ ശ്രദ്ധയോടെ പ്രാർത്ഥിക്കണം. പി.ജി.മാത്യൂസിനെ സാത്താൻ കുരുക്കി. മറ്റു നേതാക്കൻമാരും വിശ്വാസികളും ഈ കുരുക്കിൽ അകപ്പെടാതിരിക്കാൻ നമുക്കു പ്രാർത്ഥിക്കാം.

# ഡിഫെൻഡർ മറുപടി പറയുന്നു

? ഉപവാസം എന്നതു ദൈവസഭയുടെ ഉപദേശങ്ങളിൽ ഉൾപ്പെട്ടതാണോ? 3, 5, 7, 21, 40 എന്നിങ്ങനെയൊക്കെയുള്ള കണക്കുകൾ വച്ച് ഉപവസിക്കുന്നതിന് അടിസ്ഥാനമുണ്ടോ?

■ ഉപവാസം എന്ന വിഷയത്തെക്കുറിച്ച് ഡിഫെൻഡറിൽ പലവട്ടം എഴുതിയിട്ടുള്ളതാണ്. അതുകൊണ്ട് ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം വളരെ ചുരുക്കി പറയാം.

കർത്താവു കല്പിച്ചിട്ടുണ്ടോ, അപ്പോസ്തലൻമാർ ചെയ്തിട്ടുണ്ടോ, ലേഖനങ്ങളിൽ ഉപദേസമുണ്ടോ എന്നിങ്ങനെ മൂന്നു ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിലൂടെയാണ് ഉപദേശം സ്ഥാപിക്കുന്നത്.

1. ഉപവാസത്തെക്കുറിച്ച് കർത്താവ് എന്തു പറയുന്നു?

കർത്താവായ യേശുക്രിസ്തു ഒരിക്കൽ 40 ദിവസം ഉപവസിച്ചതായി ദൈവവചനത്തിൽ കാണാം. ചില തരത്തിൽപ്പെട്ട ദുരാത്മാക്കളിൽനിന്നുള്ള മോചനത്തിന് ഉപവാസം ആവശ്യമാണെന്ന് കർത്താവു പറയുന്നുണ്ട്. ഗിരിപ്രഭാഷണത്തിൽ കർത്താവ് ഉപവാസത്തിന് അനുകൂലമായ നിലപാടാണു സ്വീകരിച്ചിട്ടുള്ളത്. ഉപവാസത്തിനു വിരുദ്ധമായി കർത്താവ് ഒന്നും പറഞ്ഞതുമില്ല.

ശിഷ്യൻമാർ ഉപവസിച്ചിരുന്നതായി പ്രവൃത്തികളുടെ പുസ്തകത്തിൽ കാണാം. പക്ഷേ ലേഖനങ്ങളിൽ ഉപവാസത്തെപ്പറ്റി ഏറെയൊന്നും പറയുന്നില്ല. അതുകൊണ്ട് ഉപവസിക്കുന്നതു തെറ്റല്ലെന്നു മാത്രമല്ല നല്ലതുമാണ് എന്നു മനസ്സിലാക്കാം. എങ്കിലും ഉപവാസം എന്നതു വിശ്വാസികൾ നിർബ്ബന്ധമായും ചെയ്യേണ്ട കാര്യമല്ല. ഇത് സഭയുടെ അടിസ്ഥാന വേദോപദേശങ്ങളുടെ ഭാഗവുമല്ല. ഉപവാസം എന്ന വിഷയം പ്രധാന പെന്തക്കോസ്ത് സഭകളുടെ അടിസ്ഥാന വേദോപദേശങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താത്തത് ഈ കാരണത്താലത്രേ.

ഉപവാസവുമായി ബന്ധപ്പെട്ട പ്രസംഗങ്ങളിൽ ഭൂരിപക്ഷവും പഴയനിയമത്തെ ആധാരമാക്കിയാണു നടത്തുന്നത്. പുതിയനിയമകാലത്ത് ഉപവാസത്തിന് അത്ര വലിയ പ്രാധാന്യമൊന്നും ഇല്ലായിരുന്നു എന്നതുതന്നെ കാരണം. പക്ഷേ ദൈവസഭയുടെ വിശ്വാസാചാരങ്ങൾ പുതിയ നിയമത്തിലെ ചട്ടങ്ങൾക്ക് അനുസൃതമായിരിക്കണം.

ഒന്നു മുതൽ 40 വരെ ദിവസങ്ങൾ ദൈർഘ്യമുള്ള ഉപവാസങ്ങൾ ഇക്കാലത്തു നടക്കാറുണ്ട്. കർത്താവ് 40 ദിവസം ഉപവസിച്ചു എന്നതു ശരിതന്നെ. പക്ഷേ ശിഷ്യൻമാർ ഉപവസിച്ചെങ്കിലും അവരുടെ ഉപവാസങ്ങളുടെ ദൈർഘ്യം എത്രത്തോളമായിരുന്നു എന്നു ദൈവവചനത്തിൽ പറയുന്നില്ല. അതുകൊണ്ട് ഈ വിഷയത്തെക്കുറിച്ച് കൂടുതലായി ഒന്നും പറയാൻ കഴിയുന്നതല്ല. പഴയനിയമത്തിലെ സംഭവങ്ങൾ വച്ച് ഒരു സിദ്ധാന്തത്തിനു രൂപം കൊടുക്കുന്നതു ശരിയല്ല.

ഉപവാസത്തിന് ചിലർ അമിത പ്രാധാന്യം കൊടുക്കാറുണ്ട്. അതു ശരിയായ നടപടിയല്ല. നിരാഹാരവ്രതമിരുന്ന് ദൈവത്തെ ഭീഷണിപ്പെടുത്തി എന്തെങ്കിലും നേടാമെന്ന് ആരും കരുതേണ്ടതില്ല. കൃപയാൽ വിശ്വാസം മൂലമാണ് രക്ഷ ഉൾപ്പെടെ സകലതും നമുക്കു ലഭിക്കുന്നത് എന്ന വസ്തുത മറക്കാതിരിക്കുക.

ദൈവസന്നിധിയിൽ നമ്മെത്തന്നെ താഴ്ത്തുന്നതിന് ഉപവാസം സഹായകമാകും. പക്ഷേ മനുഷ്യർക്കു വിളങ്ങേണ്ടതിനായി ഉപവസിക്കുന്നവർ ദൈവത്തിൽ നിന്ന് ഒന്നും പ്രാപിക്കുകയില്ല. അതുകൊണ്ട് വ്യക്തിപരമായ ഉപവാസങ്ങൾ രഹസ്യമായി നടത്തുക. മറ്റാരും അറിയരുത്.

കുടുംബമായി ഉപവസിക്കുമ്പോൾ കുടുംബാംഗങ്ങൾ അറിയാതെ തരമില്ല. ഏറ്റവും അടുത്ത ബന്ധുക്കളോ സുഹൃത്തുക്കളോ അറിഞ്ഞെന്നും വരാം. പക്ഷേ മന:പൂർവ്വം കൊട്ടിഘോഷിക്കരുത്. സഭ ഒന്നടങ്കം ഉപവസിക്കുമ്പോൾ സഭയിലെ അംഗങ്ങൾ അറിയും എന്നു തീർച്ച. പുറത്തുള്ള മറ്റു ചിലരും അറിഞ്ഞേക്കാം. പക്ഷേ നോട്ടീസടിച്ചോ ബാനറു കെട്ടിയോ പത്രങ്ങളിൽ പരസ്യം ചെയ്തോ നടത്തുന്ന ഉപവാസം ശുദ്ധ തട്ടിപ്പാണ്. എം.എ.വർഗീസും രവിയും മറ്റും ആണ്ടുതോറും നടത്തുന്ന ഉപവാസങ്ങൾ ഈ വിധത്തിലുള്ള സ്റ്റണ്ടുകളാണ്.

ജീവിതം ക്രമീകരിക്കാതെ നടത്തുന്ന ഉപവാസങ്ങൾ കൊണ്ട് ഒരു ഗുണവും ഉണ്ടാകുകയില്ല. സകല ദുഷ്പ്രവൃത്തികളും ചെയ്യുകയും അതോടൊപ്പം ഉപവസിക്കുകയും ചെയ്യുന്നവർ ദൈവത്തെ പരിഹസിക്കയാണ്. അന്യോന്യം പോരടിച്ചു നിൽക്കുന്ന എം.എ.വർഗീസും രവിയും ഉപവസിക്കുന്നത് വെറും അസംബന്ധനാടകമാണ്. ഭൗതിക നേട്ടങ്ങളുണ്ടാക്കാനുള്ള തന്ത്രങ്ങൾ മാത്രമാണവ.

അതിരു കടന്ന ഉപവാസം ഗുരുതരമായ പ്രശ്നങ്ങൾക്കു കാരണമാകുകയും ചെയ്യും. ദീർഘദിവസങ്ങൾ ഉപവസിച്ചതുമൂലം ഭ്രാന്തുപിടിച്ച നിരവധി സംഭവങ്ങളുണ്ട്. വചനവിരുദ്ധമായ ഉപവാസം ഭൂതബാധയ്ക്കു കാരണമായെന്നും വരാം. ആകയാൽ ദൈവമക്കൾ സൂക്ഷിക്കണം. ഉപവസിക്കുന്നതു തെറ്റല്ല, വചനവിരുദ്ധവുമല്ല. പക്ഷേ ഉപവാസത്തിലല്ല ദൈവകൃപയിലാണ് നാം ആശ്രയിക്കേണ്ടത്.


# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറി ഡിഫെൻഡർ ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നു.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല. ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകങ്ങളിൽ നിന്നു സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. എല്ലാം കൂടി നാലുലക്ഷത്തിൽ അധികം പേജുകൾ. പുസ്തക രൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും. എങ്കിലും 40 സി.ഡികൾ അടങ്ങുന്ന ഒരുസെറ്റ് ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്കു ലഭിക്കും.

# ലൈബ്രറി ഓഫ് തിയോളജി

വേദവിദ്യാർത്ഥികളുടെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ് ഈ സി.ഡികൾ. അതുകൊണ്ടാണ് ലൈബ്രറി ഓഫ് തിയോളജി എന്നു പേരിട്ടിരിക്കുന്നത്. പുസ്തകങ്ങളെ 10 ഇനങ്ങളായി തരം തിരിച്ചിരിക്കുന്നു. 1. പഴയനിയമം. 2. പുതിയനിയമം. 3. തിയോളജി. 4. എത്തിക്സ്. 5. ഹിസ്റ്ററി. 6. റിലീജിയൻസ്. 7. മിനിസ്ട്രി. 8. കൾട്ടും ഒക്കൾട്ടും. 9. ജീവചരിത്രങ്ങളും ആത്മകഥകളും. 10. പലവക. ആയിരക്കണക്കിനു രൂപ വിലവരുന്ന പുസ്തകങ്ങളും അത്യപൂർവ്വ ഗ്രന്ഥങ്ങളും ഈ ഡിജിറ്റൽ ലൈബ്രറിയിലുണ്ട്. ഇതാ ചില സാമ്പിളുകൾ:

ജോസീഫസിന്റെ സമ്പൂർണ്ണ കൃതികൾ, ബൈബിളിലെ ഓരോ പുസ്തകത്തിന്റേയും വ്യാഖ്യാനങ്ങൾ, തൽമൂദുകൾ, ചാവുകടൽ ചുരുളുകൾ, വിവിധ ഡിക്ഷ്ണറികൾ, ഹാനോക്കിന്റെ പുസ്തകം ഉൾപ്പെടെയുള്ള അത്യപൂർവ്വ അപ്പോക്രിഫൽ പുസ്തകങ്ങൾ, പ്രശസ്ത ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ, സോക്രട്ടീസ്-പ്ലേറ്റോ-അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ പുസ്തകങ്ങൾ, അപൂർവ്വ ചരിത്ര പുസ്തകങ്ങൾ, വേദങ്ങൾ, ഖുറാൻ, ത്രിപിടിക, സെന്റ് അവസ്ത, സാത്താനിക് ബൈബിൾ, പ്രാചീന നിഗൂഢ മതങ്ങളെ സംബന്ധിക്കുന്ന പുസ്തകങ്ങൾ, മൊർമോൺ പുസ്തകം, കൾട്ടുകളുടെ ആധികാരിക ഗ്രന്ഥങ്ങൾ, ഒക്കൾട്ടുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങൾ, പ്രശസ്തരുടെ ജീവചരിത്രങ്ങൾ, ആത്മകഥകൾ ..... ദൈവശാസ്ത്രം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥങ്ങൾ ഒഴിവാക്കാനാവില്ല. ആകെ 10 സി.ഡികൾ. വില: 900 രൂപ. പോസ്റ്റേജ് സൗജന്യം.

വീട്ടിൽ ഒരു റഫറൻസ് ലൈബ്രറിക്ക് 1900 രൂപയും ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപയുമാണു വില. (വിദേശത്ത് യഥാക്രമം 80 ഡോളർ, 50 ഡോളർ). എന്നാൽ രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങുന്നവർ 1900+900 =2800ന് പകരം 2500 രൂപ നൽകിയാൽ മതിയാകും. വിദേശത്ത് രണ്ടു സെറ്റുകൾക്കുംകൂടി 100 ഡോളർ മാത്രം. പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ 2500 രൂപയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. പണം അയയ്ക്കാനുള്ള വിലാസവും മറ്റും അവസാന പേജിലുള്ള പരസ്യത്തിലുണ്ട്.

# അദൃശ്യലോകത്തെ അത്ഭുതജീവികൾ

ഭൂതങ്ങൾ എങ്ങനെയുണ്ടായി എന്ന വിഷയമാണ് കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ചത്. ഭൂതങ്ങളുടെ ഉദ്ഭവത്തെക്കുറിച്ച് തിരുവചനത്തിൽ വ്യക്തമായ വിവരണങ്ങളില്ല. അതുകൊണ്ട് ഓരോരുത്തരും തങ്ങൾക്കു ബോധിച്ച വിധത്തിൽ കഥകൾ മെനയുന്നു. നോഹയുടെ കാലത്തു പാപം ചെയ്ത ദൂതൻമാർ (ദൈവപുത്രൻമാർ) ആണു ഭൂതങ്ങൾ എന്നു വിശ്വസിക്കുന്നവരുണ്ട്. അതല്ല മരിച്ചുപോയ മനുഷ്യരുടെ ആത്മാക്കളാണു ഭൂതങ്ങൾ എന്നു കരുതുന്നവരുമുണ്ട്. സാത്താനോടൊപ്പം പാപം ചെയ്ത ദൂതൻമാരാണു ഭൂതങ്ങളെന്നാണു മറ്റൊരു വാദം. ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ മറ്റൊരു സിദ്ധാന്തമാണ് കഴിഞ്ഞ ലക്കത്തിൽ പഠിച്ചത്. ഇവയിൽ ഏതു ശരി, ഏതു തെറ്റ് എന്നു പറയാൻ ബുദ്ധിമുട്ടുണ്ട്. മാത്രമല്ല ഈ കഥകളിൽ ഏതു ശരിയായാലും തെറ്റായാലും അതു നമ്മുടെ ആത്മീയ ജീവിതത്തെ ബാധിക്കുകയുമില്ല. ഭൂതങ്ങളുണ്ട് എന്നതും ഇവർ സാത്താന്റെ ദാസൻമാരാണെന്നതും മാത്രമാണ് പ്രസക്തമായ വസ്തുതകൾ. എങ്കിലും മേല്പറഞ്ഞ സിദ്ധാന്തങ്ങളെക്കുറിച്ച് അല്പംകൂടി വിശദീകരിക്കുന്നത് അനുചിതമാകുകയില്ല എന്നു കരുതുന്നു.

നോഹയുടെ കാലത്ത് ദൈവത്തെ വിട്ടുപോയ ദൈവപുത്രൻമാരാണു ഭൂതങ്ങൾ എന്ന വാദത്തിൽ എത്രത്തോളം കഴമ്പുണ്ട്? ദൈവപുത്രൻമാർ എന്നത് ദൈവദൂതൻമാരാണോ എന്നതിൽപ്പോലും സംശയമുണ്ട്. അദൃശ്യലോകത്തെ അത്ഭുതജീവികൾ എന്ന വിഷയവുമായി ബന്ധമുള്ളതാണ് ഈ വിഷയം. അതുകൊണ്ട് ഉല്പ.6ൽ കാണുന്ന ദൈവപുത്രൻമാർ ആര് എന്ന വിഷയം പഠനവിധേയമാക്കാം.

രാജാക്കൻമാരെ ദൈവമായി പരിഗണിക്കുന്ന രീതി പല ദേശങ്ങളിലുമുണ്ട്. രാജകുമാരൻമാരെ ദൈവത്തിന്റെ മക്കളായും പരിഗണിക്കും. അതുകൊണ്ട് രാജാകുമാരൻമാരെയാണ് ദൈവത്തിന്റെ പുത്രൻമാർ എന്നു വിളിച്ചിരിക്കുന്നത് എന്ന് ഒരു വാദമുണ്ട്. പക്ഷേ ഈ വാദത്തിൽ കഴമ്പുണ്ടെന്നു തോന്നുന്നില്ല. രാജകുമാരൻമാർ സാധാരണക്കാരായ സ്ത്രീകളെ വിവാഹം കഴിക്കുക എന്നതു ലോകമെമ്പാടും നടക്കുന്ന കാര്യമാണ്. അത് അത്ര വലിയ പാപവുമല്ല. പക്ഷേ ഉല്പ.6ൽ ഈ സംഭവം ഗുരുതരമായ ഒരു പ്രശ്നമായാണ് പരാമർശിക്കപ്പെടുന്നത്. മാത്രമല്ല രാജകുമാരൻമാർ ആരെ വിവാഹം കഴിച്ചാലും അവർക്കു ജനിക്കുന്ന കുട്ടികൾ സാധാരണ മനുഷ്യർ തന്നെ ആയിരിക്കും. പക്ഷേ ദൈവപുത്രൻമാർ മനുഷ്യസ്ത്രീകളെ വിവാഹം കഴിച്ചതിന്റെ ഫലമായി 'നെഫിലീം' ഉണ്ടായി എന്നാണ് ഉല്പ.6:4ൽ കാണുന്നത്. 'രാക്ഷസർ' എന്നു തർജ്ജമ ചെയ്യാവുന്ന വാക്കാണിത്. അതുകൊണ്ട് ഇവർ വെറും മല്ലന്മാർ ആയിരുന്നില്ല ശരീരപ്രകൃതികൊണ്ടും വ്യത്യസ്തരായിരുന്നു. ദൈവപുത്രൻമാർ വെറും മനുഷ്യരല്ലെന്ന് ഇതിൽനിന്നു വ്യക്തം.

ദൈവപുത്രൻമാർ ശേത്തിന്റെ മക്കളായിരുന്നു എന്നതാണു മറ്റൊരു വ്യാഖ്യാനം. ഇതിന് ആധാരമായ വാക്യം ഉല്പ. 6:24-25 ആണ്. ''ആദാം തന്റെ ഭാര്യയെ പിന്നെയും പരിഗ്രഹിച്ചു. അവൾ ഒരു മകനെ പ്രസവിച്ചു: കയീൻ കൊന്ന ഹാബെലിനു പകരം ദൈവം എനിക്കു മറ്റൊരു സന്തതിയെ തന്നു എന്നു പറഞ്ഞ് അവനു ശേത്ത് എന്നു പേരിട്ടു. ശേത്തിനും ഒരു മകൻ ജനിച്ചു; അവന് എനോശ് എന്നു പേരിട്ടു. ആ കാലത്ത് യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങി.''

ശേത്തിന്റെ മകനായ എനോശിന്റെ കാലത്ത് യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങി എന്നതിനാൽ ശേത്തിന്റെ സന്തതിപരമ്പരയാണ് ദൈവത്തിന്റെ പുത്രൻമാർ എന്നാണു വ്യാഖ്യാനം. കയീന്റെ മക്കൾ മനുഷ്യന്റെ മക്കളും.

ഇത്തരമൊരു നിലപാടു സ്വീകരിക്കുന്നവർ കുറച്ചധികം ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടതായി വരും.

1. ശേത്തിന്റെ മകനായ എനോശിന്റെ കാലത്ത് യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങി എന്നതുകൊണ്ട് ശേത്തിന്റെ വംശത്തിലുള്ളവർ ദൈവപുത്രൻമാരാണ് എന്നു വരുന്നതെങ്ങനെ? ശേത്തിന്റെ മക്കളെ ദൈവപുത്രൻമാർ എന്നു വിളിക്കുന്ന മറ്റേതെങ്കിലും വേദഭാഗമുണ്ടോ?

2. ലൂക്കോ.3:38ൽ ''എനോശ് ശേത്തിന്റെ മകൻ, ശേത്ത് ആദാമിന്റെ മകൻ, ആദാം ദൈവത്തിന്റെ മകൻ'' എന്നു പറയുന്നതിനാൽ ശേത്തിന്റെ മക്കൾ ദൈവപുത്രൻമാരാണ് എന്നാണു വാദമെങ്കിൽ അതും നിലനിൽക്കില്ല. കാരണം, 36-37 വാക്യങ്ങളിൽ ഈ വിവരണം തുടരുകയാണ്. പറഞ്ഞു പറഞ്ഞ് നോഹയിലും പിന്നീട് ശേമിലും എത്തുന്നുണ്ട്. ഈ വ്യാഖ്യാനം ശരിയാണെങ്കിൽ നോഹയുടെ മക്കളായ ഹാമും യാഫെത്തും ദൈവപുത്രൻമാരല്ലെന്നും ശേം മാത്രമാണു ദൈവപുത്രനെന്നും വരും.

3. കയീന്റെ മക്കൾ മനുഷ്യരും ശേത്തിന്റെ മക്കൾ ദൈവപുത്രൻമാരുമാണെങ്കിൽ ആദത്തിന്റെ മറ്റു മക്കൾ ഏതു ഗ്രൂപ്പിൽ വരും? കയീൻ, ശേത്ത് എന്നിവരെ കൂടാതെ നിരവധി പുത്രൻമാരും പുത്രിമാരും ആദം-ഹവ്വ ദമ്പതികൾക്കു ജനിച്ചിരുന്നല്ലോ. ''ശേത്തിനെ ജനിപ്പിച്ച ശേഷം ആദാം എണ്ണൂറു സംവത്സരം ജീവിച്ചിരുന്ന് പുത്രൻമാരെയും പുത്രിമാരെയും ജനിപ്പിച്ചു'' (ഉല്പ.5:4) എന്നു ദൈവവചനം വ്യക്തമാക്കുന്നു.

4. ശേത്തിന്റെ വംശപരമ്പരയിലെ പുരുഷൻമാരാണു ദൈവപുത്രൻമാരെങ്കിൽ സ്ത്രീകൾ ദൈവപുത്രിമാരായിരിക്കുമല്ലോ. പക്ഷേ ദൈവപുത്രിമാർ എന്നൊരു ഗ്രൂപ്പിനെക്കുറിച്ച് ഇവിടെ പരാമർശമില്ലാത്തതെന്തുകൊണ്ട്? അവർ കയീന്റെ വംശത്തിലുള്ള ആരെയും ഭർത്താക്കൻമാരായി സ്വീകരിച്ചില്ലേ?

5. ശേത്തിന്റെ മക്കൾ കയീന്റെ മക്കളെ വിവാഹം കഴിച്ചാൽ നെഫിലീം ഉണ്ടാകുന്നതെങ്ങനെ?

ഇങ്ങനെ ചോദ്യങ്ങൾ നിരവധി. ഇവയ്ക്കൊന്നും തൃപ്തികരമായ ഉത്തരമില്ല.

ദൈവപുത്രൻമാർ ദൈവദൂതൻമാരാണ് എന്നതാണ് മറ്റൊരു വ്യാഖ്യാനം. ഇതിന് അനുകൂലമായി നിരത്താൻ കഴിയുന്ന ഘടകങ്ങൾ ഇവയാണ്.

1. പഴയനിയമത്തിൽ 'ദൈവപുത്രൻമാർ' എന്നു പരാമർശിക്കപ്പെടുന്നത് ദൈവദൂതൻമാർ മാത്രമാണ്. (ഇയ്യോ. 1:6, 2:1, 38:4-6)

2. ഇവരുടെ മക്കളായി നെഫിലീം ഉണ്ടായി എന്നതും ഇവർ മനുഷ്യരല്ല എന്നു തളിയിക്കുന്നു.

3. 'തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതൻമാർ' (യൂദ.6) ഇവരാണ് എന്നു കരുതാം.

4. ഈ ദൂതൻമാർ ദുർന്നടപ്പാചരിച്ചവരും അന്യജഡം മോഹിച്ചു നടന്നവരുമാണെന്ന് യൂദാ.7 സൂചിപ്പിക്കുന്നു.

ഈ സിദ്ധാന്തത്തിന്റെ രത്നച്ചുരുക്കം ഇതാണ്:

ദൈവദൂതൻമാർക്കു മനുഷ്യശരീരം സ്വീകരിക്കാൻ കഴിയും. ദൂതൻമാർ അക്ഷരാർത്ഥത്തിൽ ഈ ഭൂമിയിൽ വന്നപ്പോഴെല്ലാം മനുഷ്യരൂപത്തിൽ, അതായത് പുരുഷ രൂപത്തിൽ ആണു വന്നത്. അവർക്കു പുരുഷരൂപം സ്വീകരിക്കാൻ കഴിയും എന്ന് ഇതു തെളിയിക്കുന്നു.

ദൈവം നൽകിയ സ്വർഗ്ഗീയ ശരീരവും ഉയർന്ന പദവിയും ഉപേക്ഷിച്ച് കുറെ ദൂതൻമാർ നോഹയുടെ കാലത്ത് ഈ ഭൂമിയിലെത്തി. അവർ മനുഷ്യസ്ത്രീകളെ വിവാഹം കഴിച്ച് ഭൂമിയിൽ വസിച്ചു. ഇവർക്കു ജനിച്ച മക്കൾ സമ്മിശ്രജാതികളും രാക്ഷസരൂപികളും ആയിരുന്നു.

മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കാൻ മിശിഹ മനുഷ്യസ്ത്രീയുടെ മകനായി ജനിക്കേണ്ടതാണ്. എന്നാൽ ഈ സമ്മിശ്ര ജാതി ലോകത്തിൽ പെരുകിയാൽ ഭാവിയിൽ യഥാർത്ഥ മനുഷ്യർ ഇല്ലാതാകും. അതോടെ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പും അസാദ്ധ്യമാകും. അതുകൊണ്ട് യഥാർത്ഥ മനുഷ്യരായ എട്ടുപേരെ ദൈവം സംരക്ഷിക്കുകയും മറ്റുള്ളവരെയെല്ലാം ജലപ്രളയത്തിൽ നശിപ്പിക്കുകയും ചെയ്തു. ഇതാണ് ഈ സിദ്ധാന്തത്തിന്റെ കാതൽ.

പക്ഷേ ഇതൊക്കെ അംഗീകരിക്കാൻ തയ്യാറല്ലാത്തവരുമുണ്ട്. അങ്ങനെയുള്ളവർ പല വിധത്തിലുള്ള ന്യായങ്ങൾ നിരത്തുന്നു. അവയിൽ പ്രധാനപ്പെട്ട ചിലതും അവയ്ക്കുള്ള മറുപടികളും പഠിക്കാം.

1. ''നീ എന്റെ പുത്രൻ; ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചിരിക്കുന്നു എന്നും ഞാൻ അവനു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും എന്നും ദൂതൻമാരിൽ ആരോടെങ്കിലും വല്ലപ്പോഴും അരുളിച്ചെയ്തിട്ടുണ്ടോ?'' (എബ്രാ.1:5) എന്ന് എബ്രായ ലേഖനത്തിൽ കാണുന്നു. ദൈവദൂതൻമാരെ ദൈവപുത്രൻമാർ എന്നു വിളിച്ചിട്ടില്ല എന്നല്ലേ ഈ വാക്യത്തിന്റെ അർത്ഥം?

പിതാവായ ദൈവം പുത്രനോടു പറയുന്ന വാക്കുകളാണിവ. യേശുക്രിസ്തു ദൈവപുത്രനാണ് എന്നു പറയുന്ന അർത്ഥത്തിൽ ദൈവദൂതൻമാരെ ദൈവപുത്രൻമാർ എന്നു വിളിക്കാനാവില്ല. യേശു ദൈവപുത്രനാണെങ്കിലും ദൈവസൃഷ്ടിയല്ല സ്രഷ്ടാവായ ദൈവമാണ്. പക്ഷേ ദൂതൻമാർ കേവലം ദൈവസൃഷ്ടി മാത്രമാണ്. കൂടാതെ, ''നീ എന്റെ പുത്രൻ; ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചിരിക്കുന്നു'' എന്നു പിതാവായ ദൈവം പുത്രനോടു പറഞ്ഞത് പുത്രനെ സൃഷ്ടിച്ചെന്ന അർത്ഥത്തിലല്ല യേശുവിന്റെ ഉയിർപ്പിനോടുള്ള ബന്ധത്തിലാണ്. പൗലോസ് പറയുന്നു: ''ദൈവം പിതാക്കൻമാരോടു ചെയ്ത വാഗ്ദത്തം യേശുവിനെ ഉയർത്തെഴുന്നേല്പിച്ചതിനാൽ മക്കൾക്കു നിവർത്തിച്ചിരിക്കുന്നു എന്ന് ഞങ്ങൾ നിങ്ങളോടു സുവിശേഷിക്കുന്നു. നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചു എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നുവല്ലോ.'' (പ്രവൃ.13:32,33)

മാത്രമല്ല, ദൈവദൂതൻമാരെ ദൈവപുത്രൻമാർ എന്നു ദൈവവചനത്തിൽ പരാമർശിക്കുന്ന വേദഭാഗങ്ങളുണ്ട്. (ഇയ്യോ. 1:6, 2:1, 38: 4-6.) അതുകൊണ്ട് ഈ തടസ്സവാദം അടിസ്ഥാന രഹിതമാണ്.

2. ദൂതൻമാർക്കു വിവാഹം കഴിക്കാൻ കഴിയുന്നതല്ല എന്നു കർത്താവായ യേശുക്രിസ്തുതന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് ദൈവദൂതൻമാർ മനുഷ്യസ്ത്രീകളെ ഭാര്യയാക്കി എന്ന വാദം ശരിയല്ല എന്നത്രേ വാദം.

പക്ഷേ ഈ വാദവും നിലനിൽക്കില്ല. ''പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല, വിവാഹത്തിനു കൊടുക്കപ്പെടുന്നതുമില്ല; സ്വർഗ്ഗത്തിലെ ദൂതൻമാരെപ്പോലെ അത്രേ ആകുന്നു'' (മത്താ.22:30) എന്ന വാക്യത്തെ ആധാരമാക്കിയാണ് ഈ വാദം ഉന്നയിക്കുന്നത്. ദൈവദൂതൻമാർ വിവാഹം കഴിക്കാറില്ല എന്നതു ശരിതന്നെ. ഗബ്രിയേലിനും മിഖായേലിനും മറ്റും ഭാര്യയും മക്കളുമില്ല എന്നതിനു സംശയമില്ല. പക്ഷേ ദൈവദൂതൻമാർ വിവാഹം കഴിക്കുന്നില്ല എന്നല്ലാതെ വിവാഹം കഴിക്കാൻ അവർക്കു സാധ്യമല്ല എന്നു കർത്താവു പറഞ്ഞില്ല.

ഉദാഹരണത്തിന്, ദൈവദൂതൻമാർ അപ്പവും കാളയിറച്ചിയും തിന്നാറുണ്ടോ? ഇല്ലെന്നു തീർച്ച. കാരണം, ഭക്ഷണം കഴിക്കേണ്ട ആവശ്യം ദൂതൻമാർക്കില്ല. അവരുടെ ശരീരം ആ വിധത്തിലുള്ളതല്ല. പക്ഷേ അബ്രഹാമിന്റെ വീട്ടിൽ എത്തിയ ദൂതൻമാർ മനുഷ്യരെപ്പോലെ ഭക്ഷണം കഴിച്ചു: ''പിന്നെ അവൻ വെണ്ണയും പാലും താൻ പാകം ചെയ്യിച്ച കാളക്കുട്ടിയെയും കൊണ്ടുവന്ന് അവരുടെ മുമ്പിൽ വച്ചു. അവരുടെ അടുക്കൽ വൃക്ഷത്തിൻ കീഴിൽ ശുശ്രൂഷിച്ചുനിന്നു; അവർ ഭക്ഷണം കഴിച്ചു.'' (ഉല്പ.18:8)

ഇവർ ദൈവദൂതൻമാരാണെന്ന വസ്തുത അബ്രഹാം അറിഞ്ഞിരുന്നില്ല എന്ന് എബ്രാ. 13:1-2 വ്യക്തമാക്കുന്നു. എന്തുകൊണ്ടാണ് ഇവർ ദൈവദൂതൻമാരാണെന്നു മനസ്സിലാക്കാൻ അബ്രഹാമിനു കഴിയാതെ പോയത്? ഉത്തരം വ്യക്തം: ഈ ദൂതൻമാർ എല്ലാ അർത്ഥത്തിലും മനുഷ്യരെപ്പോലെയായിരുന്നു. സോദോമിലെ ജനങ്ങൾക്കോ ലോത്തിനോ ഇവരെ തിരിച്ചറിയാൻ കഴിയാതെപോയതും ഈ കാരണത്താൽത്തന്നെ. ദൈവദൂതൻമാർ മനുഷ്യരൂപം സ്വീകരിക്കുമ്പോൾ അവർ പുരുഷൻമാരെപ്പോലെയായിത്തീരും എന്ന് ഈ സംഭവങ്ങൾ തെളിയിക്കുന്നു. അതുകൊണ്ട് ദൂതൻമാർക്കു സ്ത്രീകളെ ഭാര്യമാരാക്കാൻ കഴിയുന്നതല്ല എന്ന വാദം അംഗീകരിക്കാനാവില്ല.

''ആകയാൽ സ്ത്രീക്കു ദൂതൻമാർ നിമിത്തം തലമേൽ അധീനതാലക്ഷ്യം ഉണ്ടായിരിക്കണം'' (1കൊരി.1:10) എന്ന വാക്യം ഇതോടു ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുന്നവരുണ്ട്. പക്ഷേ ഇതു ശരിയായ വ്യാഖ്യാനമാണെന്നു തോന്നുന്നില്ല. കാരണം, ലൈംഗികതയല്ല വിധേയത്വം എന്ന വിഷയമാണു പൗലോസ് ഈ ഭാഗത്തു പഠനവിധേയമാക്കുന്നത്. ശിരോവസ്ത്രം ധരിക്കുന്നതിലൂടെ സ്ത്രീ പുരുഷനോടുള്ള വിധേയത്വം പ്രകടിപ്പിക്കയാണു ചെയ്യുന്നത്. ഈ വസ്തുത തെളിയിക്കാനാണ് 10-ാം വാക്യം ഉപയോഗിച്ചിട്ടുള്ളത്. അങ്ങനെയെങ്കിൽ ഇവിടെ പൗലോസ് എന്താണ് അർത്ഥമാക്കുന്നത്? അത് അടുത്ത ലക്കത്തിൽ വിശദീകരിക്കാം.


## സി.ഡി. കളുടെ വിലവിവരം

ഡിഫെൻഡറിന്റെ ഓഫീസിൽ നിന്നു വിവിധതരം സി.ഡികൾ വിറ്റുവരുന്നതിനാൽ വിലയേപ്പറ്റി സംശയമുണ്ടാകാനിടയുണ്ട്. അതുകൊണ്ട് വിലവിവരപ്പട്ടിക താഴെ കൊടുക്കുന്നു:

1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (എം.പി.3) - 900 രൂപ
2. പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ - 900 രൂപ

രണ്ടു സി.ഡികളും ചേർത്ത് ഇന്ത്യയിൽ - 1800 രൂപ.
വിദേശത്ത് - 100 ഡോളർ. പോസ്റ്റേജ് സൗജന്യം.

<u>ലൈബ്രറി സി.ഡികൾ</u>:

1. വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി - 1900 രൂപ
2. ലൈബ്രറി ഓഫ് തിയോളജി - 900 രൂപ

രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങിയാൽ 2500 രൂപ മാത്രം. വിദേശത്തുള്ളവർ രണ്ടു സെറ്റുകൾക്ക് 100 ഡോളർ അയയ്ക്കുക. (1900 രൂപ നൽകി വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി വാങ്ങിയിട്ടുള്ളവർ ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപക്കു പകരം 600 രൂപ മാത്രമേ നൽകേണ്ടതുള്ളൂ.).

എല്ലാ സി.ഡികളും ഒന്നിച്ചു വാങ്ങുന്നവർ 4600രൂപയ്ക്കു പകരം 4000 രൂപ നൽകിയാൽ മതിയാകും. വിദേശം: $200
എല്ലാ സി.ഡികൾക്കും പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ വിലയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. (ഗൾഫിലേക്കു സി.ഡി അയയ്ക്കുന്നതു സുരക്ഷിതമല്ല).
വിലാസം: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542

# ദൈവത്തിന്റെ വിശ്വാസമോ?

(''ദൈവത്തിന്റെ വിശ്വാസമുള്ള വരായിരിപ്പീൻ'' എന്ന് ഒരു സൂപ്പർ ഫാസ്റ്റ് പ്രസംഗകൻ ഒരിക്കൽ പ്രസംഗിച്ചതായി കേട്ടിരുന്നു. ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ഈ പുസ്തകം വായിച്ചപ്പോഴാണ് മേല്പടി പ്രസംഗകന് ദൈവത്തിന്റെ വിശ്വാസം എന്ന ആശയം കിട്ടിയത് എവിടെനിന്ന് എന്നു മനസ്സിലായത്. ഇങ്ങനെയുള്ള വേദവിപരീതങ്ങൾ സമൃദ്ധിയുടെ സുവിശേഷകർ പ്രസംഗിക്കാറുണ്ട്.)

വിശ്വാസത്തെക്കുറിച്ചുള്ള നമ്മുടെ ആശയ രൂപീകരണത്തിന് ദൈവസ്വഭാവത്തെ സംബന്ധിച്ച ശരിയായ ധാരണ ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. തിയോളജി എന്ന വാക്ക് തിയോസ് എന്നും ലോഗോസ് എന്നും ഉള്ള രണ്ടു ഗ്രീക്കു പദങ്ങളിൽ നിന്ന് രൂപപ്പെടുത്തിയിട്ടുള്ളതാണ്. തിയോസ് എന്നതിന് ദൈവം എന്നാണർത്ഥം. ലോഗോസ് എന്നതിന് വചനം അഥവാ സംഭാഷണം, വ്യാഖ്യാനം എന്നൊക്കെ അർത്ഥമുണ്ട്. അപ്പോൾ തിയോളജി എന്നതിലൂടെ ദൈവത്തെക്കുറിച്ചുള്ള അറിവ് അല്ലെങ്കിൽ വ്യാഖ്യാനം എന്നാണ് അർത്ഥമാക്കുന്നത്.

ക്രിസ്തീയ ദൈവശാസ്ത്രം അനുസരിച്ച് ദൈവം അഖിലാണ്ഡത്തിന്റെ പരമാധികാരിയാണ്. മാത്രമല്ല ജ്ഞാന സമ്പൂർണ്ണനും സ്വയം സ്ഥിതനും സർവ്വ ശക്തനും സർവ്വ വ്യാപിയും ആത്മരൂപനും ആണ്. എന്നാൽ സമൃദ്ധിയുടെ സുവിശേഷകർ ഇങ്ങനെയൊരു ദൈവത്തെയല്ല അവതരിപ്പിക്കുന്നത്. അവരുടെ വരണ്ട ആശയങ്ങളിൽ ദൈവത്തെ വെറും ഒരു വിശ്വാസ ജീവിയായും മനുഷ്യനെ പരമാധികാരിയായും ചിത്രീകരിക്കുന്നു. തന്റെ സൃഷ്ടിയായ മനുഷ്യന്റെ താളത്തിനൊത്തു തുള്ളുന്ന ഒരു കളിപ്പാവയായിട്ടാണ് ദൈവത്തെ അവർ വരച്ചു കാണിക്കുന്നത്. വിശ്വാസ പ്രസ്ഥാനക്കാരുടെ ദൈവത്തിന് പൊക്കമുണ്ട് തൂക്കമുണ്ട്. മാത്രമല്ല ആത്മലോക നിയമങ്ങൾക്കു വിധേയനും വിശ്വാസത്തിൽ ആശ്രയിക്കുന്നവനുമാണ് അദ്ദേഹം. ഈ ദൈവം സർവ്വശക്തനല്ല, ബലഹീനനാണ്. സർവ്വ വ്യാപിയോ സർവ്വ ജ്ഞാനിയോ അല്ല ചില പരിമിതികൾക്കുള്ളിൽ ഒതുങ്ങി നില്ക്കുന്നവനാണ് അവരുടെ ദൈവം. മറ്റൊരു രീതിയിൽ പറഞ്ഞാൽ വിശ്വാസ പ്രസ്ഥാനക്കാരുടെ ദൈവം വിശുദ്ധ ബൈബിൾ വെളിപ്പെടുത്തുന്ന ദൈവമല്ല. സർവ്വ ശക്തനും സർവ്വ ജ്ഞാനിയും എന്ന പദവിയിൽ നിന്ന് വിശ്വാസ പ്രസ്ഥാനക്കാർ എങ്ങനെയാണ് ദൈവത്തെ തരം താഴ്ത്തുന്നത് എന്നറിയാമോ? തങ്ങളുടെ വികലമായ ദൈവ ശാസ്ത്രത്തിലൂടെ ബൈബിളിൽ അതിന് അടിസ്ഥാനമുണ്ട് എന്നു മറ്റുള്ളവരെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണ് അവർ അതു ചെയ്യുന്നത്. ഈ സിദ്ധാന്തം സ്ഥാപിക്കാനായി ചില വേദഭാഗങ്ങൾ ഇവർ ദുർവ്യാഖ്യാനം ചെയ്യുന്നു. മർക്കോസ് 11:22, എബ്രായർ 11:3 എന്നീ വേദഭാഗങ്ങൾ അതിനായി അവർ ഉദ്ധരിക്കുന്നു.

നിങ്ങൾ പ്രസിദ്ധ കുറ്റാന്വേഷണ വിദഗ്ദ്ധനായ ഷെർലക് ഹോംസ് ആണെന്നിരിക്കട്ടെ. ദൈവത്തിനു വിശ്വാസമുണ്ട് എന്നും ദൈവം ഒരു വിശ്വാസ ജീവിയാണ് എന്നും മർക്കോസ് 11:22 തെളിയിക്കുന്നു എന്ന് വിശ്വാസ പ്രസ്ഥാനക്കാർ എങ്ങനെ തെറ്റിദ്ധരിപ്പിക്കുന്നു എന്ന് അന്വേഷിച്ചു കണ്ടുപിടിക്കുവാൻ നിങ്ങളെ നിയോഗിച്ചു എന്നും കരുതുക. പ്രശ്നത്തിന്റെ വിവിധ വശങ്ങൾ പരിശോധിച്ചശേഷം, വിശ്വാസ പ്രസ്ഥാനത്തിന്റെ മുഖ്യ പ്രചാരകൻ എന്ന് ടൈം മാസിക വിശേഷിപ്പിക്കുന്ന കെന്നത്ത് കോപ്‌ലാന്റിനെ സമീപിക്കുവാൻ നിങ്ങൾ തീരുമാനിക്കുന്നു. അദ്ദേഹവുമായി ഒരു അഭിമുഖം മുൻകൂട്ടി നിശ്ചയിച്ച ശേഷം നിങ്ങൾ തമ്മിൽ കണ്ടുമുട്ടുന്നു. ചെന്ന ഉടനെ മുഖവുര ഒന്നും കൂടാതെ നിങ്ങൾ കാര്യത്തിലേക്ക് കടക്കുന്നു. ദൈവം ഒരുവിശ്വാസജീവിയാണെന്ന് മർക്കോസ് 11:22 അനുസരിച്ച് എങ്ങനെ നിസ്സംശയം തെളിയിക്കുവാൻ കഴിയും എന്ന ചോദ്യത്തിന് അതു വളരെ നിസ്സാരമാണ് എന്ന് അദ്ദേഹം മറുപടി പറയുന്നു. തുടർന്ന് താൻ തന്നെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കെന്നത്ത് കോപ്‌ലാന്റ് റഫറൻസ് ബൈബിൾ എടുത്ത് മർക്കോസ് 11:22 മറിച്ചു നോക്കിയിട്ട് അധികാരസ്വരത്തിൽ വായിക്കുന്നു. ''യേശു അവരോട് ഉത്തരം പറഞ്ഞത്: ദൈവത്തിൽ വിശ്വാസം ഉള്ളവർ ആയിരിപ്പിൻ.'' വേദഭാഗത്തുനിന്നും ദൃഷ്ടിമാറ്റിയിട്ട് വിജയ ഭാവത്തിൽ അദ്ദേഹം പറയുന്നു. ദൈവത്തിനു വിശ്വാസമുണ്ട് എന്നുള്ളതിന് അനിഷേധ്യമായ തെളിവാണിത്. പക്ഷേ വിശ്വാസം വരാത്ത നിങ്ങൾ ''ദൈവത്തിൽ വിശ്വാസം ഉള്ളവരായിരിപ്പിൻ'' എന്നത് ദൈവത്തിനു വിശ്വാസമുണ്ട് എന്ന് എങ്ങനെ വ്യാഖ്യാനിക്കുവാൻ കഴിയും എന്നു ചോദിക്കുന്നു. ഈ ചോദ്യത്തിന് ഉത്തരമായി തന്റെ ബൈബിളിൽ താൻ തന്നെ ചേർത്തിട്ടുള്ള ഒരു അടിക്കുറിപ്പിലേക്ക് അദ്ദേഹം നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ''അല്ലെങ്കിൽ ദൈവത്തിന്റെ വിശ്വാസം ഉണ്ടായിരിക്കുക'' എന്നാണ് ആ കുറിപ്പ്, എന്നിട്ട് അദ്ദേഹം ചോദിക്കുന്നു ഇപ്പോൾ മനസ്സിലായോ? എനിക്കു മനസ്സിലാകുന്നില്ല എന്നു നിങ്ങൾ മറുപടി പറയുന്നു. എന്റെ വാക്കുകൾ നിങ്ങൾ വിശ്വസിക്കണമെന്നില്ല എന്നു പറഞ്ഞുകൊണ്ട് ഇന്നു ജീവിച്ചിരിക്കുന്ന അഭിഷിക്തന്മാരായ ചിലരുടെ എഴുത്തുകൾ ശ്രദ്ധിക്കുവാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. അതിനു ശേഷം ദൈവത്തിനു വിശ്വാസം ഉണ്ട് എന്ന് അനിഷേധ്യമായി തെളിയിക്കുന്ന ചില പുസ്തകങ്ങളുടെ പേരുകൾ എഴുതി നിങ്ങൾക്കു തരുന്നു. കോപ്‌ലാന്റുമായുള്ള ഈ സംഭാഷണം തികച്ചും ഒരു ഭാവനയാണ്. എങ്കിലും ഈ സംഭാഷണത്തിൽ ഉൾപ്പെട്ടിരിക്കുന്ന വസ്തുതകൾക്ക് മതിയായ തെളിവുകളുണ്ട്.



ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ Christianity in Crisisഎന്ന പുസ്തകത്തിൽ നിന്ന് എടുത്തതാണ് ഈ ലേഖനം. 'ദൈവത്തിന്റെ വിശ്വാസം' എന്നതു സാത്താന്യമാണെന്ന് ഈ ലേഖനത്തിലൂടെ ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു.

തിരിച്ചു വരുന്ന വഴി, ക്രിസ്തീയ പുസ്തകങ്ങൾ വില്ക്കുന്ന ഒരു കടയിൽ കയറി കോപ്‌ലാന്റ് നൽകിയ ലിസ്റ്റിൽ ഉള്ള പുസ്തകങ്ങൾ ഉണ്ടോ എന്നു നോക്കിയ നിങ്ങൾ ദൈവത്തിന്റെ ക്രിയാത്മക ശക്തി (God's creative power) എന്ന പേരിൽ ചാൾസ് ക്യാപ്സ് എഴുതിയ പുസ്തകം കണ്ടെത്തുന്നു. ആ പുസ്തകത്തിന്റെ രണ്ടു പേജുകൾ വായിച്ചപ്പോഴേക്കും തേടിയ വള്ളി കാലിൽ ചുറ്റി എന്നതുപോലെ ഒരു വാചകം കണ്ടെത്തുന്നു. അത് ഇപ്രകാരമാണ്. ''മർക്കോസ് 11:22ന്റെ അക്ഷരാർത്ഥത്തിലുള്ള വിവർത്തനം ദൈവത്തിന്റേതുപോലെയുള്ള വിശ്വാസം അഥവാ ദൈവത്തിന്റെ വിശ്വാസം ഉണ്ടായിരിക്കുക എന്നാണ്. ദൈവം ഒരു വിശ്വാസ ജീവിയാണ്.''

അടുത്തതായി നിങ്ങൾക്കു ലഭിച്ചത് ഫ്രെഡറിക് കെ. സി.പ്രൈസ് എഴുതിയ വിശ്വാസം എങ്ങനെ പ്രവർത്തിക്കുന്നു എന്ന പുസ്തകമാണ്. യഥാർത്ഥ ഗ്രീക്കു രചനയോടു ബന്ധപ്പെടുത്തി കോപ്‌ലാന്റും ചാൾസ് ക്യാപ്പും പറയുന്നത് സത്യമാണെന്ന് ഈ പുസ്തകം സമർത്ഥിക്കുന്നു. ഒടുവിൽ കോപ്‌ലാന്റ് നൽകിയ പട്ടികയിലെ അവസാന പുസ്തകമായ കെന്നത്ത് ഹാഗിൻ എഴുതിയ ബൈബിൾ വിശ്വാസ പഠന കോഴ്സ് എന്ന പുസ്തകവും നിങ്ങൾ പരിശോധിക്കുന്നു. ദൈവത്തിനു വിശ്വാസമുണ്ട് എന്നു അംഗീകരിക്കുക മാത്രമല്ല ഗ്രീക്കു പണ്ഡിതന്മാർ അങ്ങനെയാണ് പഠിപ്പിക്കുന്നത് എന്നും ഹാഗിൻ ഇതിൽ ചൂണ്ടിക്കാണിക്കുന്നു.

ഇതുവരെ രസകരമായിരിക്കുന്നല്ലോ എന്ന ചിന്ത നിങ്ങളിൽ ഉണ്ടാകുന്നു. കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി യഥാസ്ഥിതിക ക്രിസ്തീയ പണ്ഡിതന്മാരുടെ ശ്രദ്ധയിൽ പെടാതിരുന്ന ഒരു സത്യം ഇവർക്കു വെളിപ്പെട്ടുകിട്ടിയല്ലോ എന്ന് നിങ്ങൾ ചിന്തിക്കുവാൻ തുടങ്ങുന്നു. ഈ ചിന്തയുമായി വീട്ടിലേക്കു മടങ്ങുന്ന നിങ്ങൾക്ക് ഗ്രീക്കു ചിന്തകന്മാർ ഈ വിഷയത്തെക്കുറിച്ച് എന്തു പറയുന്നു എന്ന് അറിയുവാൻ ഒരു ലൈബ്രറിയിലോ സെമിനാരിയിലോ കയറി പരിശോധിക്കണം എന്നു തോന്നിയേക്കാം. അങ്ങനെ ഒരു ലൈബ്രറിയിൽ എത്തിയ നിങ്ങൾ ഗ്രീക്കിൽ നിന്ന് ഇംഗ്ലീഷിലേക്കുള്ള പുതിയ നിയമം എടുത്ത് മർക്കോസ് 11:22 വായിക്കുന്നു. മൂലഭാഷയിൽ അതു ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. എക്കറ്റേ പിസ്റ്റിൻ തായൂ (echete pistin theou). 'എക്കറ്റേ' എന്നതിന്റെ അർത്ഥം 'ഉണ്ടായിരിക്കുക' എന്നും 'പിസ്റ്റിൻ' എന്നതിന് 'വിശ്വാസം' എന്നും 'തായൂ' എന്നതിന് ദൈവത്തിന്റെ എന്നും ആണ് അർത്ഥം എന്നു നിങ്ങൾ കണ്ടെത്തുന്നു. ഇതോടെ വിശ്വാസ പ്രസ്ഥാനക്കാർ പറയുന്നതാണല്ലോ ശരി എന്ന് നിങ്ങൾക്കു തോന്നുന്നു. പക്ഷെ അങ്ങനെയെങ്കിൽ എന്തുകൊണ്ട് എല്ലാ പ്രധാന ഇംഗ്ലീഷ് പരിഭാഷകളിലും 'ദൈവത്തിന്റെ വിശ്വാസം' എന്നു പറയാതെ 'ദൈവത്തിൽ വിശ്വസിക്കുക' എന്നു പറഞ്ഞിരിക്കുന്നു എന്ന സംശയം നിങ്ങൾക്ക് ഉണ്ടാകുന്നു.

ആകെ ആശയക്കുഴപ്പത്തിലായ നിങ്ങൾ സ്വന്തം പരിമിതികളെക്കുറിച്ചു ബോദ്ധ്യമുള്ളതുകൊണ്ട് പണ്ഡിതന്മാരുടെ അഭിപ്രായം തേടുവാൻ തീരുമാനിക്കുന്നു. കുറെ ഗവേഷണങ്ങൾക്കു ശേഷം ഗ്രീക്കു വ്യാകരണത്തിന്റെ അവസാന വാക്കെന്ന് ആഗോള തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഏ.റ്റി. റോബർട്ട്സണിന്റെ കൃതികളിൽ നിന്ന് ആരംഭിക്കാം എന്ന് നിങ്ങൾ തീരുമാനിക്കുന്നു. അങ്ങനെ നിങ്ങൾ വേർഡ് പിക്ച്ചേഴ്സ് ഇൻ ന്യൂ ടെസ്റ്റാമെന്റ് എന്ന പുസ്തകം പരിശോധിക്കുവാൻ ആരംഭിക്കുന്നു. ഈ പുസ്തകത്തിന്റെ 361-ാം പേജിന്റെ മദ്ധ്യഭാഗത്ത് നിങ്ങൾ എത്തുന്നു. 'എക്കറ്റേ പിസ്റ്റിൻ തായൂ' എന്നത് 'ദൈവത്തിൽ വിശ്വാസം ഉണ്ടായിരിക്കുക' എന്നാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. 'തായൂ' എന്നത് ഒരു ഒബ്ജക്ടീവ് ജനിറ്റീവ് ആയതുകൊണ്ട് അതാണു ശരിയായ ഭാഷാന്തരം എന്ന് അദ്ദേഹം വിശദീകരിക്കുന്നു.

ഇതോടെ നിങ്ങൾ അധികം വിഷമത്തിലായി. കാരണം ഒബ്ജക്ടീവ് ജനിറ്റീവ് എന്താണെന്ന് നിങ്ങൾക്ക് ഒരു പിടിയുമില്ല. എങ്കിലും അന്വേഷണം തുടർന്ന നിങ്ങൾ റോബർട്ട്സൺന്റെ തന്നെ 'എ ന്യൂ ഷോർട്ട് ഗ്രാമർ ഓഫ് ദ ഗ്രീക്ക് ടെസ്റ്റാമെന്റ്' എന്ന മറ്റൊരു പുസ്തകം കണ്ടെത്തുന്നു. ഈ പുസ്തകത്തിൽ 227-ാം പേജിൽ സബ്ജക്ടീവ് ജനറ്റീവ് എന്നും ഒബ്ജക്ടീവ് ജനിറ്റീവ് എന്നും ഉള്ള പ്രയോഗങ്ങൾ കൊണ്ടു താൻ എന്താണ് അർത്ഥമാക്കുന്നത് എന്ന് അദ്ദേഹം വിശദീകരിക്കുന്നു. മർക്കോസ് 11:22 തന്നെ ഇക്കാര്യം വ്യക്തമാക്കുവാൻ അവിടെ അദ്ദേഹം ഉപയോഗിച്ചിരിക്കുന്നതായി കാണുന്നു. ഒബ്ജക്ടീവ് ജനിറ്റീവ് എന്നതുകൊണ്ട് താൻ ഉദ്ദേശിക്കുന്നത് ഒരു നാമം ക്രിയയുടെ ലക്ഷ്യം (ഉദ്ദേശ്യം) ആകുന്നതിനെയാണ് എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. മർക്കോസ് 11:22ൽ പറയുന്ന 'വിശ്വാസം' എന്ന ക്രിയയുടെ ലക്ഷ്യം (Object) ദൈവമാണ്. ഇതനുസരിച്ച് ദൈവത്തിൽ വിശ്വാസം ഉണ്ടായിരിക്കുക എന്നതാണ് ശരിയായ പരിഭാഷ എന്ന് അദ്ദേഹം കാര്യകാരണസഹിതം വ്യക്തമാക്കുന്നു.

വിശ്വാസ പ്രസ്ഥാനക്കാരുടെ വിവർത്തനം ശരിയാകണമെങ്കിൽ അവിടെ ഒരു സബ്ജക്ടീവ് ജനിറ്റീവ് ആണു വരേണ്ടത് എന്നു നിങ്ങൾക്കു മനസ്സിലാകുന്നു. അങ്ങനെയുള്ള പ്രയോഗത്തിൽ ദൈവം ആയിരിക്കും ആ വാക്യത്തിലെ കർത്താവ്. അങ്ങനെയെങ്കിൽ ദൈവത്തിന്റെ വിശ്വാസം എന്നതായിരിക്കും ശരിയായ തർജ്ജമ. എന്നാൽ അങ്ങനെയുള്ള വിവർത്തനം തികച്ചും അപഹാസ്യവും സാമാന്യ ബുദ്ധിക്കു നിരക്കാത്തതും ആണെന്ന് റോബർട്ട്സൺ തറപ്പിച്ചു പറയുന്നു. അതു ദൈവത്തിന്റെ വിശ്വാസം എന്നല്ല മറിച്ച് വിശ്വാസത്തിന്റെ ലക്ഷ്യം ഏതോ അതു ദൈവമാണ് എന്നത്രേ അർത്ഥം.

നിങ്ങളുടെ അന്വേഷണം തികച്ചും നിഷ്പക്ഷമായിരിക്കണം എന്നു നിർബന്ധമുള്ളതുകൊണ്ട് റോബർട്ട്സൺ എത്ര ശ്രേഷ്ഠനായ വ്യാകരണ പണ്ഡിതൻ ആയിരുന്നാലും ഇക്കാര്യത്തിൽ മറ്റുള്ളവരുടെ അഭിപ്രായം കൂടി തേടുവാൻ നിങ്ങൾ തീരുമാനിക്കുന്നു. അങ്ങനെ എച്ച്. ഇ. ഡാന, ജൂലിയസ് ആർ. മാന്റി, വില്യം ഡഗ്ളസ്, ചാമ്പർലെയിൻ, കർട്ടിസ് വാഗൺ, വിർട്ടസ് ഈ. ഗിദയോൻ, ജയിംസ് ഹോപ് മൌൾട്ടൺ, നൈഗൽ ടർണർ തുടങ്ങി അനേകം ഗ്രീക്കു വ്യാകരണ പണ്ഡിതന്മാരുടെ കൃതികൾ വളരെ ദിവസങ്ങൾ എടുത്ത് പരിശോധിക്കുന്നു. ഗ്രീക്കു വ്യാകരണ പഠനത്തിന് തങ്ങളുടെ ജീവിതം ഉഴിഞ്ഞുവച്ച ഇവരെല്ലാവരും ഈ അഭിപ്രായക്കാരായിരുന്നു എന്നതാണ് ഒടുവിൽ നിങ്ങൾ കണ്ടെത്തിയ സത്യം. അവർ എല്ലാവരും പറയുന്നത് കോപ്‌ലാന്റിനും കൂട്ടർക്കും തെറ്റുപറ്റി എന്നാണ്. എത്ര ശക്തമായി വാദിച്ചാലും കോപ്‌ലാന്റിന്റെയും കൂട്ടാളികളുടെയും വക്രതകൾക്ക് മൂലഭാഷയായ ഗ്രീക്കിൽ യാതൊരു അടിസ്ഥാനവുമില്ല.

ഭാവനാസ്രഷ്ടമായ ഈ ചിത്രീകരണം വിട്ടുകളയാം. കാരണം വിശ്വാസ പ്രസ്ഥാനക്കാർ നമ്മെ വഴി തെറ്റിക്കുകയാണ് എന്നു മനസ്സിലാക്കുവാൻ കുറ്റാന്വേഷണ വിദഗ്ധരുടെ ആവശ്യമൊന്നുമില്ല. മർക്കോസ് 11:22 അവർ അവതരിപ്പിക്കുന്ന രീതിയിലല്ലെന്നു സ്ഥാപിക്കുവാൻ ബൈബിൾ വ്യാഖ്യാനത്തെ സംബന്ധിച്ച ഒന്നിലധികം നിയമങ്ങൾ ലംഘിക്കേണ്ടതായി വരും. പ്രസ്തുത വേദഭാഗത്തിനു വിശ്വാസ പ്രസ്ഥാനക്കാർ നൽകുന്ന വ്യാഖ്യാനം ദൈവത്തെ അഖിലാണ്ഡത്തിന്റെ പരമാധികാരി എന്ന പദവിയിൽ നിന്നു താഴ്ത്തി ഒരു സാധാരണ മനുഷ്യനെപ്പോലെയാക്കുന്നു. ഇത്തരം പഠിപ്പിക്കലുകൾ സാത്താന്യമാണ്.

# ഞണ്ടു പ്രശ്നം എങ്ങനെ പരിഹരിക്കാം?

അബുദാബി ഐ.പി.സിയുടെ സെക്രട്ടറിയും എം.സി.സി സണ്ടേസ്ക്കൂളിന്റെ പ്രിൻസിപ്പാളും ആയിരുന്ന ഒ.റ്റി.മാത്തുക്കുട്ടി കാട്ടിക്കൂട്ടിയ വിക്രിയകളെക്കുറിച്ച് കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ വിശദീകരിച്ചിരുന്നല്ലോ. സഭയ്ക്കും സണ്ടേസ്ക്കൂളിനും ദോഷമാകുന്ന വിധത്തിൽ ഈ പ്രശ്നം വളർന്നിരിക്കുന്നു. കൂടുതൽ ദോഷം വരുന്നതിനു മുമ്പ് ഈ പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് ചില ദൈവദാസൻമാർ ഡിഫെൻഡറിനോട് അന്വേഷിക്കുകയുണ്ടായി. അവർക്കു കൊടുത്ത മറുപടി എല്ലാവരുടെയും അറിവിലേക്കായി ഇവിടെ ആവർത്തിക്കുകയാണ്.

എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചതെന്നു നിശ്ചയമില്ലാത്തവരുടെ അറിവിലേക്കായി സംഭവം ചുരുക്കി പറയാം: അബുദാബിയിൽ എം.സി.സിയുടെ വകയായി നടക്കുന്ന സണ്ടേസ്ക്കൂൾ ഏറെ പ്രശസ്തമാണ്. നല്ല നിലയിൽ നടന്നുവരുന്ന ഈ സ്ക്കൂൾ തകർക്കാൻ സാത്താൻ ശ്രമം തുടങ്ങിയിട്ടു മാസങ്ങൾ പലതായി. കഴിഞ്ഞ വർഷം ഇവിടെയുണ്ടായ സംഭവങ്ങൾ ഡിഫെൻഡർ റിപ്പോർട്ട് ചെയ്തിരുന്നു. അതിനു ശേഷം ഒ.റ്റി.മാത്തുക്കുട്ടി എന്ന വ്യക്തിയാണു പ്രിൻസിപ്പാളായത്. അബുദാബിയിലെ ഐ.പി.സികൾ യോജിച്ച് ഐക്യമുന്നണിയുണ്ടാക്കിയപ്പോൾ ഇദ്ദേഹം അതിന്റെ സെക്രട്ടറിയുമായി.

ഏതാനും ആഴ്ചകൾ മുമ്പ് ഇയാളും മക്കളും ചേർന്ന് ഒരു സഹോദരനെ ചീത്ത വിളിക്കുകയും കയ്യേറ്റം ചെയ്യുകയും ഉണ്ടായി. ഈ പ്രശ്നം നിമിത്തം സഭ ഇയാളെ മൂന്നു മാസത്തേക്കു സസ്പെന്റ് ചെയ്തു. എങ്കിലും ഈ വസ്തുതകൾ ഇയാൾ മറച്ചുവച്ചു. ഇതൊന്നുമറിയാതെ ജനം ഇയാളെ വീണ്ടും സണ്ടേസ്ക്കൂൾ പ്രിൻസിപ്പാളായി തെരഞ്ഞെടുത്തു. ആരാധന നടക്കുന്ന സ്ഥലത്തുവച്ചു പരസ്യമായി ചീത്ത വിളിക്കുകയും അടിയുണ്ടാക്കുകയും ആ കാരണത്താൽ അച്ചടക്ക നടപടിക്കു വിധേയനാകുകയും ചെയ്ത ഒരു വ്യക്തി കുട്ടികളെ പഠിപ്പിക്കാൻ യോഗ്യനല്ല. അതുകൊണ്ട് ഇയാൾ രാജി വയ്ക്കണമെന്ന് ഡിഫെൻഡർ ആവശ്യപ്പെടുകയും അതിനു സമയപരിധി തീരുമാനിക്കുകയും ചെയ്തു. രാജി വയ്ക്കാതിരിക്കാൻ ഇയാൾ ശ്രമിച്ചെങ്കിലും ആ ശ്രമം വിജയിച്ചില്ല. പ്രിൻസിപ്പാൾ രാജി വയ്ക്കണമെന്നും അധ്യാപകനെന്ന നിലയിൽപ്പോലും ഇദ്ദേഹം പ്രവർത്തിക്കരുതെന്നും മറ്റ് അധ്യാപകർ ചേർന്നു നിർദ്ദേശിച്ചു. അതുകൊണ്ട് ഡിഫെൻഡർ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ ഇയാൾ രാജി വച്ചു. പാസ്റ്റർക്കും സഭയ്ക്കും നൽകിയ രാജിക്കത്തിന്റെ കോപ്പി ഡിഫെൻഡറിന് അയച്ചു തരികയും ചെയ്തു. ആ രാജി വാർത്ത ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പക്ഷേ കത്തു പ്രസിദ്ധീകരിച്ചില്ല.

അങ്ങനെ കാര്യങ്ങളെല്ലാം ശുഭമായി പര്യവസാനിച്ചു എന്നു കരുതിയിരിക്കുമ്പോൾ ഒ.റ്റി. മാത്തുക്കുട്ടി പിതൃശൂന്യത വെളിപ്പെടുത്തി. മെയ് 6ന് ഇയാൾ സണ്ടേസ്ക്കൂളിൽ എത്തി ക്ലാസ്സെടുത്തു. ഇനി ക്ഷമിച്ചിട്ടു കാര്യമില്ല എന്നു ഡിഫെൻഡർ തീരുമാനിച്ചു. അങ്ങനെ ഇയാളുടെ ഫോട്ടോയും രാജിക്കത്തും സഹിതം വാർത്ത പ്രസിദ്ധീകരിച്ചു. രാജിക്കത്തു കണ്ടതോടെ പാസ്റ്ററും വിശ്വാസികളും വണ്ടറടിച്ചു. കാരണം, ഇത്തരമൊരു കത്ത് അവർ കണ്ടിരുന്നില്ല. പാസ്റ്റർക്കും സഭയ്ക്കും കത്തു കൊടുത്തു എന്ന് ഇയാൾ പറഞ്ഞതു കളവായിരുന്നു. ഇത്രയുമൊക്കെ ചെയ്ത ഒ.റ്റി.മാത്തുക്കുട്ടി ഒരു വിധത്തിലുള്ള ദയയും അർഹിക്കുന്നില്ല. അതുകൊണ്ട് ഡിഫെൻഡറിന്റെ തീരുമാനം വിശദമായി പറയാം:



1. സണ്ടേസ്ക്കൂളിന്റെ അധ്യാപകനെന്ന നിലയിലും പ്രിൻസിപ്പാളെന്ന നിലയിലും വിദ്യാർത്ഥികൾക്കു മാതൃകയായിരിക്കാൻ കടപ്പെട്ടവനായിരുന്നു ഇയാൾ പക്ഷേ ഈ രണ്ടു പദവികളും വഹിക്കാൻ ഇയാൾ യോഗ്യനല്ലെന്ന് പ്രവൃത്തിയിലൂടെ തെളിയിച്ചിരിക്കുന്നു. മാനസാന്തരപ്പെടാനും തിരുത്താനും നൽകിയ അവസരവും ഇയാൾ തട്ടിപ്പിനായി വിനിയോഗിച്ചു. അതുകൊണ്ട് ഒ.റ്റി.മാത്തുക്കുട്ടി ഇനി എം.സി.സിയുടെ സണ്ടേസ്ക്കൂളിന്റെ പ്രിൻസിപ്പാൾ എന്ന നിലയിലോ അധ്യാപകൻ എന്ന നിലയിലോ പ്രവർത്തിക്കാൻ പാടില്ല.

ഉയർന്ന ക്ലാസ്സിലാണ് ഇയാൾ പഠിപ്പിച്ചിരുന്നത് എന്ന് അറിയാൻ ഇടയായി. ബൈബിൾ കോളേജുകളിൽ പഠിപ്പിക്കാൻ പോലും കഴിവുള്ള കുറച്ചുപേർ അബുദാബിയിൽ ഉണ്ടല്ലോ. അവരിൽ ആരെങ്കിലും ഇയാൾ പഠിപ്പിച്ചിരുന്ന കുട്ടികൾക്കു ക്ലാസ്സെടുക്കട്ടെ. സണ്ടേസ്ക്കൂളിനു പ്രിൻസിപ്പാൾ കൂടിയേ കഴിയൂ എന്നില്ല. എങ്കിലും പ്രിൻസിപ്പാൾ വേണമെന്നുണ്ടെങ്കിൽ അധ്യാപകരിൽ നിന്നോ പുറത്തുള്ളവരിൽ നിന്നോ ഒരു പ്രിൻസിപ്പാളിനെ കണ്ടെത്തുക. അങ്ങനെ സണ്ടേസ്ക്കൂളിലെ പ്രശ്നം വലിയ ബുദ്ധിമുട്ടു കൂടാതെ പരിഹരിക്കാം.

2. ഒ.റ്റി.മാത്തുക്കുട്ടി സഭയുടെ സെക്രട്ടറി ആയിരുന്നു എന്നതാണ് അടുത്ത പ്രശ്നം. സഭ ലോകമെമ്പാടും നാറാൻ ഇയാൾ കാരണക്കാരനായി. ആരും അറിയാതെ ഈ പ്രശ്നം പരിഹരിക്കാൻ ഡിഫെൻഡർ പരമാവധി ശ്രമിച്ചെങ്കിലും മാത്തുക്കുട്ടിയുടെ ദുഷ്ചെയ്തികൾ നിമിത്തം അതിനു കഴിഞ്ഞില്ല. പ്രാദേശിക സഭകൾ ദൈവിക പദ്ധതിയിലുള്ളതാണ്. അതു തകരുവാൻ പാടില്ല. അതുകൊണ്ട് ഉചിതമായ തീരുമാനമെടുക്കാൻ ദൈവമക്കൾക്കു കഴിയണം.

സഭയുടെ സെക്രട്ടറിയാകാൻ തക്ക യോഗ്യതയുള്ള എത്ര സഹോദരൻമാർ അബുദാബി ഐ.പി.സിയിലുണ്ട്? പത്തുപേരെങ്കിലും ഉണ്ടാകുമെന്നു തീർച്ച. അവരിൽ ഒരാളെ സെക്രട്ടറിയായി തെരഞ്ഞെടുക്കുക. അതോടെ ആ പ്രശ്നം തീരും. ഒ.റ്റി.മാത്തുക്കുട്ടി ഇനി ഒരിക്കലും സഭയുടെ സെക്രട്ടറിയോ കമ്മറ്റി അംഗം പോലുമോ ആകരുത്. ഒരു സാധാരണ വിശ്വാസിയായി തുടരുന്നതിനു തടസ്സമില്ല.

3. സഭകളുടെ കൂട്ടായ്മയായ എം.സി.സി., അപ്കോൺ തുടങ്ങിയവയ്ക്ക് ദൈവമക്കളിലും ദൈവസഭകളിലും വലിയ സ്വാധീനമുണ്ട്. അതുകൊണ്ട് ഇത്തരം സംഘടനകളുടെ ഔദ്യോഗിക സ്ഥാനങ്ങളിലും ഒ.റ്റി.മാത്തുക്കുട്ടി ഇനി വരാൻ ഇടയാകരുത്.

ഇദ്ദേഹം വൈ.എം.സി.എയിലോ മറ്റോ അംഗമാണെന്നു കേട്ടു. ഇതുപോലുള്ള സംഘടനകൾ ദൈവസഭയുടെ ഭാഗമല്ല, ദൈവികവുമല്ല. ഇത്തരം സംഘടനകളുടെ കാര്യത്തിൽ ഇടപെടേണ്ട കാര്യം ഡിഫെൻഡറിനില്ല.

ഡിഫെൻഡറിന്റെ തീരുമാനത്തിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ ദയവായി ചൂണ്ടിക്കാണിക്കുക. തിരുത്താം. അതല്ലെങ്കിൽ ഒ.റ്റി.മാത്തുക്കുട്ടി ഈ തീരുമാനം അംഗീകരിക്കണം. അംഗീകരിച്ചില്ലെങ്കിലോ? ഡിഫെൻഡർ മാത്തുക്കുട്ടിക്കെതിരെ എഴുതും. അതു മാത്തുക്കുട്ടിയെ മാത്രമല്ല സണ്ടേസ്ക്കൂളിനെയും സഭയെയും ബാധിക്കും.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- ഡൊമെയ്ൻ രജിസ്റ്റ്രേഷൻ
- വെബ് ഹോസ്റ്റിംഗ്
- വെബ്സൈറ്റ് ഡിസൈനിംഗ്
- വെബ്സൈറ്റ് ഡെവലപ്മെന്റ്
- ജൂംല സി.എം.എസ്
- വേഡ്പ്രസ്സ്
- PHP ഡെവലപ്മെന്റ്
- വെബ് അഡ്വർറ്റയ്സ്മെന്റ്
- വെബ് ബാനർ
- ഫ്ളാഷ് ആനിമേഷൻ

script infow@ys
Your Web Partner
Ernakulam
Phone: 0484-2592312. Mob: 9539378757
Email: works@scriptinfoways.com

# പാമ്പിന്റെ ബുദ്ധിയുളള പുണ്യാളൻ

ഒരു പുണ്യാളന്റെ കഥയാണു പറയാൻ പോകുന്നതെന്ന് ഊഹിച്ചെങ്കിൽ നിങ്ങൾക്കു തെറ്റിയിട്ടില്ല. കാരണം, കഥാനായകൻ ഒരു പുണ്യാളൻ തന്നെ. പുണ്യാളൻ എന്നതിനോടൊപ്പം പാമ്പെന്നുകൂടി പറഞ്ഞതുകൊണ്ട് സെന്റ് ജോർജിന്റെ കാര്യം ഓർമ്മവന്നെങ്കിൽ ആ ഊഹവും തെറ്റിയിട്ടില്ല. കാരണം, ഈ കഥയിലെ പുണ്യാളന്റെ പേരിന്റെ ഒരു വാലിലും മേല്പടിയാനുണ്ട്, അല്പംകൂടി കൃത്യമായി പറഞ്ഞാൽ വംശാവലിയിലുണ്ട്. ഇനി കഥ പറയാം.

സംഭവം നടന്നത് ഇമ്മിണി ദൂരെയാണ്. ദൂരെ എന്നു പറഞ്ഞാൽ കേരളത്തിലല്ല ഇന്ത്യയിലുമല്ല അങ്കിൾ സാമിന്റെ നാട്ടിലാണ്. (മനസ്സിലായില്ലേ? ഇല്ലെങ്കിൽ തത്ക്കാലം ഇത്രയുമൊക്കെ മനസ്സിലാക്കിയാൽ മതി.) കഥ ആരംഭിക്കുന്നത് 2006 സെപ്റ്റംബർ മാസത്തിലാണ്. പുണ്യാളന് ഒരു വീടുവേണം. (ന്യായമായ ആവശ്യം.) വീടു വാങ്ങാൻ ലോൺ കിട്ടും. അതുകൊണ്ടു പണവും ഒരു പ്രശ്നമല്ല.




പുണ്യാളന്റെ വീടും സ്ഥലവും ഉൾപ്പെട്ട പ്രദേശം ഇതാണ്.

പുണ്യാളൻ വീടിനായി അന്വേഷണമാരംഭിച്ചു. അന്വേഷിപ്പീൻ, കണ്ടെത്തും എന്നാണല്ലോ പ്രമാണം. അങ്ങനെ കണ്ടെത്തി. 1730 ച: അടി വിസ്ത്രീർണ്ണമുളള പുതിയ വീട്. ഒരു നിലയേയുള്ളൂ. എങ്കിലും മൂന്നു കിടപ്പുമുറികളും രണ്ടു ബാത്ത് റൂമുകളുമുണ്ട്. വീട്ടുനമ്പർ 4504. ഹൈലാന്റ് ഹോൾഡിംഗ് എന്ന കമ്പനിയുടെ വകയാണു വീട്. 171,700 ഡോളർ വില പറഞ്ഞ് ഉറപ്പിച്ചു. ഹൗസിംഗ് ഫിനാൻസ് കോർപ്പറേഷനിൽ നിന്ന് ലോൺ ലഭിക്കുകയും ചെയ്തു. അങ്ങനെ പുണ്യാളനും ഭാര്യയും ചേർന്ന് 2006 സെപ്റ്റംബർ 29ന് വീട് ആധാരം ചെയ്തു വാങ്ങി.

നിരവധി വർഷങ്ങൾ നീളമുള്ളതാണു ലോൺ. അതുകൊണ്ട് ലോൺ അടച്ചു തീരുമ്പോൾ മുതലും പലിശയും ചേർത്ത് നല്ലൊരു തുകയാകും. എങ്കിലും നഷ്ടമില്ല. കാരണം, വീടിനും സ്ഥലത്തിനും വില കൂടിക്കൊണ്ടിരിക്കുകയാണ്. എപ്പോൾ വിറ്റാലും നല്ലൊരു തുക ലാഭം കിട്ടും. അങ്ങനെ കാര്യങ്ങളൊക്കെ നല്ല നിലയിൽ പുരോഗമിക്കുന്നതിനിടയിലാണു സാമ്പത്തിക മാന്ദ്യം വന്നത്. അതോടെ കണക്കുകൂട്ടലൊക്കെ തെറ്റി. വീടിനും സ്ഥലത്തിനും മറ്റും വിലയിടിഞ്ഞു. 171,700 ഡോളർ കൊടുത്ത് 2006ൽ വാങ്ങിയ വീടിന് മൂന്നുലക്ഷം ഡോളറെങ്കിലും വിലമതിക്കും എന്ന സ്ഥിതിയുണ്ടായിരുന്നപ്പോഴാണു മാന്ദ്യം വന്നത്. അതോടെ വില നാലിൽ ഒന്നോ അതിൽ താഴെയോ ആയിത്തീർത്തു. പക്ഷേ ലോൺ എടുത്ത പണം മുതലും പലിശയും ചേർത്ത് കൊടുത്തേ പറ്റൂ. പുണ്യാളൻ മാത്രമല്ല ലക്ഷക്കണക്കിന് ആളുകൾ ഈ സ്ഥിതിയിലായി. മിക്കവരും പണം അടയ്ക്കാതായി. ബാങ്കുകാർ വീടും സ്ഥലവും ഏറ്റെടുത്ത് ലേലം ചെയ്തു വിൽക്കും. മുടക്കിയ മുതൽ പോയാലും ഇതാണു ലാഭം. പക്ഷേ നാലു വർഷത്തോളം കാലം ലോൺ വകയിൽ അടച്ച പണം വെറുതെ കളയാൻ പുണ്യാളനു മനസ്സു വന്നില്ല. എന്താണു പോംവഴി?

പുണ്യാളനും പാമ്പുമായുള്ള ബന്ധം വിശേഷിച്ചു പറയേണ്ടതില്ലല്ലോ. അങ്ങനെ ആ പഴയ പാമ്പിന്റെ സഹായത്തോടെ പുണ്യാളൻ ഒരു പദ്ധതി ആസൂത്രണം ചെയ്തു. ഉടൻ തന്നെ അതു നടപ്പിലാക്കുകും ചെയ്തു.

സാമ്പത്തിക മാന്ദ്യം മൂലം താൻ പാപ്പരായെന്നും അതുകൊണ്ട് പണമടയ്ക്കാൻ പറ്റില്ലെന്നും പുണ്യാളൻ ബാങ്കിനെ അറിയിച്ചു. സ്വാഭാവികമായും ബാങ്ക് ആ വീടും സ്ഥലും ലേലത്തിനു വച്ചു. ഈ വിധത്തിൽ നൂറു കണക്കിനു വീടുകളാണ് ആ പ്രദേശത്തു ലേലം ചെയ്തുകൊണ്ടിരുന്നത്. അതുകൊണ്ട് പുണ്യാളന്റെ ശിങ്കിടിയായ ഒരു സ്ത്രീ ഈ വീടും സ്ഥലവും 2010 മെയ് 25ന് 95,300 ഡോളറിന് ലേലത്തിൽ പിടിച്ചു. ഈ സംഭവങ്ങളൊക്കെ നടക്കുമ്പോൾ പുണ്യാളൻ ആ വീട്ടിൽ താമസം തുടരുകയായിരുന്നു. വീട് ലേലത്തിൽ വാങ്ങിയതു പുണ്യാളന്റെ ശിങ്കിടിയായതുകൊണ്ട് മറ്റു ബുദ്ധിമുട്ടുകളൊന്നും ഉണ്ടായതുമില്ല. ഇനിയാണ് പാമ്പിന്റെ ബുദ്ധിയുടെ തനിസ്വരൂപം വെളിപ്പെടുന്നത്.

ലേലവും പിടിക്കലും ഒക്കെ പുണ്യാളന്റെ അടവായിരുന്നല്ലോ. പക്ഷേ സൂക്ഷിച്ചു ചുവടുകൾ വച്ചില്ലെങ്കിൽ ഉണ്ടതിന്നേണ്ടതായി വരും. അതുകൊണ്ടു പുണ്യാളൻ ഏതാനും ആഴ്ച ശാന്തനായിരുന്നു. 2010 ജൂലൈ 19ന് മേല്പടി ശിങ്കിടി ഈ വീടും സ്ഥലവും പുണ്യാളന് ഇഷ്ടദാനം കൊടുത്തു. ഇഷ്ടദാനമാണെങ്കിലും പേരിന് ഒരു വില വയ്ക്കണം. അതുകൊണ്ട് 100 ഡോളർ വിലയാണ് ആധാരത്തിലുള്ളത്. അപ്പോൾ ശിങ്കിടി ലേലം വകയിൽ മുടക്കിയ 95,300 ഡോളർ ശിങ്കിടിക്കു നഷ്ടമായോ? ഇല്ല. ആ പണം പുണ്യാളൻ പണമായി മടക്കി കൊടുത്തു. എങ്ങനെയുണ്ട് പുണ്യാളന്റെ ബുദ്ധി!!!

ദാവീദ് പാപം ചെയ്തു. പക്ഷേ ദൈവം ദാവീദിനെ ഉടൻ ശിക്ഷിച്ചില്ല. ഒരു വർഷത്തോളം കാലം (കൃത്യമായ കണക്കല്ല) കാത്തിരുന്നു. എന്തിന്? ദാവീദിനു മാനസാന്തരപ്പെടാൻ സമയം കൊടുക്കുകയായിരുന്നു. പക്ഷേ ദാവീദ് മാനസാന്തരപ്പെട്ടില്ല. ദൈവം ഈ കഥയൊക്കെ മറന്നുകളഞ്ഞു എന്നാണു ദാവീദ് കരുതിയത്. എന്നാൽ നീതിമാനായ ദൈവത്തിനു പാപം മറക്കാൻ പറ്റില്ല എന്ന വസ്തുത ദാവീദ് ഓർക്കേണ്ടതായിരുന്നു. അങ്ങനെ ദാവീദ് ശിക്ഷ അനുഭവിച്ചു. ഇവിടെയും ഇതുതന്നെയാണു സംഭവിക്കുന്നത്. പുണ്യാളൻ ഈ തട്ടിപ്പു നടത്തിയിട്ട് ഇപ്പോൾ ഒരു വർഷമായി. മാനസാന്തരപ്പെടാൻ ഇത്രയും കാലം മതിയാകുമായിരുന്നു. പക്ഷേ പുണ്യാളൻ മാനസാന്തരപ്പെട്ടില്ലെന്നു മാത്രമല്ല അഹങ്കാരത്തിന്റെ തോത് അനുദിനം വർദ്ധിച്ചു വരികയുമാണ്. അതു കൊണ്ട് ശിക്ഷ ഏറ്റു വാങ്ങുക മാത്രമാണ് ഇനിയുളള പോംവഴി. എന്താണു ശിക്ഷ? സ്വന്തം ശിക്ഷ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ദൈവം ദാവീദിനു നൽകിയതുപോലെ ഇവിടെയും നൽകുന്നു.

1. പുണ്യാളനു 30 ദിവസത്തെ സമയം തരാം. അതിനുള്ളിൽ ആ രാജ്യം വിടുക. മേലിൽ ആ രാജ്യത്തേക്കു മടങ്ങരുത്. മടക്കയാത്ര ക്രമീകരിക്കാൻ ഏതാനും ആഴ്ചകൾ കൂടി വേണമെങ്കിൽ ആ വിവരം അറിയിക്കുക. അതും തരാം. മാത്രമല്ല, പുണ്യാളൻ, ഭാര്യ, ശിങ്കിടി തുടങ്ങിയവരുടെ പേരും വിലാസവും മറ്റും ഡിഫെൻഡർ രഹസ്യമായി സൂക്ഷിക്കും.

2. നിശ്ചിത സമയത്തിനുള്ളിൽ മടങ്ങാൻ കൂട്ടാക്കുന്നില്ലെങ്കിൽ ഡിഫെൻഡറിൽ പുണ്യാളന്റെ ഫോട്ടോ സഹിതം വാർത്ത കൊടുക്കും. കൂടാതെ ആ രാജ്യത്തെ സർക്കാരിനെയും വിവരമറിയിക്കും. അതോടെ പുണ്യാളനും ഭാര്യയും മാത്രമല്ല ശിങ്കിടിയും അകത്താകും.

പുണ്യാളൻ കാട്ടിക്കൂട്ടിയതു തോന്ന്യാസമാണെങ്കിലും ചില്ലിക്കാശിന്റെ തട്ടിപ്പുപോലും കാണിക്കാതെ ജീവിച്ച ഒരു ദൈവദാസന്റെ കൊച്ചുമകൻ എന്ന പരിഗണനയിലാണ് പേരും ഫോട്ടോയും മറ്റും ഒഴിവാക്കി ഈ വാർത്ത പ്രസിദ്ധീകരിക്കുന്നത്. വിദേശയാത്ര നടത്തിയപ്പോൾ ലഭിച്ച പണം മുഴുവൻ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കാൻ അധികാരവും അവകാശവും ഉണ്ടായിരുന്നിട്ടും ആ അപ്പച്ചൻ അതു ചെയ്തില്ലെന്നു മാത്രമല്ല ലഭിച്ച പണം മുഴുവൻ ആത്മീയ ആവശ്യങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്തു. അങ്ങനെയുള്ള ഒരാളുടെ കൊച്ചുമകൻ കോടികളുടെ തട്ടിപ്പു നടത്തിയെന്നു ലോകം അറിയുന്നത് ഒഴിവാക്കാൻ ഡിഫെൻഡറിന് ആഗ്രഹമുണ്ട്. അതുകൊണ്ട് രക്ഷപ്പെടാൻ ഒരവസരം തരുന്നു.

രണ്ടിൽ ഒന്ന് തിരഞ്ഞെടുക്കാം. ബുദ്ധിപൂർവ്വം, ആലോചിച്ച്, തീരുമാനമെടുക്കുക. പിന്നീടു ദു:ഖിക്കാൻ ഇടയാകാതിരിക്കട്ടെ.





## രണ്ടു പുസ്തകങ്ങളും ഒന്നിച്ചു വാങ്ങാം

''മരിച്ചവർ എവിടെ'', ''അടിസ്ഥാന വേദോപദേശങ്ങൾ'' എന്നീ പുസ്തകങ്ങൾ ഒന്നിച്ചു വാങ്ങിയാൽ പോസ്റ്റേജ് ലാഭിക്കാൻ കഴിയും. ഈ പുസ്തകങ്ങൾ **പോസ്റ്റിൽ ലഭിക്കുവാൻ** ഇന്ത്യയിൽ നൽകേണ്ട വില താഴെ കൊടുക്കുന്നു:

ഏതെങ്കിലും ഒരു പുസ്തകത്തിന്റെ ഒരു കോപ്പി- 50 രൂപ.
രണ്ടു പുസ്തകങ്ങളുടെയും ഓരോ കോപ്പി വീതം- 80 രൂപ.
രണ്ടു പുസ്തകങ്ങളുടെയും രണ്ടു കോപ്പികൾ വീതം- 150 രൂപ.
രണ്ടു പുസ്തകങ്ങളുടെയും അഞ്ചു കോപ്പികൾ വീതം- 350 രൂപ. കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർ ഓരോ പുസ്തകത്തിനും 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും പത്തു പുസ്തകത്തിന് 50 രൂപ എന്ന നിരക്കിൽ പോസ്റ്റേജും നൽകിയാൽ മതിയാകും. വിദേശത്തുള്ളവർ ഈമെയിൽ അയയ്ക്കുകയോ ഫോണിൽ ബന്ധപ്പെടുകയോ ചെയ്യുക.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 50 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.

# ചക്കിക്കൊത്ത ചങ്കരൻ

'കന്നു ചെന്നാൽ കന്നിൻ കൂട്ടത്തിൽ' എന്നൊരു ചൊല്ലുണ്ട്. അച്ചൻകുഞ്ഞ് ഇലന്തൂരിന്റെ കാര്യത്തിൽ ഇതു തികച്ചും ശരിയാണ്. സംശയമുള്ളവർ മരുപ്പച്ചയുടെ മെയ് 20 ലക്കം നോക്കുക.

'പെന്തക്കോസ്ത് മുന്നേറ്റം മലങ്കരസഭയ്ക്ക് യുവത്വം നൽകി: പി.ജി.മാത്യൂസ്' എന്നതാണ് അഞ്ചു കോളം വലിപ്പത്തിലുള്ള പ്രധാന വാർത്ത. പെന്തക്കോസ്ത് പ്രസ്സ് അസോസിയേഷന്റെ വഹയായി സംഘടിപ്പിച്ച ഒരു സെമിനാറിൽ പി.ജി.മാത്യൂസ് ഉദ്ഘാടനപ്രസംഗം നടത്തുന്നതിനിടയിലാണ് ഈ അത്ഭുതരഹസ്യം വെളിപ്പെടുത്തിയത്. പെന്തക്കോസ്തിലുള്ള വിവിധ പ്രസ്സ് അസോസിയേഷനുകളിൽ ഒന്നാണ് ഈ സാധനം. ഈ ചുമ്മാ സംഘടനയുടെ ഭാരവാഹികളും അവരുടെ ഭാര്യമാരും മറ്റുമാണ് സെമിനാറിൽ പങ്കെടുത്തത്. പക്ഷേ അതൊന്നുമല്ല പ്രധാന പ്രശ്നം. ചായക്കോപ്പയിലെ കൊടുങ്കാറ്റുപോലുള്ള ഈ പരിപാടി അജ്ഞനും മോഷണായിയും അഞ്ചുകോളം വാർത്തയാക്കിയതെന്തിന്? അത്ര വലിയ ഒരു സംഭവമായിരുന്നോ ഇത്?

മോഷണായി എന്തിന് ഇത് അഞ്ചുകോളം വാർത്തയാക്കി. മോഷണായി സ്റ്റേജിലും പെണ്ണുമ്പിള്ള സദസ്സിലും ഇരിക്കുന്ന പടം കൊടുത്തു ഞെളിയണമെങ്കിൽ വാർത്ത ഊതിവീർപ്പിക്കണമല്ലോ. പക്ഷേ അജ്ഞൻ ഈ വാർത്ത ഇത്ര പെരുപ്പിച്ചത് മറ്റു ചില ഉദ്ദേശ്യത്തോടെയാണ്. അതു വിശദീകരിക്കാം.

1. പെന്തക്കോസ്ത് പ്രസ്സ് അസോസിയേഷനു ബദലായി മറ്റൊരു സംഘടന തിരുവല്ലയിലുണ്ട്. അവരെ നിഷ്പ്രഭമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ സെമിനാർ സംഘടിപ്പിച്ചത്. അതുകൊണ്ട് ഈ മഹാസംഭവത്തിനു വാർത്താപ്രാധാന്യം കൊടുത്തേ പറ്റൂ.
2. തലക്കെട്ടായി കൊടുക്കാൻ വാർത്തകൾ ഏറെയൊന്നുമില്ല. അതുകൊണ്ട് ഈ വാർത്ത ഊതിപ്പെരുപ്പിച്ച് തലക്കെട്ടാക്കി.
3. പി.ജി.മാത്യൂസ് ബദൽ സംഘടനയ്ക്കൊപ്പമല്ല തങ്ങൾക്കൊപ്പമാണ് എന്നു മാലോകരെ അറിയിക്കണം. അതിനാണ് പി.ജി. മാത്യൂസിനെ മഹാനാക്കിയത്.
4. 'പെന്തക്കോസ്ത് മുന്നേറ്റം മലങ്കരസഭയ്ക്ക് യുവത്വം നൽകി' എന്നു പ്രചരിപ്പിക്കുന്നതിലൂടെ ഈ സർപ്പസന്തതി കടുത്ത ദുരുപദേശമാണു വിളമ്പുന്നത്. മലങ്കരയിലെ സഭയ്ക്ക് യുവത്വമില്ല എന്നതു മാത്രമായിരുന്നു കുഴപ്പമെന്നും പെന്തക്കോസ്ത് വന്നതോടെ അതും കിട്ടി എന്നുമാണു പറഞ്ഞുവയ്ക്കുന്നത്. എന്താണു സഭ? വീണ്ടും ജനനം പ്രാപിച്ചവരുടെ, രക്ഷിക്കപ്പെട്ടവരുടെ, കൂട്ടമാണു ദൈവസഭ. രക്ഷയുടെ ഉപദേശം പോലുമില്ലാത്ത പട്ടത്വസഭകൾക്കു ദൈവവുമായി ബന്ധമൊന്നുമില്ല. പെന്തക്കോസ്ത് ഉപദേശം കേരളത്തിൽ പ്രചരിച്ചപ്പോൾ യഥാർത്ഥ ദൈവസഭ കേരളത്തിൽ ഉണ്ടാകുകയാണു ചെയ്തത്. ഇതു മറച്ചുവച്ച് പി.ജി. മാത്യൂസും അജ്ഞനും ജനത്തെ തെറ്റിദ്ധരിപ്പിക്കുകയാണ്.
5. ഈ സെമിനാറിൽ ദേവ് അവതരിപ്പിച്ച പ്രബന്ധം നാലു പേജ് നീളത്തിൽ മരുപ്പച്ചയിൽ പ്രസിദ്ധീകരിച്ചതെന്തിന്? സെമിനാർ അത്യുഗ്രനായിരുന്നു എന്നു വരുത്തിത്തീർക്കുക എന്നത് ഒരു ലക്ഷ്യം. ദേവെന്ന ആത്മീയ ശവത്തെ കുത്തിപ്പൊക്കി നിർത്തി സാധുക്കളെ കബളിപ്പിക്കുക എന്നത് മറ്റൊരു ലക്ഷ്യം. ഈ തട്ടിപ്പുകൾ നാം തിരിച്ചറിയണം.

# സണ്ടേസ്ക്കൂളിന്റെ മറവിൽ തട്ടിപ്പിനു നീക്കം

ഐ.പി.സി സണ്ടേസ്ക്കൂൾ അസോസിയേഷന്റെ മറവിൽ തട്ടിപ്പിനു ശ്രമം. വിവിധ പ്രോഫഷണൽ കോഴ്സുകൾക്ക് സൗജന്യ നിരക്കിൽ പഠനം സാധ്യമാക്കും എന്നു പരസ്യം ചെയ്ത് തട്ടിപ്പു നടത്താനാണ് സണ്ടേസ്ക്കൂൾ നേതാക്കൾ ശ്രമിക്കുന്നത്. ഇതോടുള്ള ബന്ധത്തിൽ ഇവർ സകല പെന്തക്കോസ്ത് പത്രങ്ങൾക്കും പരസ്യം അയച്ചുകൊടുത്തു. ചില പത്രങ്ങൾ ഈ വാർത്ത പ്രസിദ്ധീകരിക്കുകയും ചെയ്തു.

സാധുക്കളായ പെന്തക്കോസ്ത് വിദ്യാർത്ഥികൾക്കു സൗജന്യമായി പഠിക്കാൻ വഴിയൊരുക്കുന്നു എന്നാണ് ഈ വാർത്ത വായിച്ചാൽ മിക്കവർക്കും തോന്നുക. പക്ഷേ അതല്ല സത്യമെന്ന് പിന്നീടാണറിയുക.

1. കേവലം 15 കുട്ടികൾക്കു മാത്രമാണ് സൗജന്യം ലഭിക്കുക. ഈ സൗജന്യവും ഒരു ട്രിക്കാണ്. കാരണം, ട്യൂഷൻ ഫീസ് മാത്രമാണു സൗജന്യം. ഹോസ്റ്റൽ ഫീസും മറ്റു ചെലവുകളും സൗജന്യമല്ല. ട്യൂഷൻ ഫീസ് മാത്രം സൗജന്യമായി ലഭിച്ചതുകൊണ്ട് ഒരു സാധുവിനും പഠനം നടത്താൻ പറ്റില്ല.
2. ജനറൽ നഴ്സിംഗിനു മാത്രമാണ് ട്യൂഷൻ ഫീ സൗജന്യം. ബിഎസ്സ്സി നഴ്സിംഗിനും മറ്റു കോഴ്സുകൾക്കും ഈ സൗജന്യമില്ല.
3. കൊടൈക്കനാൽ ക്രിസ്ത്യൻ കോളേജിൽ മാത്രം ട്യൂഷൻ ഫീസിൽ പകുതി ഇളവ്.
4. സാധുക്കളായ 50 ഹയർ സെക്കന്റി വിദ്യാർത്ഥികൾക്കു പഠനസഹായം നൽകും. എത്ര രൂപ? അതു പറയുന്നില്ല. എത്രയായാലും അത് സണ്ടേസ്ക്കൂൾ അസോസിയേഷന്റെ ഫണ്ടിൽ നിന്നാകുമല്ലോ നൽകുക. അതുകൊണ്ടു നേതാക്കൻമാർക്ക് നഷ്ടമൊന്നുമില്ല.

സണ്ടേസ്ക്കൂൾ നേതാക്കൻമാർക്ക് ഇപ്പോൾ ഈ ദീനാനുകമ്പ ഉണ്ടാകാൻ കാരണമെന്ത്? അതിന്റെ രഹസ്യം ഈ വാർത്തയിൽത്തന്നെയുണ്ട്:

''സണ്ടേസ്ക്കൂൾ ഡയറക്ടർ പാസ്റ്റർ വർഗീസ് മത്തായി, ജനറൽ സെക്രട്ടറി പാസ്റ്റർ സാം വർഗീസ് എന്നിവർ വിവിധ കോളേജുകൾ സന്ദർശിച്ച് അധികാരികളുമായി ചർച്ച ചെയ്ത് ധാരണ വരുത്തിയിട്ടുണ്ട്'' എന്നു വാർത്തയിൽ പറയുന്നു. ദൈവമക്കളേ, ഇതാണു കുറുക്കന്റെ ബുദ്ധി. സാധാരണക്കാർ നടത്തുന്ന വിദ്യാഭ്യാസക്കച്ചവടം ഈ വിരുതൻമാർ സണ്ടേസ്ക്കൂളിന്റെ മറവിൽ (അതായത് ഐ.പി.സിയുടെ മറവിൽ) നടത്തുന്നു. എന്താണ് യഥാർത്ഥത്തിൽ നടക്കുന്നത്? പറയാം. മേല്പടി ദീനാനുകമ്പക്കാർ വിവിധ കോളേജുകൾ സന്ദർശിക്കുകയും കുട്ടികളെ പിടിച്ചു കൊടുക്കാമെന്ന് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. എന്തെങ്കിലുമൊക്കെ സൗജന്യം നൽകാമെന്ന് ഓരോ കോളേജും സമ്മതിച്ചു. എത്ര രൂപ സൗജന്യം നൽകും എന്നു പറഞ്ഞതുമില്ല. ആയിരമോ രണ്ടായിരമോ രൂപ കുറച്ചു കൊടുത്താൽ സൗജന്യമായി. കുട്ടികളെ പിടിച്ചു കൊടുക്കുന്നതിനു കോളേജുകൾ കമ്മീഷൻ നൽകും. അത് ഈ വിശുദ്ധൻമാരുടെ പോക്കറ്റിലേക്കു പോകും. ജീവകാരുണ്യ പ്രവർത്തനം നടത്തി എന്നു പേരു കിട്ടും. പെട്ടി നിറയെ പണവും കിട്ടും. എപ്പടി?

ഐ.പി.സിയുടെ ജനറൽ പ്രസിഡന്റായ കെ.സി. ജോൺ ബഥനിയുടെ മറവിൽ ബിസിനസ്സ് നടത്തുന്നു. ശിങ്കിടികൾ സണ്ടേസ്ക്കൂളിന്റെ മറവിൽ കച്ചവടം നടത്തുന്നു. നേതാക്കൻമാർക്കു സുവിശേഷവേല ചെയ്യാൻ ഇപ്പോൾ നേരമില്ല. എങ്ങനെയെങ്കിലും പണമുണ്ടാക്കണം. അതിനായി നെട്ടോട്ടമോടുകയാണ്. ഒരു സംശയം: സണ്ടേസ്ക്കൂളിന്റെ പേരിൽ വിവിധ കോളേജുകൾക്കു പിടിച്ചു കൊടുക്കുന്ന കുട്ടികളിൽ ആർക്കെങ്കിലും പ്രശ്നമുണ്ടായാൽ ആരായിരിക്കും ഉത്തരവാദി? സണ്ടേസ്ക്കൂളോ ഈ നേതാക്കൻമാരോ? നാറുന്നത് ആരുടെ പേര്? ഐ.പി.സിക്കാർ സൂക്ഷിക്കുക.

**ജയ്മോഹന്റെ ബാല്യകാലസ്മരണ**



# ഇതു ചുമ്മാ ബി.ഡി.

ഗുഡ്ന്യൂസ് വീക്കിലിയുടെ മെയ് 16 ലക്കം, പേജ് 9ൽ കണ്ട ഒരു പരസ്യമാണ് ഈ കുറിപ്പിന് ആധാരം. ''എക്സ്റ്റെൻഷൻ പ്രോഗ്രാമിലൂടെ ബി.ഡി. ബിരുദം നേടാം'' എന്നാണു വാഗ്ദാനം. ''പാസ്റ്റർമാർക്കും സുവിശേഷകർക്കും മറ്റ് സഭാശുശ്രൂഷകന്മാർക്കും നാലു മാസം തോറുമുള്ള കോൺടാക്റ്റ് ക്ലാസ്സുകളിലൂടെ ബാച്ച്ലർ ഓഫ് ഡിവിനിറ്റി ബിരുദം നേടാം'' എന്നു വിശദീകരണം. സംഗതി കൊള്ളാമല്ലോ എന്ന് ആരും പറഞ്ഞുപോകും. പക്ഷേ സംഗതി ശുദ്ധ തട്ടിപ്പാണെന്നറിയുക. എന്താ കുഴപ്പം? പറയാം:

അംഗീകാരമുള്ള ബി.ഡി കോഴ്സിനു ചേരാനുള്ള കുറഞ്ഞ വിദ്യാഭ്യാസയോഗ്യത സർവ്വകലാശാലാബിരുദം അല്ലെങ്കിൽ ബി.റ്റി.എച്ച്. ആണ്. പക്ഷേ ഈ പരസ്യത്തിലെ ബി.ഡിക്കു ചേരാൻ ഇതൊന്നും ആവശ്യമില്ല. രണ്ടു വർഷത്തെ ശുശ്രൂഷാ പരിചയമുള്ള ആർക്കും ബി.ഡിക്കു ചേരാം. അക്ഷരാഭ്യാസം പോലും വേണമെന്നില്ല. നാലു മാസത്തിലൊരിക്കൽ രണ്ടു ദിവസം വീതം പഠിക്കുക. സംഗതി ഓകേ.

ഈ കോഴ്സിന് അംഗീകാരമുണ്ടോ? ഉണ്ടേയുണ്ട്. Affiliated to INA Theological Open University, Vellore, Tamilnadu എന്ന് പരസ്യത്തിൽത്തന്നെ പറയുന്നുണ്ട്. പോരായോ? മതി, സാധനം യൂണിവേഴ്സിറ്റിയാണല്ലോ. പക്ഷേ ഇന്ത്യയിലുള്ള എല്ലാ യൂണിവേഴ്സിറ്റികളുടെയും പേരുകളടങ്ങിയ പട്ടിക പരിശോധിച്ചാൽ ഈ പേരു കാണുകയില്ല. എന്തുകൊണ്ട്? ബാംഗ്ലൂരിലെ യെരൂശലേം യൂണിവേഴ്സിറ്റി പോലെയുള്ള ഒരു തട്ടിപ്പാണ് ഈ യൂണിവേഴ്സിറ്റിയും. ആരാണ് ഗുഡ്ന്യൂസിൽ ഈ പരസ്യം കൊടുത്തത്? മണർകാട്ടുള്ള ഏതോ ചങ്ങാതിയാണെന്ന് ഊഹിക്കാം. കിട്ടുന്ന ഏതു പരസ്യവും പ്രസിദ്ധീകരിക്കുക എന്നതാണോ ഗുഡ്ന്യൂസിന്റെ പോളിസി? ആണെങ്കിൽ ഗുഡ്ന്യൂസും മത്തങ്ങയുടെ പത്രവും തമ്മിൽ എന്താണു വ്യത്യാസം? പെന്തക്കോസ്ത് പത്രങ്ങൾ ഇത്ര തരംതാഴരുത്.

# മൈക്കിലൂടെ അന്യഭാഷ പറയുന്നവരുടെ ശ്രദ്ധയ്ക്ക്

അന്യഭാഷയിൽ സംസാരിക്കുന്നവൻ ദൈവത്തോടാണു സംസാരിക്കുന്നതെന്നു ദൈവവചനം പറയുന്നു. വ്യാഖ്യാനി ഇല്ലെങ്കിൽ സഭയിലിരുന്ന് ഉച്ചത്തിൽ അന്യഭാഷ പറയരുതെന്നു പൗലോസ് നിർദ്ദേശിക്കുന്നുമുണ്ട്. പക്ഷേ അമിതാത്മീയതയുമായി നടക്കുന്നവർക്ക് ഇതൊന്നും ശ്രദ്ധിക്കാൻ മനസ്സില്ല. അതുകൊണ്ട് അവർ ഏതു പരസ്യസ്ഥലത്തുവച്ചും അന്യഭാഷ പറയും. അനാവശ്യ കോലാഹലങ്ങൾ ഉണ്ടാക്കുകയും ചെയ്യും. പൊതുജനം ഇതൊക്കെ കാണുന്നുണ്ടെന്ന ചിന്തപോലും ഇത്തരക്കാർക്കില്ല. കൺവൻഷൻ സ്റ്റേജിലും ചാനലിലും ഒക്കെ അന്യഭാഷ പറയുന്നതിന്റെ ഫലമായി ഇപ്പോൾ മിമിക്രിക്കാരും അന്യഭാഷ പറയാൻ പഠിച്ചിരിക്കുന്നു. ഈയിടെ കൈരളി ചാനലിൽ സംപ്രേക്ഷണം ചെയ്ത ഒരു മിമിക്രി തന്നെ നല്ല ഉദാഹരണം. എന്തൊക്കെ കുറ്റം പറഞ്ഞാലും ഒന്നാംതരം അന്യഭാഷയാണ് ഈ മിമിക്രിക്കാർ പറയുന്നതെന്നു സമ്മതിക്കണം. (http://tsbalan.com/youtube.html)

# ആശംസാഗാനം അസ്സലായി

സംഭവം നടന്നതു കേരളത്തിന്റെ തെക്കേ അറ്റത്താണ്. ജനറൽ പ്രസിഡന്റും സ്റ്റേറ്റ് വൈസ് പ്രസിഡന്റും സണ്ടേസ്ക്കൂളിന്റെ ഡയറക്ടറും മറ്റും പങ്കെടുത്ത ഒരു വിവാഹമാണു രംഗം. സെന്ററിന്റെ സെക്രട്ടറിയുടെ മകളുടെ വിവാഹമാണ്. വിവാഹം കഴിഞ്ഞ് ആശംസ പൊടിപൊടിക്കുന്നതിനിടയിൽ സ്ഥലത്തെ ഒരു പ്രധാന ദിവ്യൻ ആശംസ പറയാൻ സ്റ്റേജിൽ കയറി. ഒരു ആശംസാഗാനത്തോടെയാണ് കക്ഷി ആരംഭിച്ചത്. ഗായകസംഘം മ്യൂസിക് നൽകി സഹായിച്ചു:

''പൂമുഖ വാതിൽക്കൽ സ്നേഹം വിടർത്തുന്ന  
പൂന്തിങ്കളാകുന്നു ഭാര്യ........  
ദു:ഖത്തിൻ മുള്ളുകൾ പൂവിരൽത്തുമ്പിനാൽ  
പുഷ്പങ്ങളാക്കുന്നു ഭാര്യ.....''

വിശുദ്ധൻ ഈ സിനിമാപ്പാട്ട് മുഴുവൻ പാടി. പ്രസിഡന്റും വൈസും ഡയറക്ടറും കസേരക്കാലിൽ താളം പിടിച്ചു. ചിലർ ഹാലേലൂയ്യായും സ്തോത്രവും പറഞ്ഞു. ആത്മാവിലായവരുമുണ്ട്. (ബലേ ഭേഷ്.)

# ചലോ അമേരിക്ക

കേരളത്തിലെ കൺവൻഷൻ സീസൺ അവസാനിച്ചു. അതുകൊണ്ട് അടുത്ത ആറു മാസം വിദേശവാസത്തിനുള്ളതാണ്. അമേരിക്കൻ വിസ കൈവശമുള്ളവരെല്ലാം അമേരിക്കയിലേക്കു പറക്കും. അതിനു കഴിയാത്തവർ ഇംഗ്ലണ്ടിലോ ഓസ്ട്രേലിയയിലോ പോകാൻ ശ്രമിക്കും. അതും നടന്നില്ലെങ്കിൽ ഏതെങ്കിലും ഗൾഫ് രാജ്യങ്ങളിലേക്കെങ്കിലും പോകും. ഇതൊന്നും നടക്കാതായാലോ? കുറഞ്ഞപക്ഷം ഒരു വടക്കേ ഇന്ത്യൻ ടൂറെങ്കിലും സംഘടിപ്പിക്കും. എല്ലാം ആത്മഭാരം ഒന്നുകൊണ്ടു മാത്രമാണു കേട്ടോ.

ഇത്തവണ ആരൊക്കെ പോകുമെന്നോ എവിടേക്കെല്ലാം പോകുമെന്നോ പറയാറായിട്ടില്ല. ചില പത്രക്കാർ ഇപ്പോൾത്തന്നെ ആത്മീയത കരകവിഞ്ഞൊഴുകുന്ന ലേഖനങ്ങളും മറ്റും പ്രസിദ്ധീകരിക്കാൻ തുടങ്ങിയിട്ടുണ്ട്. അടുത്ത ലക്കം ഡിഫെൻഡർ പുറത്തു വരുന്നതിനു മുമ്പായി ചിത്രം കൂടുതൽ വ്യക്തമാകും. അപ്പോൾ എല്ലാം വിശദമായി പറയാം. അടുത്ത ലക്കത്തിൽ ഒരു പേജ് ഈ ആത്മീയ തെണ്ടികൾക്കായി മാറ്റി വയ്ക്കുന്നതാണ്.



# കെ.പി.കുര്യനെതിരെ വീണ്ടും പടനീക്കം

ഐ.പി.സി ആമല്ലൂർ (തിരുവല്ല) സഭാശുശ്രൂഷകനായ കെ.പി.കുര്യനെതിരെ വീണ്ടും പടനീക്കം ആരംഭിച്ചു. ഇത്തവണ ശ്രീമാൻ അജ്ഞൻകുഞ്ഞ് ഇലന്തൂരിന്റെ നേതൃത്വത്തിലാണു യുദ്ധം. നാളിതുവരെ നടന്ന പടകളിലെല്ലാം ഐ.പി.സി തോറ്റു തുന്നം പാടി. അജ്ഞനും കൂട്ടരും ഓടിയ വഴിയിൽ ഇതുവരെ പുല്ലു മുളച്ചിട്ടുമില്ല. എന്നിട്ടും മതിയായില്ല. അതുകൊണ്ടാണ് വീണ്ടും പോരിനിറങ്ങുന്നത്.

ഒരു ദശാബ്ദത്തോളം മുമ്പ് റ്റി.എസ്.ഏബ്രഹാമിന്റെ മന:സാക്ഷിസൂക്ഷിപ്പുകാരനായിരുന്നു കെ.പി.കുര്യൻ. പക്ഷേ 2004 മുതൽ കാറ്റു മാറി വീശാൻ തുടങ്ങി. ഒടുവിൽ റ്റി.എസ്.ഏബ്രഹാം കെ.പി.കുര്യനെ ഐ.പി.സിയിൽ നിന്നു പുറത്താക്കുകയും ചെയ്തു. ഈ പുറത്താക്കലിനെതിരെ കെ.പി.കുര്യൻ കോടതിയെ ശരണം പ്രാപിച്ചു. കഴിഞ്ഞ വർഷം കോടതി കെ.പി.കുര്യന് അനുകൂലമായി വിധി പറഞ്ഞു. റ്റി.എസ്.ഏബ്രഹാം കെ.പി.കുര്യനെതിരായെടുത്ത നടപടി നിയമവിരുദ്ധമാണെന്നു കോടതി കണ്ടെത്തുകയും ആ ഉത്തരവു റദ്ദാക്കുകയും ചെയ്തു. കെ.പി.കുര്യനെതിരെ നിയമാനുസൃതം നടപടി എടുക്കുന്നതിന് ഈ വിധി തടസ്സമല്ലെന്ന് ഉത്തരവിൽ കോടതി വ്യക്തമാക്കിയിരുന്നു. ഈ പരാമർശത്തിന്റെ ബലത്തിലാണ് അജ്ഞനും കൂട്ടരും ഇപ്പോൾ പടനീക്കം നടത്തുന്നത്.

കെ.പി.കുര്യനെതിരെയെന്നല്ല ഐ.പി.സിയിലെ ഏത് അംഗത്തിനെതിരെയും നിയമാനുസൃതം നടപടിയെടുക്കുന്നതിന് ഈ രാജ്യത്തെ ഒരു കോടതിയും തടസ്സം നിൽക്കുകയില്ല. പക്ഷേ തക്കതായ കാരണം കൂടാതെയോ നടപടിക്രമങ്ങൾ പാലിക്കാതെയോ നടപടിയെടുത്താൽ അതു നിലനിൽക്കുകയില്ല. കെ.പി.കുര്യനെതിരെ സ്റ്റേറ്റ് കൗൺസിൽ നടപടിയെടുക്കണമെന്ന് മെയ് 24ന് നടന്ന കൗൺസിൽ മീറ്റിംഗിൽ അച്ചൻകുഞ്ഞ് ആവശ്യപ്പെട്ടു. എന്താണു കുര്യനെതിരായുള്ള പരാതി എന്നു ചില കൗൺസിൽ അംഗങ്ങൾ ചോദിച്ചപ്പോഴാണു കള്ളി വെളിച്ചത്തായത്. കെ.പി.കുര്യനെതിരെ ആരും സ്റ്റേറ്റ് കൗൺസിലിനു പരാതി നൽകിയിട്ടില്ല. പിന്നെങ്ങനെ നടപടിയെടുക്കും. അതുകൊണ്ട് അച്ചൻകുഞ്ഞ് ആദ്യം കെ.പി.കുര്യനെതിരെ ഒരു പരാതി നൽകുക. ആ പരാതി സ്റ്റേറ്റ് കൗൺസിൽ പരിഗണിക്കയും ഐ.പിസിയുടെ ബൈലോ അനുസരിച്ചു നടപടിയെടുക്കുകയും ചെയ്യട്ടെ. വെറുതെ കുര്യനെ പുറത്താക്കിയാൽ കുര്യൻ വീണ്ടും കേസ്സിനു പോകും. കോടതിയിൽ കുര്യൻ ജയിക്കുകയും ചെയ്യും.

# ഫോട്ടോയെടുപ്പു തുടങ്ങി

പഴയ മന്ത്രിസഭ പോയി. പുതിയ മന്ത്രിസഭ അധികാരമേറ്റു. അതോടെ അധികാര ദല്ലാളൻമാർ മന്ത്രിമാരോടൊപ്പം നിന്നു ഫോട്ടോയെടുക്കാനും തുടങ്ങി. എന്തിന്? ''ഞാനും മന്ത്രിയും വളരെ ക്ലോസ്സാ'' എന്നു മാലോകരെ അറിയിക്കാൻ. എന്നിട്ടുവേണം പിരിവു നടത്താൻ.

നിങ്ങൾ മൂന്നോ നാലോ മന്ത്രിമാരോടൊപ്പം നിൽക്കുന്ന ഫോട്ടോ നിങ്ങളുടെ കൈവശമുണ്ടെങ്കിൽ ജീവിതം കുശാലായി. എങ്ങനെ? പറയാം: ആർക്കെങ്കിലും എന്തെങ്കിലുമൊക്കെ കാര്യങ്ങൾ സാധിക്കാനുണ്ടെന്നറിഞ്ഞാൽ അവരെ സമീപിക്കുക. ഫോട്ടോ കാണിച്ചു മന്ത്രിയുമായുള്ള അടുപ്പം വ്യക്തമാക്കുക. പണം മുടക്കാൻ തയ്യാറാണെങ്കിൽ കാര്യം സാധിച്ചു കൊടുക്കാമെന്നു പറയുക. ഭൂരിപക്ഷം വിഡ്ഢികളും ഈ പ്രലോഭനത്തിൽ വീണുപോകും. പക്ഷേ കാര്യം സാധിച്ചു കൊടുക്കേണ്ടേ? അത് അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല. നിയമാനുസൃതം അപേക്ഷ അയക്കാൻ പറയുക. ചിലതിനൊക്കെ ഫലമുണ്ടാകും. ഫലമുണ്ടായാൽ അതു നിങ്ങളുടെ കഠിനപ്രയത്നം മൂലമാണെന്നു പറഞ്ഞ് കുറെ പണം കൂടി വാങ്ങുക. കാര്യം നടന്നില്ലെങ്കിൽ എന്തെങ്കിലുമൊക്കെ പറഞ്ഞു തടി തപ്പുക. നിങ്ങൾ മന്ത്രിയുടെ അടുത്ത പുള്ളിയായയണെന്നു ധരിച്ചു വച്ചിരിക്കുന്നതിനാൽ കക്ഷികൾ കൂടുതൽ പ്രശ്നമൊന്നും ഉണ്ടാക്കാൻ ധൈര്യപ്പെടുകയില്ല. രണ്ടും കല്പിച്ച് ആരെങ്കിലും പ്രശ്നത്തിനു വന്നാൽ വാങ്ങിയ പണം മടക്കി കൊടുത്ത് തലയൂരുക.

# കടമറ്റത്തു കത്തനാർ വീണ്ടും ഉഷാർ

കടമറ്റത്തു കത്തനാർ വീണ്ടും എത്തിയിരിക്കുന്നു. ചാനൽ മാറിയെന്നു മാത്രമല്ല കത്തനാർ അച്ചനുമായി. കത്തനാരായി വേഷമിടുന്നത് പ്രകാശ് പോൾ തന്നെ. ഇത്തരം കാര്യങ്ങൾ ഡിഫെൻഡറിന്റെ പരിഗണനയിൽ വരുന്ന വിഷയങ്ങളല്ല. എങ്കിലും ഈ വിഷയം ഇപ്പോൾ പറയാൻ കാരണമുണ്ട്. ഒരു വർഷം മുമ്പ് മരുപ്പച്ചയിൽ ഒരു വാർത്ത വന്നിരുന്നു: കത്തനാരായി വേഷമിടുന്ന പ്രകാശ് പോൾ മാനസാന്തരപ്പെട്ടു. ഇപ്പോൾ ഒരു പെന്തക്കോസ്ത് സഭയിൽ ആരാധനയ്ക്കു പോകുന്നു. ഇനി കത്തനാരാകുകയോ സീരിയലുകളിലും മറ്റും അഭിനയിക്കുകയോ ഇല്ല. ശുദ്ധ ആത്മീയനാകും. എത്ര വലിയവൻ രക്ഷിക്കപ്പെട്ടാലും അതിൽ സന്തോഷിക്കുകയോ അതു വാർത്തയായി പരിഗണിക്കുകയോ ചെയ്യാത്ത മരുപ്പച്ചയാണ് ഈ വാർത്ത പ്രസിദ്ധീകരിച്ചതെന്നോർക്കണം. അതുകൊണ്ട്, സംഗതി ശരിയാണെങ്കിൽ നല്ലതുതന്നെ എന്നു ഡിഫെൻഡറും പറഞ്ഞു. (ഡിഫെൻഡർ- 2010 മെയ് 1, പേജ് 9 നോക്കുക.)

ഇപ്പോഴിതാ സൂര്യാ ടി.വിയിൽ പഴയ കത്തനാർ അച്ചനായി വൈകിട്ട് 9ന് എത്തുന്നു. ഇതെന്തു മറിമായം? പ്രകാശ് പോളിന്റെ മാനസാന്തരത്തിന് ഏതാനും മാസങ്ങളുടെ ആയുസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളോ? പ്രകാശ് പോളിനെ സംബന്ധിച്ച് വാർത്ത പ്രസിദ്ധീകരിച്ച മരുപ്പച്ച തന്നെ ഇതിന് ഒരു വിശദീകരണം തരണം.

# എ.ജി. നേതൃത്വം പ്രതികരിച്ചിട്ടില്ല

എ.ജിയുടെ സെക്രട്ടറിയായ ചുമ്മാഡോ ബാബു ജോർജ് അന്യദൈവങ്ങൾക്കു സ്തുതി പാടിയിട്ട് ഒന്നര മാസം കഴിഞ്ഞു. പക്ഷേ എ.ജിയുടെ നേതാക്കൻമാരായ പി.എസ്.ഫിലിപ്പ്, കെ.ജെ.മാത്യു എന്നിവർ ഗുണമോ ദോഷമോ മിണ്ടിയിട്ടില്ല. അന്യദൈവാരാധനയാണ് ഏറ്റവും വലിയ പാപമെന്നു ദൈവവചനം പഠിച്ചിട്ടുള്ളവർക്കെല്ലാം നന്നായറിയാം. പക്ഷേ എ.ജിയിലെ നേതാക്കൻമാർ ഇത് ഒരു തണലായി കൊണ്ടുനടക്കുകയാണ്. ഊതിവീഴ്ത്ത്, ഉന്തിവീഴ്ത്ത്, സമൃദ്ധിയുടെ സുവിശേഷം തുടങ്ങി പ്രധാന ദുരുപദേശങ്ങളെല്ലാം പരത്തുന്നതിൽ പ്രധാന പങ്കു വഹിച്ചിട്ടുളളത് എ.ജിയിലെ നേതാക്കൻമാരാണ്. പക്ഷേ അന്യദൈവാരാധന നടത്തുന്നിടം വരെ ഇത് എത്തുമെന്നു കരുതിയില്ല. കുറെക്കാലം മിണ്ടാതിരുന്നാൽ ഇതൊക്കെ എല്ലാവരും മറക്കുമെന്നും അങ്ങനെ രക്ഷപ്പെടാമെന്നുമാണ് പി.എസ്.ഫിലിപ്പും കെ.ജെ.മാത്യുവും ബാബു ജോർജും കരുതുന്നതെന്നു തോന്നുന്നു. പക്ഷേ ഇത്ര ഗൗരവമുളള പാപം മറന്നുകളയാൻ ഡിഫെൻഡർ തയ്യാറല്ല. മിണ്ടാതിരുന്നു തടിതപ്പാമെന്ന് എ.ജി. നേതാക്കൻമാർ മോഹിക്കയും വേണ്ട.

# പിണ്ണാക്കിൽ കുറുക്കനോ?

ഇത്തവണത്തെ പിണ്ണാക്ക് സമ്മേളനത്തിൽ നീലക്കുറുക്കൻ പ്രസംഗിക്കുമോ? അനൗദ്യോഗികമായിട്ടെങ്കിലും കുറുക്കനു സമയം കൊടുക്കണമെന്ന് നേതൃസ്ഥാനത്തുളള ചിലർക്ക് ആഗ്രഹമുണ്ടായിരുന്നെന്നും ഡിഫെൻഡറിന്റെ ശല്യം കാരണം ആ പരിപാടി ഉപേക്ഷിച്ചെന്നുമാണ് അടുത്ത ദിവസങ്ങൾ വരെ കേട്ടിരുന്നത്. പക്ഷേ കുറുക്കനു സമയം കൊടുക്കാൻ കൺവീനറും മറ്റു ചിലരും അതീവ രഹസ്യമായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ഡിഫെൻഡർ പ്രശ്നമുണ്ടാക്കാതിരിക്കാൻ ഈ പദ്ധതി രഹസ്യമാക്കി വച്ചിരിക്കയാണെന്നും ഇപ്പോൾ അറിയുന്നു. ചിലർ ഇതെപ്പറ്റി കുറുക്കനോടു ചോദിച്ചപ്പോൾ സംഗതി സത്യമാണെന്ന് മറുപടി ലഭിച്ചതായും അറിയുന്നു. പിണ്ണാക്കിൽ കുറുക്കനു സമയം കൊടുത്താൽ കൺവീനറും കൂട്ടരും ഇനിയുള്ള കാലം തലയിൽ മുണ്ടും ഇട്ടു നടക്കേണ്ടതായി വരും. അതുകൊണ്ടു പിതൃശൂന്യത പുറത്തെടുക്കരുത്, ട്ടോ.

# വിവരംകെട്ടവൻ കൺവീനറായാൽ

വിവരംകെട്ടവൻ കൺവീനറായാൽ എന്തു സംഭവിക്കും? സ്റ്റേജിൽ കയറിനിന്നു വിവരക്കേടു വിളിച്ചു പറയും. ഈയിടെ ഡാളസ്സിൽ നടന്നതും ഇതുതന്നെ. വൽസൻ തമ്പുരാന്റെ നേതൃത്വത്തിൽ നടന്ന സമ്മേളനത്തിന്റെ അവസാന ഭാഗമാണു രംഗം. അടുത്ത വർഷം നടക്കാൻ പോകുന്ന ഐ.പി.സി. ഫാമിലി കോൺഫ്രൻസിലേക്ക് എല്ലാവരെയും ക്ഷണിക്കാൻ, ജനറൽ കൺവീനറായ ജയിംസ് ജോർജ് സ്റ്റേജിൽ കയറി. കക്ഷി പറഞ്ഞത് ഇങ്ങനെ: ''അപ്പന്റെ ശവമടക്കിനു മക്കളെ പ്രത്യേകം ക്ഷണിക്കേണ്ട കാര്യമില്ലല്ലോ.'' ഐ.പി.സി ഫാമിലി കോൺഫ്രൻസും അപ്പന്റെ ശവമടക്കും ഒന്നുപോലെയാണെന്നു ചുരുക്കം. 'ഉപമാ കാളിദാസസ്യ' എന്നതിനു പകരം ഇനി 'ഉപമാ കൺവീനറസ്യാ' എന്നാകുമോ ചൊല്ല് എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഫാമിലി കോൺഫ്രൻസിന്റെ കൺവീനറാക്കാൻ ഈ വിവരദോഷിയെയല്ലാതെ മറ്റാരെയും അമേരിക്കയിലെ ഐ.പി.സിക്കാർക്കു കണ്ടെത്താൻ കഴിഞ്ഞില്ലല്ലോ, കഷ്ടം!

# സപ്താഹപ്പായസം ബഹുകേമം

മലയാള മനോരമ - പത്തനംതിട്ട എഡിഷൻ

മെയ് 24 - പേജ് 4ൽ പ്രസിദ്ധീകരിച്ച വാർത്ത



## വലിയ മെത്രാപ്പൊലീത്തയ്ക്കു ക്ഷേത്ര വിശ്വാസികളുടെ സ്നേഹ സദ്യ

# വി.പിക്കു സ്വീകരണം കൊടുക്കണം

വി.പി.ഏബ്രഹാം വീണ്ടും ചാറ്റനൂഗ ക്രിസ്ത്യൻ അസംബ്ലിയിലെ പാസ്റ്ററായതിനാൽ ചാറ്റനൂഗയിലുളള സകല പെന്തക്കോസ്തുകാരും ചേർന്ന് ഇയാളെ ഔദ്യോഗികമായി സ്വീകരിക്കണം. ഡിഫെൻഡർ ഇങ്ങനെ പറയാൻ കാരണമുണ്ട്. ഏതാനും വർഷം മുമ്പ് ഇയാൾ ഇന്ത്യയിലേ വേലയ്ക്കെന്നു പറഞ്ഞു പോയപ്പോൾ ചാറ്റനൂഗയിലുളള സകല പെന്തക്കോസ്തുകാരും ചേർന്ന് യാത്രയയപ്പു നൽകുകയും നല്ലൊരു തുക പിരിച്ചു കൊടുക്കുകയും ചെയ്തതാണ്. അമേരിക്കയിലെ സുഖസൗകര്യങ്ങൾ വിട്ട് ഇന്ത്യയിൽ കർത്താവിനായി കഷ്ടം സഹിക്കാൻ പോകുന്ന ത്യാഗിക്ക് നല്ലൊരു തുക അന്നു കൊടുത്തതാണല്ലോ. 'പോന മച്ചാൻ തിരുമ്പി വന്താച്ച്' എന്ന ചൊല്ലുപോലെ പോയ വി.പി. ബൂമറാംഗ് പോലെ വീണ്ടും ചാറ്റനൂഗയിൽ വരിക മാത്രമല്ല പഴയ ലാവണത്തിൽത്തന്നെ കയറിപ്പറ്റുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് വി.പി.ഏബ്രഹാമിന് പഴയതുപോലെ ഒരു സ്വീകരണം ഒരുക്കണം. എന്നിട്ട് എല്ലാവരും 'ആദരാഞ്ജലി' അർപ്പിക്കണം. മാത്രമല്ല, അന്നു കൊടുത്ത പണം പലിശ സഹിതം തിരികെ വാങ്ങുകയും ചെയ്യണം.

# നീലക്കുറുക്കൻ എബ്രായ ഭാഷാപണ്ഡിതനായി

കുറുക്കന് എബ്രായഭാഷ അറിയാമോ? അറിയില്ല എന്നാണു കേട്ടത്. കോഴികളെ കാണുമ്പോൾ കുറുക്കൻ ചില ഭാഷകളൊക്കെ പറയുമെങ്കിലും അക്കൂട്ടത്തിൽ ഗ്രീക്കോ ഹീബ്രൂവോ ഉൾപ്പെടാറില്ല. എങ്കിലും കുറുക്കൻ അടുത്ത കാലത്ത് ഒരു എബ്രായഭാഷാ പഠനസഹായി പുറത്തിറക്കി. എങ്ങനെ? അതു വിശേഷിച്ചു പറയണോ? എബ്രായഭാഷ പഠിക്കാൻ ആഗ്രഹിക്കുന്നവർക്കു സഹായകമാകുന്ന നിരവധി പുസ്തകങ്ങൾ ഇംഗ്ലീഷിൽ ലഭ്യമാണ്. അവ വാങ്ങി സുന്ദരമായി കോപ്പിയടിച്ചു. അങ്ങനെ കുറുക്കൻ എബ്രായ ഭാഷാ പണ്ഡിതനായി. ഇതിനാണു കുറുക്കന്റെ ബുദ്ധി എന്നു പറയുന്നത്.

# മത്തങ്ങായും ഇമ്മിണി കൈവിഷവും

കൈവിഷം എന്നൊന്നുണ്ടോ? ഉണ്ടെങ്കിലും ഇല്ലെങ്കിലും കൈവിഷത്തിന്റെ ശക്തി ശ്രീമാൻ മത്തങ്ങ ഇപ്പോൾ അനുഭവിച്ചറിയുകയാണ്. സംഭവം ഇങ്ങനെ:

അടുത്ത കാലത്തായി മത്തങ്ങായ്ക്ക് വയറ്റിൽ വേദനയുണ്ടാകുന്നു. മരുന്നു കുടിച്ചിട്ടും മാറുന്നില്ല. എന്താണു കാരണമെന്നു പിടി കിട്ടുന്നുമില്ല. കുറച്ചധികം ആലോചിച്ചപ്പോൾ കാര്യം മനസ്സിലായി: സംഗതി കൈവിഷം തന്നെ. സംശയമില്ല.

ആരാണ് ഈ പണി പറ്റിച്ചത്? കുറെ ആലോചിച്ചപ്പോൾ അതും വ്യക്തമായി. തിരുവല്ലയിലുളള ഒരു ചങ്ങാതി തന്നെ. ശ്രീമാൻ മത്തങ്ങ ഇടയ്ക്കൊക്കെ ഈ സുഹൃത്തിനെ കാണാൻ പോകാറുണ്ടായിരുന്നു. അവിടെ നിന്നു ഭക്ഷണവും കഴിച്ചിട്ടുണ്ട്. അതിനിടയിൽ അയാൾ പറ്റിച്ച പണിയാണിത്. കഴിച്ച ഭക്ഷണത്തിലോ കുടിച്ച വെളളത്തിലോ കൈവിഷം ഇട്ടു കൊടുത്തു. പാവം മത്തങ്ങ അത് ആർത്തിയോടെ അകത്താക്കി. ഫലമോ? മാറാത്ത വയറ്റിൽ വേദന. ഇനി പറഞ്ഞിട്ടു ഫലമില്ലല്ലോ.

ഗുണപാഠം:

ശ്രീമാൻ മത്തങ്ങയെ വീട്ടിൽ കയറ്റരുത്. വെളളംപോലും കൊടുക്കുകയും അരുത്. അല്ലെങ്കിൽ ഇങ്ങനെ പലതും കേൾക്കേണ്ടതായി വരും.






RNI No. 68089 / 97
2011 June 1

THE DEFENDER

REGISTERED
KL/ALY/0031/2009-11

# ഐ.സി.പി.എഫ്. അധ:പതിക്കരുത്

സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് ഐ.സി.പി.എഫ്. വീണ്ടും ജനനം പ്രാപിച്ചവരും വിവരമുള്ളവരുമാണ് ഈ സംഘടനയുടെ നേതൃസ്ഥാനത്തുള്ളത്. അതുകൊണ്ട് ഡിഫെൻഡർ ഐ.സി.പി.എഫിനെ ഏറെയൊന്നും വിമർശിക്കേണ്ടതായി വന്നിട്ടില്ല. എങ്കിലും ഇത്തവണ ചില കാര്യങ്ങൾ പറയാതെ പറ്റില്ല.

ഐ.സി.പി.എഫിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ കൊളീജിയേറ്റ് ഫിഷർമാൻ ആണു പ്രശ്നത്തിനു കാരണമായിരിക്കുന്നത്. റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ഈ മാസികയുടെ വരിക്കാരനല്ല. ഇതിന്റെ കോപ്പി സൗജന്യമായി ലഭിക്കുന്നുമില്ല. എങ്കിലും ഏതാനും ദിവസം മുമ്പ് ഒരു ദൈവദാസൻ ഈ മാസികയുടെ ഏപ്രിൽ ലക്കം എനിക്ക് അയച്ചുതന്നു. ഐ.സി.പി.എഫിന്റെ മാസികയായതിനാൽ നല്ല നിലവാരമുള്ള പ്രസിദ്ധീകരണമായിരിക്കും ഇത് എന്ന പ്രതീക്ഷയോടെയാണ് വായന ആരംഭിച്ചത്. പക്ഷേ പ്രതീക്ഷിച്ചതൊന്നുമല്ല ഈ മാസികയിൽ കണ്ടത് എന്നു ദു:ഖത്തോടെ പറയട്ടെ. നിലവാരമുള്ള ഒരു ലേഖനം പോലും കണ്ടില്ലെന്നു മാത്രമല്ല ഈ മാസികയിൽ ഒരിക്കലും പ്രസിദ്ധീകരിക്കാൻ പാടില്ലാത്ത ഒരു സാധനം കാണുകയും ചെയ്തു. അതുകൊണ്ടാണ് ഈ കുറിപ്പ് എഴുതേണ്ടതായി വന്നത്.

മാസികയുടെ 19-ാം പേജിൽ 'ആസന്ന ഭാവിയിൽ എന്തെല്ലാം സംഭവിക്കും' എന്ന തലക്കെട്ടോടെ ഒരു ലേഖനമുണ്ട്. 'ളാഹയിൽ മത്തായി സാർ' ആണ് എഴുത്തുകാരൻ. ഇദ്ദേഹം മരിച്ചിട്ടു വർഷങ്ങൾ പലതായി. എങ്കിലും ലേഖകൻ പരേതനാണെന്നു മാസികയിൽ പറയുന്നില്ല. മരിച്ചവർ ലേഖനമെഴുതാറില്ല. അതുകൊണ്ട് ഈ ലേഖനം അദ്ദേഹം ഈ മാസികയ്ക്ക് എഴുതി അയച്ചുകൊടുത്തതല്ലെന്നു വ്യക്തം. മത്തായിസാറിന്റെ ഏതെങ്കിലും പുസ്തകത്തിൽ നിന്ന് എടുത്തതോ അല്ലെങ്കിൽ ഏതെങ്കിലും പ്രസിദ്ധീകരണത്തിൽ വന്നതോ ആകാം ഈ ലേഖനം. ഇത്തരം ലേഖനങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ അത് എവിടെ നിന്നു ലഭിച്ചതാണെന്നു വ്യക്തമാക്കണം. അതും ചെയ്തിട്ടില്ല. പരേതനായ മത്തായിസാർ ഏതാനും ദിവസം മുമ്പ് എഴുതി അയച്ചുകൊടുത്തതാണ് ഈ ലേഖനം എന്ന ഭാവത്തിലാണ് ഇതു പ്രസിദ്ധീകരിച്ചിരിക്കുന്നത്.

കോളേജുകളിൽ പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്യുന്നവർക്കുവേണ്ടിയായിരിക്കുമല്ലോ ഐ.സി.പി.എഫ് ഈ മാസിക പ്രസിദ്ധീകരിക്കുന്നത്. ഇത്തരമൊരു പ്രസിദ്ധീകരണം ശ്രീമാൻ മത്തങ്ങയുടെ പത്രത്തിന്റെ നിലവാരത്തിലെത്തുന്നത് ഒഴിവാക്കിയെ മതിയാകൂ. ഞാറ് ചോറിലിടാനും താണ്ടവമാടാനും മറ്റും മത്തങ്ങയ്ക്കു രണ്ടുവട്ടം ആലോചിക്കേണ്ടതില്ല. പക്ഷേ ആദ്യ വാചകത്തിൽത്തന്നെ 'ലോകത്തിന്റെ സ്തിതി' എന്ന് ഐ.സി.പി.എഫ് അടിച്ചു വിടുന്നത് കണ്ടില്ലെന്നു നടിക്കാൻ ഡിഫെൻഡറിനു സാധ്യമല്ല. ആസന്ന ഭാവിയിൽ 'വാഹനങ്ങളുടെ വിസ്താരം ഏറും' എന്നു പറയുന്നതിന്റെ പൊരുളെന്ത്? മാനവലോകം അഴലിച്ചയിൽ ആകാൻ പോകുകയാണ് എന്നു ലേഖകൻ പറയുന്നു. 'അഴലിച്ച' എന്നാൽ എന്ത്? 'ഒരു ശക്തനായ ഏകാധിപതിയെക്കുറിച്ചുള്ള ആകാംഷ അഭിലഷിക്കും മനുഷ്യർ' എന്നതാണ് മറ്റൊരു കണ്ടുപിടുത്തം. മലയാളഭാഷയിൽ കുറെ പുതിയ വാക്കുകളും പ്രയോഗരീതികളും ലേഖകൻ ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്.

അക്ഷരത്തെറ്റുകൾ മാത്രമല്ല ഭാഷയിൽ എന്തൊക്കെ തെറ്റുകൾ വരുത്താൻ കഴിയുമോ അതെല്ലാം ഈ ലേഖനത്തിലുണ്ട്. ഒരു തെറ്റെങ്കിലുമില്ലാത്ത വാചകം ഇല്ലെന്നുതന്നെ പറയാം. എഴുതിവച്ചിരിക്കുന്നതു ശുദ്ധ വിവരക്കേടാണെന്നതു വേറെ കാര്യം. ഇത്തരത്തിലൊരു ലേഖനം എങ്ങനെ ഐ.സി.പി.എഫിന്റെ മാസികയിൽ പ്രസിദ്ധീകരിക്കാനിടയായി എന്നറിഞ്ഞുകൂടാ.

അത്യന്തം രസകരമായ ഒരു വാചകത്തോടെയാണ് കക്ഷി ഈ ലേഖനം അവസാനിപ്പിക്കുന്നത്. ''ഈ മണ്ണുലകിന് മറുവില നൽകാൻ നരവംശത്തിന് മുഴുവിലയേകാൻ അടിമുടിയൊരു പോൽ ഇടിയടിയേറ്റ്, മഹാബലിയായി അർപ്പിച്ചുതിരുമേനി, ക്രൂശിങ്കൽ ആ തിരുനിണം ചിന്തിയ നാഥനിലാണ്, നിന്റെ ജീവിതമെങ്കിൽ വാഴാം ആയിരമാണ്, പിന്നെ കോടാകോടിക്കാലം നാഥൻ തീർത്തൊരു പുത്തൻ വീട്ടിൽ ദൂതൻമാരൊത്തു പാർക്കാം.''

ഇത്ര അറുവഷളൻ മലയാളത്തിലെഴുതാൻ അവറാൻ പോലും ധൈര്യപ്പെടുമെന്നു തോന്നുന്നില്ല. പക്ഷേ ഐ.സി.പി.എഫിന് ഈ സാധനം സ്വന്തം മാസികയിൽ അടിച്ചുവിടാൻ ലജ്ജ തോന്നിയുമില്ല.

ഐ.സി.പി.എഫിന്റെ മാസികയിൽ ഇത്തരമൊരു വികൃതി എങ്ങനെ വന്നു എന്ന് വേണ്ടപ്പെട്ടവർ അന്വേഷിക്കണം. ആരെങ്കിലും അയച്ചുകൊടുത്ത ലഘുലേഖ വായിച്ചുനോക്കുക പോലും ചെയ്യാതെ പ്രസിദ്ധീകരിച്ചതാണോ? ഒന്നു ചോദിക്കട്ടെ, ആരാണ് ഏപ്രിൽ ലക്കം എഡിറ്റു ചെയ്തത്? ആരായാലും ആ വിദ്വാന് തക്കതായ ഒരു സമ്മാനം കൊടുക്കണം. മത്തങ്ങ പുല്ലാട്ടുകാരനു കൊടുത്തതുപോലെ ഒരു 'ക്രൈസ്തവസാഹിത്യരത്നം' ആയാൽ ഏറെ നന്ന്.

ഡിഫെൻഡർ സകലരുടെയും ദോഷങ്ങൾ മാത്രം പറയുന്ന പത്രമാണെന്നും അതുകൊണ്ടാണ് ഇങ്ങനെയൊക്കെ പറയുന്നതെന്നും വിധിക്കുന്നവരുണ്ടാകാം. അതുകൊണ്ട് ഈ മാസിക മലയാളം അറിയാവുന്ന ആരെയെങ്കിലും കാണിക്കുക. ഏതെങ്കിലും കോളേജിൽ മലയാളം പഠിപ്പിക്കുന്ന അധ്യാപകനെ കാണിച്ചാൽ മതി. ഡിഫെൻഡറിന്റെ വിലയിരുത്തൽ എത്രത്തോളം ശരിയാണെന്ന് അപ്പോൾ മനസ്സിലാക്കാം.

ലൂയീസ്കുട്ടി എന്ന വിശുദ്ധന്റെ ലേഖനവും ഏപ്രിൽ ലക്കത്തിൽ കണ്ടു. മത്തങ്ങായുടെ പത്രത്തിലെ സ്ഥിരം എഴുത്തുകാരനാണ് ലൂയീസ്കുട്ടി. നീ ആരെന്നറിയാൻ നിന്റെ സ്നേഹിതൻ ആരെന്നറിഞ്ഞാൽ മതി എന്നാണല്ലോ പ്രമാണം. മത്തങ്ങായെ വീട്ടിൽ വിളിച്ചു കയറ്റി ശാപ്പാടു കൊടുക്കുകയും പണം കൊടുത്ത് ലേഖനം പ്രസിദ്ധീകരിപ്പിക്കയും മറ്റും ചെയ്യുന്ന ഈ ചങ്ങാതി ഏതു തരക്കാരനാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഇത്തരം വൃത്തികേടുകൾ കാണിക്കാനുള്ള സ്വാതന്ത്ര്യം ലൂയീസ്കുട്ടിക്കുണ്ട്. പക്ഷേ ഇങ്ങനെയുള്ള ഒരാളിൽ നിന്നല്ല കുട്ടികൾ പാഠം പഠിക്കേണ്ടത്. ഒരു കച്ചിപ്പത്രത്തിലൂടെ ലഭിക്കുന്ന പ്രശസ്തിക്കുവേണ്ടി മാന്യത കളഞ്ഞു കുളിക്കാൻ മടിയില്ലാത്ത ലൂയീസ്കുട്ടിയുടെ ലേഖനം ഇനി ഐ.സി.പി.എഫിന്റെ മാസികയിൽ വരാതിരിക്കാൻ വേണ്ടപ്പെട്ടവർ ശ്രദ്ധിക്കണം. ഡിഫെൻഡറിനു ജോലി ഉണ്ടാക്കി വയ്ക്കരുത് എന്നു ചുരുക്കം. കാര്യം പിടികിട്ടിക്കാണുമെന്നു കരുതുന്നു.

നൂറുകണക്കിനു കുട്ടികളെ രക്ഷയിലേക്കു നടത്താൻ ഐ.സി.പി.എഫിനു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടു സാത്താൻ ഐ.സി.പി.എഫിനെ തകർക്കാൻ ശ്രമിക്കുമെന്നു വ്യക്തം. സാത്താന്റെ തന്ത്രങ്ങൾ തിരിച്ചറിയാനും ആവശ്യമായ നടപടി സ്വീകരിക്കാനും ഐ.സി.പി.എഫിന്റെ നേതാക്കൻമാർക്കു കഴിയണം.

ഡിഫെൻഡറിന്റെ ഈ വിമർശനം നല്ല അർത്ഥത്തിൽ എടുക്കാനും തെറ്റു തിരുത്താനും ഐ.സി.പി.എഫിനു കഴിഞ്ഞാൽ നന്ന്. അല്ലെങ്കിൽ ഈ മാസിക മത്തങ്ങയുടെ പത്രം പോലെയാകും. കുട്ടികൾ ഫ്ളോറിഡാക്കവിത ചൊല്ലേണ്ടതായും വരും. അത്തരമൊരു സ്ഥിതി ഐ.സി.പി.എഫിൽ ഉണ്ടാകാതിരിക്കട്ടെ.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**


Printed, Published and Owned by T.S.Balan, Anand Bhavan, Valayanchirangara P.O., Ernakulam District, Kerala, Pin. 683556. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala, 683542. Published at Anand Bhavan, Valayanchirangara P.O., Ernakulam District, Kerala, Pin. 683556. Editor: T.S.Balan